നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി

Volume - 9 Issue - 12 December 2020



മറയ്ക്കുന്നവ
തടയുന്നവ
കൊണ്ടുവരുന്നവ

പേജ് 9

വില 20 രൂപ



Editorial

പ്രകാശം പ്രശോഭിക്കട്ടെ

പ്രകാശത്തിനു അന്ധകാരത്തെ ഭയപ്പെടുവാനില്ലല്ലോ. ഒരു മെഴുകുതിരിയുടെ പ്രകാശം പോലും കൂരിരുളിനെ ഒരളവുവരെ കീഴടക്കുവാൻ പര്യാപ്തമാണ്. ലോകം അന്ധകാര പൂരിതമാണെന്നു നൂറ്റാണ്ടുകളായി ശ്രേഷ്ഠചിന്തകർ പറഞ്ഞുതരുന്ന പരമാർത്ഥമാണ്. ഇന്നു നമുക്ക് ചുറ്റും നടന്നുകൊണ്ടിരിക്കുന്ന അഴിമതിയും അതിക്രമങ്ങളും തുടങ്ങി എല്ലാ തിന്മകളുടെയും അതിവേഗ വർദ്ധനവ് നമ്മിൽ ഉളവാക്കുന്ന ആശങ്ക ചെറുതല്ല. അന്ധകാരത്തിന്റെ ഈ അതിപ്രസരത്തിനു പ്രതിവിധി പ്രകാശം എന്നു തന്നെയല്ലേ? എങ്കിൽ അത് നമ്മിലേക്കല്ലേ വിരൽ ചൂണ്ടുന്നത്? നാം ഉണർന്നു പ്രകാശിക്കേണ്ടത് കാലഘട്ടത്തിന്റെ കൂടെ ആവശ്യമാണ്.

നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു എന്ന് യേശുകർത്താവ് അരുളിച്ചെയ്തു. ലോകം നമ്മെ തിരിച്ചറിയേണ്ടത് സൽപ്രവൃത്തികൾ വെളിച്ചമായി നമ്മിൽ ശോഭിക്കുന്നതിലൂടെയാണ് (മത്തായി 5 :16). വെളിച്ചം കർമ്മനിരതമാകുമ്പോൾ പ്രകാശം പരക്കുന്നു. ക്രിസ്തുവിനെ അനുകരിക്കുന്നതിൽ നാം കർമ്മനിരതരായാൽ നമ്മിലെ പ്രകാശം പ്രശോഭിതമാകും. ദൈവം നമ്മെ നിയമിച്ചിരിക്കുന്ന പ്രവർത്തന മേഖലകളിൽ സത്യസന്ധതയും വിശുദ്ധിയും അടങ്ങുന്ന ധാർമിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചാൽ ലോകത്തിനു തെല്ലു വെളിച്ചം പകർന്നുകൊടുക്കുവാൻ ഇടയാകും. ഇത്തരത്തിലാണ് നാം ക്രിസ്തുവിനെ ഈ തലമുറയിൽ ഉയർത്തേണ്ടത്. ഈ ലക്കത്തിലെ സന്ദേശം ഈ വിഷയത്തിൽ നമ്മെ പ്രബുദ്ധരാക്കുന്നു. സാജുവിന്റെ 'പരിശോധന ക്രിസ്തീയ വീക്ഷണത്തിൽ' എന്ന ലേഖനം ഉൾക്കാഴ്ച പകരുന്ന ഉത്തമമായ ഒന്നാണ്. യഥാർത്ഥ മാനസാന്തരത്തിന്റെ ഉള്ളറകളിലേക്ക് വെളിച്ചം പകരുന്നതാണ് ഫ്രാങ്കിപ്പെന്റെ ലേഖനം. ക്രിസ്തുവിനെ മറയ്ക്കുന്നവരും, തങ്കലേക്കുള്ള വഴി തടയുന്നവരും തന്നിലേക്ക് അടുപ്പിക്കുന്നവരും എന്ന വിഷയത്തെക്കുറിച്ചു വ്യത്യസ്തമായ ചിന്തയാണ് ബാബു ചെറിയാന്റെ ലേഖനം.

2020 ഡിസംബർ ലക്കം പ്രസിദ്ധീകരിക്കുന്നതോടു കൂടി ഒൻപതു വർഷം പിന്നിടുവാൻ സർവ്വശക്തൻ കൃപ നൽകി. ദൈവത്തിൽ ആശ്രയിച്ചു പത്താം വർഷത്തിലേക്കു പദമൂന്നുവാൻ ചില ദിനങ്ങൾ മാത്രം. സർവ്വശക്തനായ ദൈവത്തിനു ഹൃദയംഗമം ആയ നന്ദി കരേറ്റുന്നു. ഒപ്പം മാന്യ വായനക്കാരുടെ പ്രാർത്ഥനയും സഹകരണവും ഞങ്ങൾ ഓർക്കുന്നു. എഴുത്തുകാരായ എല്ലാ പ്രിയപ്പെട്ടവരെയും പരിശുദ്ധാത്മ പ്രേരിതമായ, ചിന്തോദ്ദീപകങ്ങളായ ലേഖനങ്ങൾ എഴുതുന്നതിൽ ദൈവം സഹായിച്ചു. പ്രത്യക്ഷമായും പരോക്ഷമായും ഞങ്ങളെ സഹായിച്ച എല്ലാ അഭ്യുദയ കാംഷികളെയും ദൈവസന്നിധിയിൽ ഓർക്കുന്നു. പ്രശ്നസങ്കീർണവും ഉത്കണ്ഠാകുലവും ആയ ഒരു വർഷമാണ് നമ്മെ വിട്ടു കടന്നു പോകുന്നത്. മധുരസ്മരണകൾ തുലോം കുറവായ ഒരു വർഷം. ലോകത്തെ ആകമാനം മുൾമുനയിൽ നിർത്തിയ വൈറസ് ബാധ ഓർമയിലും ചരിത്രത്തിലും അത്യപൂർവം തന്നെ. സാഹചര്യങ്ങൾ അനുകൂലമായാലും പ്രതികൂലമായാലും ദൈവത്തിൽ ആശ്രയിച്ചു മുന്നേറുന്നവർക്ക് മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു ആശ്വാസമായിരിക്കും എന്ന കാര്യത്തിൽ രണ്ടുപക്ഷമില്ല. പുതിയ വർഷത്തിൽ പുതിയ കൃപകളോടും പുതിയ ശക്തിയോടും ചുവടുകൾ വയ്ക്കുവാൻ എല്ലാവരുടെയും പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

അബ്രഹാമിനെ പോലെ പരിപൂർണമായി ദൈവീക നടത്തിപ്പിൽ ആശ്രയിച്ചും, ഹാനോക്കിനെ പോലെ സ്വർഗീയ പിതാവിനോടുള്ള നിസീമമായ കൂട്ടായ്മയിൽ ദൈനംദിനം നടന്നും, ഇയ്യോബിനെ പോലെ ഏതു പരിതസ്ഥിതിയിലും സഹിഷ്ണുത കാണിച്ചും, അന്ത്രയാസിനെ പോലെ സഹോദരനെ ക്രിസ്തുവിങ്കലേക്കു നടത്തിയും, യോഹന്നാനെ പോലെ ഗുരുവിന്റെ മാറോടു ചാരിയും, സ്തേഫാനോസിനെ പോലെ ദ്രോഹിക്കുന്നവരോട് ക്ഷമിച്ചും, കർത്താവിനെ പോലെ ഭൗമീകമായ എല്ലാ പ്രലോഭനങ്ങളെയും കീഴടക്കിക്കൊണ്ടും, ഈ ലക്ഷ്യങ്ങൾ പ്രാപിക്കുവാൻ നമ്മിൽ തന്നെ ശക്തിയില്ലാത്തതിനാൽ "എന്നെ ശക്തനാക്കുന്ന ക്രിസ്തുവിൽ കൂടെ മതിയായവനായി തീരും" എന്ന വാഗ്ദത്തത്തെ മുറുകെ പിടിച്ച്, പുതുവർഷത്തിൽ ശക്തരായി മുന്നേറുവാൻ എല്ലാ വായനക്കാരെയും പ്രചോദിപ്പിച്ചും, പ്രാർത്ഥിച്ചും കൊണ്ട് അനുഗ്രഹീതമായ ഒരു പുതിയ വർഷം ആശംസിക്കുന്നു, ഡിസംബർ ലക്കം വായനക്കാർക്കായി സമർപ്പിക്കുന്നു.

പുസ്തകം 9 ലക്കം 12
ഡിസംബർ 2020

ഈ ലക്കത്തിൽ

ഉണരുക; പ്രകാശിക്കുക 4
ജോയ് എം. തോമസ്

പരിശോധനകൾ ക്രിസ്തീയ വീക്ഷണത്തിൽ 7
സാജു മാത്യു

മറയ്ക്കുന്നവർ, തടയുന്നവർ, കൊണ്ടുവരുന്നവർ 9
ബാബു ചെറിയാൻ

ദൈവം വിശുദ്ധമെന്നു വിളിക്കുന്ന മാനസാന്തരം 11
ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

പാപസംബന്ധമായി മരിച്ചവർ,.... 13
ചെയ്സ് ജോസഫ്

വാർത്താവീഥി 15

കോപത്തോട് വിട പറയൂ 16
ഡോ.സുജിത്ത് സൈമൺ

നിന്റെ ഈ ബലത്തോടെ പോക 18
എം ടി ജെയിംസ്

വനിതാ വീഥി 21
സുനന്ദ കോശി

സാരോപദേശങ്ങൾ 23
എൽസി ജോയ്

യേശുവിന്റെ ശുശ്രൂഷ... 24

വേദ അധ്യയനം 25
ജോയ് എം. തോമസ്

ദൈവിക സ്രോതസിന്റെ മാഹാത്മ്യം 31
എംസി

മാനേജിങ് എഡിറ്റർ
ജോയ് എം. തോമസ്

എഡിറ്റർ
പി.വി വർഗീസ്

കൺസൾട്ടന്റ് എഡിറ്റർ
എം.സി. കുര്യൻ

പ്രിന്റർ & പബ്ലീഷർ
എം.റ്റി. ജയിംസ്

മാനേജർ
ഷാജി ഉമ്മൻ

അഡ്വൈസറി ബോർഡ്
സുവി. പി.ഐ. ഏബ്രഹാം
പാസ്റ്റർ ബാബു ചെറിയാൻ
പാസ്റ്റർ കെ.ജെ. മാത്യു
ഡോ. മാത്യു ഫിന്നി
ഡോ. സി.റ്റി. ലൂയിസ്കുട്ടി

ഗ്രാഫിക്സ്
ഷൈൻ കെ. സാമുവൽ

Address :

Righteous Path Publication Trust
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

Office : 9495 435 336
Editor : 9495 213 269
E-mail: editornerveedhi@gmail.com

www.nerveedhi.com

Edited by P.V Varghese, Printed and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.

Annual Subscription `200.00



ജോയ് എം. തോമസ്

ഉണരുക; പ്രകാശിക്കുക

ചുറ്റും മരിച്ചുകിടക്കുന്നവർ; അവർക്കിടയിൽ കിടന്നു ഉറങ്ങുവാൻ ആർക്കാണ് കഴിയുക? അങ്ങനെ ഉറങ്ങുന്നവരെക്കുറിച്ചു നിങ്ങൾ കേട്ടിട്ടുണ്ടോ? ഇല്ലേ, ഇല്ല എന്നായിരിക്കും നിങ്ങളുടെ മറുപടി. എന്നാൽ അപ്രകാരം ഒരു കൂട്ടരെക്കുറിച്ചുള്ള സൂചന അപ്പോസ്തലനായ പൗലോസ് നൽകുന്നു. അക്കൂട്ടത്തിൽ നമ്മിൽ ആരെങ്കിലും ഉണ്ടോ എന്നു പരിശോധിക്കുക.

"അതുകൊണ്ടു ഉറങ്ങുന്നവനേ, ഉണർന്നു മരിച്ചവരുടെ ഇടയിൽനിന്നു എഴുന്നേൽക്ക; എന്നാൽ ക്രിസ്തു നിന്റെ മേൽ പ്രകാശിക്കും" എന്നു ചൊല്ലുന്നു (എഫേസ്യർ 5 : 14).

മരിച്ചവർ എന്നു പരാമർശിക്കുന്നത് ആരെക്കുറിച്ചാണ്? അവർക്കിടയിൽ കിടന്ന് ആരാണുറങ്ങുന്നത്? ക്രിസ്തുവിൽ വിശ്വസിച്ച് ദൈവമക്കളായവരും അല്ലാത്തവരും തമ്മിൽ വലിയ ഒരു വ്യത്യാസമാണ് ജീവിതത്തിൽ വെളിപ്പെടുന്നത്. ഇരുട്ടിൽ ജീവിക്കുന്നവരും വെളിച്ചത്തിൽ ജീവിക്കുന്നവരും തമ്മിലുള്ള അന്തരം! വാസ്തവത്തിൽ നമ്മെ വ്യത്യസ്തരാക്കുന്നത് നമ്മുടെമേൽ പ്രകാശിക്കുന്ന വെളിച്ചമാണ്. ആ വെളിച്ചം ക്രിസ്തു നമ്മുടെമേൽ പ്രകാശിക്കുന്നതാണ്.

പ്രകാശം ജീവൻ പകരുന്നതാണ്; ഇരുട്ട് മരണവും! ക്രിസ്തുവിന്റെ പ്രകാശത്തിൽ നിത്യജീവന്റെ ധാരയാണ് ഒഴുകുന്നത്. "സകലവും അവൻ മുഖാന്തരം ഉളവായി; ഉളവായതു ഒന്നും അവനെക്കൂടാതെ ഉളവായതല്ല. അവനിൽ ജീവൻ ഉണ്ടായിരുന്നു. ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു; വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു. ഇരുളോ അതിനെ പിടിച്ചടക്കിയില്ല" (യോഹന്നാൻ 1 : 3-5).

ജീവനും പ്രകാശവും ഇണകളാണ്; അവ ഒന്നിന്റെ തന്നെ രണ്ടു വശങ്ങൾ ആണ്. നമുക്കു കാണണമെങ്കിൽ, നമ്മുടെ കണ്ണുകൾക്കു ജീവനും പുറത്തു വെളിച്ചവും ഉണ്ടായിരിക്കണം! നിത്യജീവൻ ലഭിച്ചവർക്കു അവരുടെമേൽ പ്രകാശിക്കുന്ന ക്രിസ്തുവിൽ നിത്യതയുടെ മനം കവരുന്ന കാഴ്ചകൾ കാണുവാൻ കഴിയുന്നു. അവർ ഇരുളിന്റെ നിഷ്ഫല പ്രവൃത്തികളിൽ കൂട്ടാളികളാകാതെ വെളിച്ചത്തിൽ നടന്നുകൊണ്ട് അവരുടെ ലക്ഷ്യസ്ഥാനമായ ക്രിസ്തുവിനെ നേടി നിത്യതയുടെ സൗഭാഗ്യങ്ങൾ സ്വായത്തമാക്കുന്നു.

ഉറങ്ങുന്നവൻ ജീവനുള്ളിൽ ഉള്ളവനെങ്കിലും കർമ്മനിരതനല്ല. അപ്പോൾ അവൻ നിരുത്തരവാദിയും നിർവികാരനും ഫലപ്രാപ്തി ഇല്ലാത്തവനുമാണ്. നാം ചിന്തിക്കുന്ന വേദഭാഗത്ത് വിവക്ഷിക്കുന്ന ഉറക്കം വിശ്രമത്തിനു ദൈവം ദാനം ചെയ്യുന്ന ഉറക്കമല്ല. അത് അലസന്റെ അസ്സൽ ഉറക്കമാണ്. കിടന്നുറങ്ങുന്നതു

ഉറങ്ങുന്നവൻ ജീവനുള്ളിൽ ഉള്ളവനെങ്കിലും കർമ്മനിരതനല്ല. അപ്പോൾ അവൻ നിരുത്തരവാദിയും നിർവികാരനും ഫലപ്രാപ്തി ഇല്ലാത്തവനുമാണ്.നാം ചിന്തിക്കുന്ന വേദഭാഗത്ത് വിവക്ഷിക്കുന്ന ഉറക്കം വിശ്രമത്തിനു ദൈവം ദാനം ചെയ്യുന്ന ഉറക്കമല്ല. അത് അലസന്റെ അസ്സൽ ഉറക്കമാണ്.

തന്നെ മരിച്ചവരുടെ ഇടയിൽ ആണ്; മരിച്ചവർക്കു തുല്യൻ!

പലരുടെയും ആത്മീക ജീവിതം ഇതു പോലെയാണ്. ഒരിക്കൽ ക്രിസ്തുവിന്റെ പ്രകാശത്തിൽ വന്നവരായിരുന്നു എങ്കിലും ഇപ്പോൾ ഇരുളിൽ ആയിത്തീർന്നിരിക്കുന്നു; തികച്ചും പിന്മാറ്റത്തിന്റെ അവസ്ഥയിൽ. ഈ അവസ്ഥ തുടർന്നാൽ മരിച്ച് മരിച്ചവരോടൊപ്പം ആയിത്തീരും. അതുകൊണ്ട് അവർക്കുള്ള പ്രബോധനവും ആഹ്വാനവുമാണ് – "ഉറങ്ങുന്നവനേ, ഉണർന്നു മരിച്ചവരുടെ ഇടയിൽ നിന്നു എഴുന്നേൽക്ക."

ഉണരുന്നവൻ ഒന്നാമതു താൻ എവിടെയാണ് കിടക്കുന്നതെന്നു തിരിച്ചറിയും. തന്റെ ഭോഷത്വവും അതിന്റെ ഭവിഷ്യത്തും തിരിച്ചറിയും. തെറ്റ് തിരുത്താൻ തയ്യാറായി, തന്റെ ചിന്താഗതികൾക്കു മാറ്റം സംഭവിച്ച് മനസ്സിനു രൂപാന്തരം ഉണ്ടാകുന്നു. ഇത്തരത്തിലുള്ള മാനസാന്തരവും തൻനിമിത്തം ഉണ്ടാകുന്ന ആത്മീക നവോത്ഥാനവുമാണ് ഇന്നു നമുക്കു അത്യാവശ്യമായിരിക്കുന്നത്.

ഉണർന്നു മരിച്ചവരുടെ ഇടയിൽ നിന്ന് ജീവനുള്ളവരുടെ കൂട്ടത്തിൽ ചേർന്നു നില്ക്കുക. മരിച്ചവരുടെ ഇടയിൽ എങ്ങനെ ഇത്ര നാളും കിടന്നുറങ്ങി എന്നായിരിക്കും നിങ്ങൾ ഇപ്പോൾ ചിന്തിക്കുക, അല്ലേ? എങ്ങനെ ഈ സ്ഥിതിയിൽ ആയി? ലോകത്തിൽ ജീവിക്കുന്ന നാം ലോകത്തോട് അനുരൂപപ്പെട്ടാൽ തിരിച്ചറിയുവാൻ ബുദ്ധിമുട്ടാണ്. ക്രിസ്തുവിന്റെ മുഖത്തുനിന്നു നോട്ടം തെറ്റിയാൽ ഈ ലോകത്തിന്റെ രൂപ ഭംഗിയിൽ ആയിരിക്കും കണ്ണുകൾ ഉടക്കുക. മാത്രവുമല്ല ലോകത്തിന്റെ മായാസുഖങ്ങളിൽ ആനന്ദിക്കുന്ന വലിയ ഒരു കൂട്ടമാണ് നമുക്കു ചുറ്റും ഉള്ളത്. അവരെ നോക്കുമ്പോൾ ഈ ലോകത്തിൽ ജീവിക്കുവാൻ അവരോട് അനുരൂപപ്പെടേണം എന്നായിരിക്കും ബലപ്പെടുന്ന ചിന്ത. ഫലമോ? ചെന്നെത്തുന്നത് മരിച്ചവരുടെ ഇടയിൽ! അവിടെ കിടന്നുറങ്ങുമ്പോൾ മരണത്തിന്റെ പിടിയിൽ സാവകാശത്തിൽ അകപ്പെടുക യാണെന്നു മനസ്സിലാകണമെന്നില്ല.

ഉണർന്നെഴുന്നേറ്റു നിത്യജീവന്റെ അവകാശികളായ വിശുദ്ധന്മാരുടെ കൂട്ടത്തിൽ ചേർന്നു നിന്നു ക്രിസ്തുവിന്റെ പ്രകാശത്തിൽ, നാം ആയിരുന്ന സ്ഥിതി എന്തായിരുന്നു എന്നു വിലയിരുത്തുമ്പോൾ ആണ് എത്ര വലിയ അപകടത്തിൽ നിന്നാണ് രക്ഷപെട്ടതെന്നറിയുന്നത്. രക്ഷപ്പെടുവാൻ കൃപ നൽകിയ ദൈവത്തെ എത്ര സ്തുതിച്ചാലും മതിയാകുകയില്ല.

ഉണർന്നെഴുന്നേറ്റു നിത്യജീവന്റെ അവകാശികളായ വിശുദ്ധന്മാരുടെ കൂട്ടത്തിൽ ചേർന്നു നിന്നു ക്രിസ്തുവിന്റെ പ്രകാശത്തിൽ, നാം ആയിരുന്ന സ്ഥിതി എന്തായിരുന്നു എന്നു വിലയിരുത്തുമ്പോൾ ആണ് എത്ര വലിയ അപകടത്തിൽ നിന്നാണ് രക്ഷപെട്ടതെന്നറിയുന്നത്.

ഇനി എന്താണ് ചെയ്യേണ്ടത്? ക്രിസ്തു ആരുടെമേൽ പ്രകാശിക്കുന്നുവോ, അവർ ഒരു പ്രകാശമായിത്തീരുകയാണ്. അവർ ഇരുട്ടിന്റെ നിഷ്ഫല പ്രവൃത്തികളെ ശാസിക്കുന്നു (എഫേസിയർ 5 : 11). എങ്ങനെ എന്നാൽ, ഇരുട്ടിൽ (രഹസ്യത്തിൽ) അവർ ചെയ്യുന്ന പ്രവൃത്തികളെക്കുറിച്ചു സംസാരിക്കുന്നതുപോലും വാസ്തവത്തിൽ ലജ്ജാകരമാണ്. എന്നാൽ, അവയെ ശാസിക്കുമ്പോഴോ സകലത്തെയും കുറിച്ചു വെളിച്ചത്താൽ ബോധം വരും; ബോധം വരുന്നതെല്ലാം വെളിച്ചം പോലെ തെളിവാണ്" (എഫേസിയർ 5 : 13). ഇരുട്ടിനുള്ള പ്രതിരോധം വെളിച്ചം മാത്രമാണ്. വെളിച്ചം വെറും ഒരു പ്രതിരോധം മാത്രമല്ല, മറിച്ച് ഇരുട്ടിനെ നീക്കം ചെയ്യുന്നതാണ്. ഇതാണ് നമുക്കുള്ള ദൗത്യം.

നിർഭാഗ്യകരം എന്നു പറയട്ടെ, വെളിച്ചമായിരിക്കേണ്ട നമ്മിൽ പലരും പറയിൻ കീഴെ വെച്ച വിളക്കുപോലെ ആയിരിക്കുന്നു. ചിലർ പ്രകാശിക്കുന്നു എങ്കിലും പുറത്തേക്കു വരുന്നില്ല. മറ്റു ചിലരാകട്ടെ അണഞ്ഞുപോയിരിക്കുന്നു. നന്മയാൽ തിന്മയോടു പോരാടി തിന്മയുടെ മേൽ (ഇരുട്ട്) ജയം പ്രാപിക്കേണ്ടവർ എങ്ങനെയോ തിന്മയുടെ പാളയത്തിൽ തടവറയിൽ ആയിരിക്കുന്നു.

ഇന്നത്തെ ക്രിസ്തീയതയെ അഥവാ നമ്മുടെ ആത്മീകതയെ ലോകം എങ്ങനെയാണ് മനസ്സിലാക്കുന്നത്? സഭകളും ആത്മിക പ്രസ്ഥാനങ്ങളും ആത്മികതയുടെ മൂല്യങ്ങളിൽ നിന്ന് എത്ര മാത്രം വ്യതിചലിച്ചിരിക്കുന്നു. യേശുവിന്റെ കാലത്ത് ദൈവാലയത്തെ കള്ളന്മാരുടെ ഗുഹയാക്കിയതു പോലുള്ള അവസ്ഥയല്ലേ ഇന്നത്തെ ആത്മിക പ്രസ്ഥാനങ്ങൾക്കും ഉള്ളത്? എവിടെയാണ് തെറ്റു പറ്റിയത്? മരിച്ചവരുടെ ഇടയിൽ കിടന്നുറങ്ങുന്ന പരി

താപകരമായ അവസ്ഥയിൽ നാം ആയിപ്പോയോ? നമുക്കു ഉണർന്നെഴുന്നേല്ക്കേണ്ടയോ? ഇനി വൈകരുതേ...

ഉണർന്നെഴുന്നേല്ക്കുന്നവരോടുള്ള ദൂത് ഇതാണ് - "ക്രിസ്തു നിന്റെ മേൽ പ്രകാശിക്കും." *കർത്താവു നമ്മെ തള്ളിക്കളയുവാൻ ഇഷ്ടപ്പെടുന്നില്ല. മാനസാന്തരപ്പെട്ടു മടങ്ങി വരുവാൻ അവൻ നമ്മെ സ്നേഹത്തോടെ ആഹ്വാനം ചെയ്യുന്നു. നാം ആ സ്വരം ശ്രദ്ധിക്കാതെ പോകരുത്. നമുക്കുള്ള സുവർണ്ണ അവസരമാണ്; വീണ്ടും ഒരു അവസരം! എഴുന്നേറ്റു പ്രകാശിക്കുവാൻ ഉള്ള നല്ല അവസരം!*

പ്രിയരെ, "അന്ധകാരം ഭൂമിയെയും കൂരിരുട്ടു ജാതികളെയും മൂടുന്നു. നിന്റെ മേലോ യഹോവ ഉദിക്കും; അവന്റെ തേജസ്സും നിന്റെ മേൽ പ്രത്യക്ഷമാകും" (യെശയ്യാവ് 60:2). ഉണർന്നെഴുന്നേൽക്കുന്നവർക്കുള്ള വാഗ്ദത്തമാണ് നാം ധ്യാനിച്ച എഫേസ്യ ലേഖനത്തിലെ വാക്യം. അത് യെശയ്യാവ് 60 : 1, 2 -ന്റെ രത്നച്ചുരുക്കമാണല്ലോ. ഇതു നമുക്കു ഉണർവിനായി നൽകുന്ന ആഹ്വാനമാണ്.

നാം ഉണർന്നാൽ ഈ അന്ത്യകാലത്ത് ഒരു ഉണർവ്വ് വീണ്ടും ഉണ്ടാകും. ഉറങ്ങി കിടക്കുന്ന അനേകർ ഉണരും. ക്രിസ്തുരഹിതരായി ജീവിക്കുന്ന അനേകർ മാനസാന്തരപ്പെടുവാൻ കാരണമാകും എന്നു മുകളിലത്തെ വേദഭാഗത്തിന്റെ തുടർഭാഗങ്ങൾ വ്യക്തമാക്കുന്നു. കർത്താവിന്റെ വചനത്തിനു മാറ്റമില്ലല്ലോ.

ക്രിസ്തു നമ്മുടെ മേൽ പ്രകാശിക്കട്ടെ. ആത്മീകത എന്തെന്നു ലോകം തിരിച്ചറിയട്ടെ. ഇരുട്ടിന്റെ തടവറയിൽ നിന്ന് അനേകർ മാനസാന്തരപ്പെട്ടു സ്വതന്ത്രർ ആകട്ടെ. എല്ലാ ക്രിസ്തീയ സഭകളിലും മാനസാന്തര അനുഭവം ജനം പ്രാപിക്കട്ടെ. അവർ ദൈവവചനത്തിന്റെ പാതയിൽ മടങ്ങിവരട്ടെ. നുഴഞ്ഞുകയറിയിരിക്കുന്ന എല്ലാ അശുദ്ധികളും ക്രിസ്തീയ സഭകളിൽ നിന്നും വ്യക്തികളിൽ നിന്നും പുറത്താക്കപ്പെടട്ടെ.

ക്രിസ്തുവിനോടുള്ള ഏകാഗ്രതയിലും നിർമ്മലതയിലും ദൈവസ്നേഹത്തിന്റെ നിറവ് ദൈവമക്കൾ അനുഭവിച്ച് കർത്താവിന്റെ മടങ്ങിവരവിനായി എല്ലാവരും ഒരുങ്ങട്ടെ! ■



ദൈവത്തിന്റെ നിലപാടുകൾ പലപ്പോഴും മനുഷ്യന്റെ നിലപാടുകൾക്കു വിരുദ്ധമായിരിക്കും . മനുഷ്യന്റെ അധ്വാനവും, മനസ്സിലെ പദ്ധതികളുമെല്ലാം തങ്ങൾക്കായി എന്തൊക്കെ നേടാൻ കഴിയും എന്നതിനെ കേന്ദ്രീകരിച്ചാവും. ഒരു പകലിനെ സമർപ്പിച്ചുകൊണ്ടു രാവിലെ കഴിക്കുന്ന പ്രാർഥനയിലും ഒരു ആണ്ടിനെ മുഴുവൻ സമർപ്പിച്ച് പുതുവർഷാരംഭത്തിൽ നടത്തുന്ന സമർപ്പണപ്രാർഥനയിലും എല്ലാം ഇതു നിഴലിക്കും. ഒരുപക്ഷെ ഭൗതിക ഉയർച്ചയ്ക്കോ നേട്ടങ്ങൾക്കോ ആയിരിക്കില്ല, ആത്മിക ഉയർച്ചയ്ക്കായിട്ടായിരിക്കാം ആഗ്രഹിക്കുന്നത്. എന്നാൽ, കർത്താവിന്റെ ഇഷ്ടം നമ്മിലൂടെ മറ്റുള്ളവർ അനുഗ്രഹിക്കപ്പെടുക എന്നതാണ്. ഭൗതികമായിട്ടോ ആത്മികമായിട്ടോ ദൈവത്താൽ അനുഗ്രഹിക്കപ്പെടുന്നവർ ദൈവികനന്മകളുടെ ഗൃഹവിചാരകന്മാരായിരിക്കുക എന്ന ഉത്തരവാദിത്വമാണു ഏറ്റെടുക്കുന്നത്. ദൈവം നല്കിയ സമ്പത്തിൽ നിന്നു ദാനംചെയ്യുമ്പോഴും, കൃപാവരങ്ങളിൽ നിന്നു സഹോദരവർഗത്തിനു ശുശ്രൂഷചെയ്യുമ്പോഴും ഔദാര്യം ചെയ്യുന്ന മനസ്സോടെയല്ല, അർഹമായതു നൽകുന്നതുപോലെയും, ഉത്തരവാദിത്വം നിർവഹിക്കുന്നതുപോലെയും അതുചെയ്യണം.

-കെ.വി.ആർ



സാജു മാത്യു

പരിശോധനകൾ ക്രിസ്തീയ വീക്ഷണത്തിൽ

"നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്നറിഞ്ഞു അതു അശേഷം സന്തോഷം എന്നെണ്ണുവിൻ"- (യാക്കോബ് 1:3)

"കർത്താവേ, ഞാൻ പ്രാർഥിച്ചിട്ട് ഇന്നുവരെ ഒരു മലയും കടലിൽ പോയിട്ടില്ല. എന്റെ എല്ലാ വിശ്വാസവും ചേർത്തുവച്ചിട്ടും ഒരു ഉറുമ്പിൻകൂടു പോലും മാറിപ്പോയിട്ടില്ല. എന്നാലും കർത്താവേ, ഞാൻ അങ്ങയോടു നന്ദിയുള്ളവനാണ്. അങ്ങയെ അറിയാനും അനുഭവിക്കാനും അങ്ങ് എനിക്കു ഭാഗ്യം തന്നല്ലോ. ഞാൻ പ്രാർഥിച്ചിട്ടു മലകൾ മാറിപ്പോയിട്ടില്ലെങ്കിലും എനിക്കു മലകളെ പേടിയൊന്നുമില്ല. എപ്പോൾ വേണമെങ്കിലും മലകളെ മാറ്റുവാൻ കഴിവുള്ള യേശു എന്റെ അരികിലുണ്ടല്ലോ... അതു മതി!"

വളരെ ലളിതമനസ്കനായ ഒരു വിശ്വാസിയുടെ പ്രാർഥനയാണിത്. പ്രാർഥിച്ചു മലകളെ മാറ്റുന്ന വിശ്വാസത്തെക്കുറിച്ചു നാം ധാരാളം പ്രസംഗങ്ങൾ കേട്ടിട്ടുണ്ട്. എന്നാൽ, മലകൾ പലപ്പോഴും മാറ്റിക്കളയേണ്ടവയല്ലെന്നും, അതു ഉയരങ്ങളിലേക്കു ചവുട്ടിക്കയറാനുള്ള കല്ലുകളായി നമ്മുടെ വഴിത്താരയിൽ ദൈവം ഇട്ടിരിക്കുകയാണെന്നും യാക്കോബ് 1: 1-12 വരെ വേദഭാഗത്തു പറയുന്നു.

യാക്കോബിന്റെ ലേഖനം സഭാചരിത്രത്തിലുടനീളം വളരെയേറെ 'ആക്രമണങ്ങൾ' നേരിട്ട പുസ്തകമാണ്. പൗലൊസിന്റെ ലേഖനങ്ങളെപ്പോലുള്ള ഒരു 'സുവിശേഷപാരമ്പര്യ' ശൈലി യാക്കോബിന്റെ ലേഖനങ്ങളിലില്ല. ഇതിനെ മറ്റു ലേഖനങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്താൻ പലരും മടിച്ചതിന്റെ പ്രാധാന കാരണം, ഇതിന്റെ രചയിതാവ് പന്ത്രണ്ട് അപ്പൊസ്തലന്മാരിൽ ആരുമല്ല എന്നതായിരുന്നു. A. D 170-ലെ 'മ്യുറേറ്റോറിയൻ' (Muratorean) കാനോനിൽ യാക്കോബിന്റെ ലേഖനത്തിനു ഇടം കണ്ടെത്താനായില്ല. എന്നാൽ വി. ജറോം, വി. അഗസ്തിൻ എന്നിവർ യാക്കോബിന്റെ ലേഖനത്തെ അംഗീകരിച്ചു. A. D 397-ൽ കാർത്തേജിൽവച്ചു നടന്ന മൂന്നാം കൗൺസിലിൽ യാക്കോബിന്റെ ലേഖനം പുതിയനിയമത്തിന്റെ ഭാഗമാണെന്നു അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കപ്പെട്ടു.

വാസ്തവത്തിൽ ലേഖനത്തിന്റെ രചയിതാവിനെ കണ്ടെത്താൻ ഇത്രയേറെ കോലാഹലം ആവശ്യമുണ്ടായിരുന്നുവോ? യാക്കോബാണു രചയിതാവ് എന്നു ആദ്യ വചനത്തിൽതന്നെയുണ്ട്. യേശുവിന്റെ പന്ത്രണ്ടു ശിഷ്യന്മാരിൽ രണ്ടു യാക്കോബുമാരുണ്ടായിരുന്നു. ഒന്ന്, സെബദിയുടെ മകനും യോഹന്നാന്റെ സഹോദരനുമായിരുന്ന യാക്കോബ് (മത്തായി 4:21). ഈ യാക്കോബ് സഭയുടെ പ്രാരംഭകാലയളവിൽ തന്നെ രക്തസാക്ഷിയായി മരിച്ചു (അപ്പൊസ്തലപ്രവൃത്തികൾ 12: 2). രണ്ടാമത്തെ യാക്കോബ്, അപ്പൊസ്തലന്മാരുടെ കൂട്ടത്തിൽ ഉണ്ടായിരുന്ന, അല്ഫായുടെ മകൻ യാക്കോബ് (മത്തായി 10:3) ആണ്. രചയിതാവ് ഈ യാക്കോബും ആയിരിക്കാനിടയില്ല. പിന്നെയുള്ള യാക്കോബ് യേശുവിന്റെ അർധസഹോദരനായിരുന്ന യാക്കോബാണ് (മത്തായി13:55). പാരമ്പര്യമായി സഭ വിശ്വസിക്കുന്നതു ഈ ലേഖനമെഴുതിയതു യേശുവിന്റെ അർധസഹോദരനായിരുന്ന യാക്കോബുതന്നെയായിരുന്നുവെന്നാണ്.

യേശുവിന്റെ സഹോദരൻ യാക്കോബ് ആദിമ സഭയിലെ പ്രാമുഖ്യമുള്ള ഒരു നേതാവായിരുന്നു

എന്നുവേണം കരുതാൻ! പത്രോസ് തടവിൽനിന്നു അത്ഭുതകരമായിവിടുവിക്കപ്പെട്ട വിവരം "യാക്കോബിനോടും ശേഷം സഹോദരന്മാരോടും അറിയിപ്പിൻ "എന്നാണു പത്രോസ് ആവശ്യപ്പെടുന്നത് (അപ്പൊസ്തലപ്രവൃത്തി 12:17). മാനസാന്തരപ്പെട്ടു പൗലൊസ് മൂന്നുകൊല്ലത്തിനു ശേഷം യെരൂശലേമിൽ എത്തിയപ്പോൾ പത്രോസിനെകൂടാതെ ആകെ സന്ദർശിക്കുന്ന സഭാനേതാവ് കർത്താവിന്റെ സഹോദരനായ യാക്കോബ് ആണ് (ഗലാത്യർ 1 : 19). ആദിമ സഭയിൽ ഉപദേശപരമായ ഒരു പ്രതിസന്ധിയുണ്ടായപ്പോൾ അതിന്റെ പരിഹാരത്തിനു വേണ്ടി യെരൂശലേമിൽ കൂടിയ സഭയുടെ സുന്നഹദോസിൽ അധ്യക്ഷനായിരുന്നതും യാക്കോബു തന്നെ (അപ്പൊ.പ്രവത്തി 15:12,13). യാക്കോബിന്റെ പുസ്തകത്തിലെപ്പോലുള്ള നിശിതമായ നിർദേശങ്ങളും പ്രബോധനങ്ങളും എഴുതാനുള്ള യോഗ്യത തീർച്ചയായും യാക്കോബിനുണ്ട്!

എന്നാൽ, യാക്കോബ് ലേഖനമെഴുതുന്നതു ഏതെങ്കിലും പ്രത്യേക പ്രാദേശിക സഭയ്ക്കോ വ്യക്തികൾക്കോ അല്ല എന്നുള്ളതു രസകരമായിരിക്കുന്നു. "ചിതറിപ്പാർക്കുന്ന പന്ത്രണ്ടു ഗോത്രങ്ങൾക്കും വന്ദനം" (യാക്കോബ് 1:1) എന്നാണു യാക്കോബ് തുടങ്ങുന്നത്! "യേശുക്രിസ്തു" വിന്റെ ദാസൻ ചിതറിപ്പോയ ഗോത്രങ്ങൾക്കു കത്തെഴുതുവാൻ കാരണമെന്ത്?

ഇതാണ് ഈ കത്തിന്റെ രചനാകാലയളവിനെക്കുറിച്ചു നമുക്കു ലഭിക്കുന്ന സൂചന. യേശുക്രിസ്തുവിന്റെ സഹോദരനായ- ആദിമസഭയിൽ പ്രമുഖസ്ഥാനമുണ്ടായിരുന്ന യാക്കോബാണു ലേഖന കർത്താവെങ്കിൽ അദ്ദേഹമെഴുതുന്നത്, സ്തെഫാനോസിന്റെ രക്തസാക്ഷിത്വത്തിനുശേഷമുണ്ടായ പീഡനത്താൽ അപ്പൊസ്തലന്മാർ ഒഴികെയുള്ള, യെഹൂദ്യ, ശമര്യ ദേശങ്ങളിലേക്കു "ചിതറിപ്പോയ" (അപ്പൊ.പ്രവൃത്തി 8:1,2) യെരൂശലേം സഭയിലെ യഹൂദ ക്രിസ്ത്യാനികൾക്കാണ്. ചിതറിപ്പോയ സ്ഥലങ്ങളിലൊക്കെ സഭകൾ സ്ഥാപിതമായെങ്കിലും ദൈവശാസ്ത്രപരമായി വലിയ വിജ്ഞാനത്തിന്മേലൊന്നുമല്ല അവർ സഭകളെ പഠിപ്പിച്ചത്. യേശുവിനെ മശിഹയായി തിരിച്ചറിഞ്ഞ യെഹൂദന്മാരുടെ കൂട്ടായ്മകളായിരുന്നു അന്നത്തെ സഭകൾ. അവർ ഉയിർത്തെഴുന്നേറ്റ യേശുവിനെ അനുഭവിച്ചു; യേശുവിന്റെ ഉപദേശങ്ങൾ പഠിച്ചു; കൂട്ടായ്മ ആചരിച്ചു! ക്രിസ്തുശാസ്ത്രവും (Christology)രക്ഷാശാസ്ത്രവും (Soteriology) സഭാശാസ്ത്രവും (Eccleciology) ഒന്നും അന്നു

യാക്കോബ് പറയുന്നതു നമ്മുടെ കാലഘട്ടത്തിലും എത്ര പ്രസക്തം എന്നോർക്കുക. ജീവിതം ലളിതമായിരുന്ന പഴയ കാലയളവിൽ പ്രശ്നങ്ങളും കുറവായിരുന്നു. എല്ലാവർക്കും അന്യോന്യമറിയാവുന്ന ഗ്രാമവ്യവസ്ഥയിൽ നിലനിന്നിരുന്ന കൂട്ടായ്മ ഒരു പഴയ ഓർമ മാത്രം. പീഡനത്തിന്റെ പശ്ചാത്തലത്തിലല്ലെങ്കിൽ തന്നെ നഗരവൽക്കരണം കുടുംബങ്ങളെ തമ്മിൽ അകറ്റി.

സഭയിൽ സംഭാഷണ വിഷയങ്ങളായിരുന്നില്ല. അതൊക്കെ വെളിപ്പെടുത്താൻ ദൈവം പിന്നീടു പൗലൊസിനെ ഉപയോഗിച്ചുവെന്നേയുള്ളൂ. അതുകൊണ്ടുതന്നെ "വിശ്വാസത്താലുള്ള നീതീകരണം" (justification by faith) എന്ന വിഷയമൊന്നും യാക്കോബ് തന്റെ ലേഖനത്തിൽ പ്രതിപാദിച്ചിട്ടില്ല. അതാണല്ലോ മാർട്ടിൻ ലൂഥർ യാക്കോബിന്റെ ലേഖനം ഇത്രയധികം എതിർക്കാൻ കാരണം. എന്നാൽ, അപ്രമാദിത്വം (infallibility) കത്തോലിക്കാ സഭയ്ക്ക് ഇല്ല എന്നതുപോലെ തന്നെ മാർട്ടിൻ ലൂഥറിനു ദൈവം അപ്രമാദിത്വം കല്പിച്ചുകൊടുത്തിട്ടില്ലെന്നു പ്രൊട്ടസ്റ്റന്റുകാർ ഓർക്കണം.

ഒരു കാര്യം പറഞ്ഞുതുടങ്ങി, ഇടയ്ക്കു വരുന്ന കാര്യങ്ങൾ കുറെയൊക്കെ വിശദീകരിച്ച്, അതിനെ ഉറപ്പിച്ച് പിന്നെയും പറഞ്ഞുതുടങ്ങിയ കാര്യങ്ങളിലേക്കു മടങ്ങിവരുന്ന ഒരു ചാക്രിക വിശദീകരണ ശൈലി (circular explanation) ആണു യാക്കോബിന്റേത്. കാര്യങ്ങളെ യുക്തിക്കു നിരക്കുംവിധം ബോധ്യപ്പെടുത്തി പറയുന്ന പൗലൊസിന്റെ പാശ്ചാത്യ ശൈലിയല്ല യാക്കോബിന്റേത്; പ്രത്യുത, ജീവിതഗന്ധിയായ വിഷയങ്ങൾ വളച്ചുകെട്ടില്ലാതെ പറയുന്നതു ഒരു പൗരസ്ത്യശൈലിയാണ്!

ഒരു വാക്കിൽ വന്ദനംചൊല്ലി ഒറ്റയടിക്ക് യാക്കോബ് കാര്യത്തിലേക്കു കടക്കുന്നു:"എന്റെ സഹോദരന്മാരേ, നിങ്ങൾ വിവിധ പരീക്ഷകളിൽ അകപ്പെടുമ്പോൾ എന്തു ചെയ്യണമെന്നു ഞാൻ പറയാം. (യാക്കോബ് 1:2).

എന്തുകൊണ്ടു യാക്കോബ് "പരീക്ഷകളുടെ കാര്യം" പറഞ്ഞുതുടങ്ങുന്നു? ചിതറിപ്പോയ ഈ യെഹൂദ ക്രിസ്ത്യാനികൾ ഇപ്പോൾ നാനാവിധ പരിശോധനകളുടെ തീച്ചൂളയിലാണ്. "പരീക്ഷ" എന്ന വാക്കിനു (ഗ്രീക്കിൽ Peirasmos)പരിശോധന എന്നാണർഥം. ഒരു വ്യക്തിയുടെ നന്മ (ഭക്തി)

ശേഷം പേജ് 29 ▶



ബാബു ചെറിയാൻ

മറയ്ക്കുന്നവർ, തടയുന്നവർ, കൊണ്ടുവരുന്നവർ

വണ്ടോരിക്കൽ ഒരു ടാക്സ് കളക്ടർ യേശുകർത്താവിനെ കാണുവാൻ പോയി, എങ്കിലും പുരുഷാരം നിമിത്തം കഴിഞ്ഞില്ല എന്നു രേഖപ്പെടുത്തിയിരിക്കുന്നു. ഇവിടെ ഈ പുരുഷാരമാണ് യേശുവിനെ മറയ്ക്കുന്നവർ. പിന്നീടൊരിക്കൽ ചില സ്ത്രീകൾ കുഞ്ഞുമക്കളുമായി ദൈവപുത്രന്റെ അടുക്കൽ അനുഗ്രഹത്തിനായി വന്നപ്പോൾ ചില മിടുക്കന്മാർ അവരെ തടഞ്ഞു. എന്നാൽ യേശു അതിലിടപെട്ടു. പൈതങ്ങളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ, അവരെ തടയരുത് ദൈവരാജ്യം ഇങ്ങനെയുള്ളവരുടെതല്ലോ എന്നു അരുളിച്ചെയ്തു. മറ്റൊരവസരത്തിൽ കർത്താവു ഒരു കുട്ടിയെ എടുത്തു പുരുഷാരത്തിന്റെ മുൻപിൽ എല്ലാവരും കാണത്തക്കവണ്ണം നിറുത്തി. നിങ്ങൾ തിരിഞ്ഞു ഈ ശിശുവിനെപോലെ ആകുന്നില്ലായെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ല എന്നു ശക്തമായ താക്കീതു നൽകി.

കർത്താവു പറയുന്ന വാക്കുകളിൽ നിന്ന് വളരെ പ്രധാനപ്പെട്ട ചില സത്യങ്ങൾ നമുക്ക് ഗ്രഹിക്കുവാനുണ്ട്.

1. കുട്ടികളെ എനിക്ക് ആവശ്യമുണ്ട്, അവരെ എന്റെ രാജ്യത്തിനും ആവശ്യമുണ്ട്.

2. അവരെ എനിക്ക് രൂപപ്പെടുത്തി എടുക്കുവാൻ കഴിയും. അത് അനിവാര്യവുമാണ്. ആരും ഇതുവരെ ഒന്നിനും വേണ്ടി അവരെ രൂപപ്പെടുത്തുവാൻ ശ്രമിച്ചിട്ടില്ലല്ലോ.

3. അവരെ പിശാച് ഉപയോഗിക്കുന്നതിനു മുൻപ് എന്റെ കൈയിൽ കിട്ടിയാൽ എനിക്ക് അവരെ നന്നായി ഉപയോഗിക്കാമല്ലോ.

4. മാത്രമല്ല മുതിർന്നവർക്ക് മാതൃകയാവാനും എനിക്ക് കുട്ടികളെ ആവശ്യമുണ്ട്.

പക്ഷെ മൂപ്പന്മാരും പരീശന്മാരും ശിഷ്യസമൂഹം പോലും ആ കുട്ടികളെയും അവരുടെ അമ്മമാരെയും തടഞ്ഞു. ഇന്നത്തെ സഭ ഈ കാര്യം ഗൗരവമായി എടുക്കേണ്ടതാണ്. കുട്ടികളെയും യുവാക്കളെയും അവഗണിച്ചുകൊണ്ട് യാതൊരു പ്രസ്ഥാനത്തിനും അധികകാലം മുൻപോട്ടു പോകാൻ കഴിയില്ല. *പൂർവിക ക്രിസ്തീയ ഭൂരിപക്ഷ രാജ്യങ്ങളിൽ പലതും ഇന്ന് അടഞ്ഞ ആലയങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുന്നു. അനേക ആലയങ്ങൾ വിറ്റുകഴിഞ്ഞു. ചിലതു വാടകയ്ക്ക് കൊടുക്കുന്നു. ചുരുക്കം ചില ആലയങ്ങൾ തുറക്കുന്നുവെങ്കിലും കുറച്ചു സീനിയർ സിറ്റിസൺസ് മാത്രം കൂടിവരവുകളിൽ പങ്കെടുക്കുന്നു. ഈ ശോചനീയ അവസ്ഥ അധികം വൈകാതെ നമുക്കും സംഭവിച്ചേക്കാം എന്ന കാര്യം സഭ തിരിച്ചറിയുന്നുണ്ടോ?* അതുകൊണ്ടു എന്ത് വിലകൊടുത്തും നമ്മൾ യുവാക്കളെ ക്രിസ്തുവിങ്കലേക്കു നയിക്കേണം. അവരിൽ ധാരാളം അപാകതകളും അപക്വമായ പ്രവൃത്തികളും പ്രവണതകളും താല്പര്യങ്ങളും കണ്ടേക്കാം. ഇത് പരിഹരിക്കുവാൻ ശാസനയല്ല മാതൃകയാണ് അവർക്കു ലഭ്യമാകേണ്ടത്. എന്തു വിലയും കൊടുത്ത് എന്ന് പറഞ്ഞാൽ വചനത്തിന്റെ വ്യവസ്ഥ വിട്ടുള്ള കാര്യമല്ല എന്ന് പറയേണ്ടതില്ലല്ലോ. ചില വിദേശ സഭകൾ സ്പോർട്സ് ക്ലബ്ബുകളായി മാറിയതും ചെറുപ്പക്കാരെ നേടുവാൻ വേണ്ടിയുള്ള ശ്രമത്തിന്റെ അനന്തരഫലമായിരുന്നു. പക്ഷെ അത് കൂടുതൽ വഷളത്വത്തെ സഭയ്ക്കുള്ളിലേക്കു വലിച്ചുകയറ്റുകയാണ് ചെയ്തത്.

ഒരു പക്ഷവാതക്കാരനെ നാലാൾ ചുമന്നുകൊണ്ട് വരുന്നു. യേശുവിന്റെ അടുത്തേക്കാണ് വ

രുന്നത്. പക്ഷെ ഒരുപാട് ആളുകൾ യേശുവിന്റെ വചനം കേൾക്കുവാൻ വീടുനിറയെ തടിച്ചുകൂടിയിട്ടുണ്ട്. ഇവർ തിങ്ങിക്കൂടിയിരിക്കുന്നതിനാൽ ഈ രോഗിയെ യേശുവിന്റെ സമീപേ എത്തിക്കുവാൻ അവർക്കു കഴിഞ്ഞില്ല. പുരുഷാരം നിമിത്തം അവനോടു സമീപിച്ചു കൂടായ്കയാൽ അവൻ ഇരുന്ന വീടിന്റെ മേൽക്കൂര പൊളിച്ചു തുറന്നു പക്ഷവാതക്കാരനെ കിടക്കയോടെ ഇറക്കി വച്ചു (മർക്കോസ് 2 :4). ഇവിടെ നമുക്ക് യേശുവിങ്കലേക്കുള്ള വഴി തടയുന്ന വിശ്വാസികളെ കാണാം. അവരെല്ലാവരും ഭക്തരായതിനാൽ കണ്ണ് തുറക്കുന്നതേയില്ല. മുൻവാതിൽക്കൽ എത്തിയ നാൽവർ സംഘം വലിയ നിരാശയുടെ വക്കോളം എത്തിക്കാണും. എങ്കിലും മടുത്തു പോകാതെ അവരുടെ ദൗത്യത്തിൽ മുൻപോട്ടു തന്നെ നീങ്ങി. പിൻവാതിൽക്കൽ എത്തിയെങ്കിലും ആരും അവർക്കുവേണ്ടി അല്പമൊന്നു അഡ്ജസ്റ്റ് ചെയ്യുവാൻ തയ്യാറായില്ല. അനേക വർഷങ്ങളായി വചനം കേൾക്കുന്ന ഭക്തന്മാർ ഒന്ന് ശ്രദ്ധിക്കണേ! പുതുതായി വരുന്നവരെ ഒന്ന് അകത്തേക്ക് കടത്തിവിടണേ, തടസമായിരിക്കല്ലേ...

ഇങ്ങനെ തടയുന്നവരും മറയ്ക്കുന്നവരും മാത്രമല്ല കഷ്ടപ്പെട്ട് ചുമന്നുകൊണ്ട് വരുന്നവരും ഉണ്ട്, കേട്ടോ. ഇവരെയാണ് നാം മാതൃകയാക്കേണ്ടതും ശ്രദ്ധിച്ചു നോക്കേണ്ടതും. അനേക നാളുകളായി കിടപ്പു രോഗിയായ ഒരു മനുഷ്യനെ ഇങ്ങനെ ചുമന്നു കൊണ്ട് വരണമെങ്കിൽ അതിനായി എത്ര കടമ്പകൾ കടക്കണം? ഒന്നാമത് അവനെ കണ്ടെത്തണം, രണ്ടാമത് യേശുവിനെപ്പറ്റി അവനോടു പറയണം, മൂന്നാമത് അവനെ സ്വാധീനിച്ചു സമ്മതിപ്പിക്കണം. പിന്നീട് അവന്റെ കുടുംബാംഗങ്ങളെ സമ്മതിപ്പിക്കണം. ഇതിന്റെയെല്ലാം ഉത്തരവാദിത്വം ഏറ്റെടുക്കണം, അതിനായി എന്ത് ത്യാഗവും സഹിക്കണം, ചുമക്കാൻ മനസ്സുണ്ടാകണം, മനോവേദനയുണ്ടാക്കുന്ന വിമർശനങ്ങളും അഭിപ്രായങ്ങളും കമന്റുകളും കേൾക്കുമ്പോൾ മനസ്സ് മടുത്തുപോകാതെ ഉത്സാഹഭരിതരായി ദൗത്യത്തിലേക്കു, ഫലം കാണുന്നതുവരെയും മുന്നേറിക്കൊണ്ടേയിരിക്കണം.

ഇത്രയധികം ആത്മാർത്ഥതയും ഉത്തരവാദിത്വവും ഈ ആശ്രയമില്ലാത്തവനു വേണ്ടി കാണിച്ചാൽ എന്ത് പ്രതിഫലം കിട്ടും? എന്തായിരിക്കണം ഇതിന്റെ പിന്നിലെ പ്രേരകശക്തി? അതാണ് നാം വളരെ ഗൗരവമായി ചിന്തിക്കേണ്ടത്. ഒന്നാമത് അവർ പഠിച്ച വേദശാസ്ത്രം അവരെ ഒരിക്കലും ഇ

ദൈവത്തോടുള്ള നന്ദി, സ്തുതി സ്തോത്രങ്ങളിലൂടെ മാത്രമല്ല പരോപകാരത്തിലൂടെയും നമുക്ക് അത് വെളിപ്പെടുത്താവുന്നതാണ്. വായ്കൊണ്ടു ഉറക്കെ സ്തോത്രം പറയുന്നവർ കൈകൊണ്ടു ചിലരെ ചുമക്കാൻ കൂടി തയ്യാറാകുമോ? ചിലരെ കണ്ടെത്തുവാനായി കാലുകൊണ്ട് നടക്കാൻ തയ്യാറാകുമോ?

പ്രകാരം ഒരു റിസ്ക് എടുക്കുവാൻ ധൈര്യപ്പെടുത്തുകയില്ല. എന്നാൽ ഇതുപോലെയുള്ള ഏതോ മാരകമായ രോഗാവസ്ഥയിൽ, കർത്താവിൽ നിന്നും ലഭിച്ച സൗഖ്യത്തിനല്ലാതെ മറ്റൊരു അനുഭവത്തിനും ഇതിനു ആവശ്യമായ പ്രേരണയും ശക്തിയും ധൈര്യവും നൽകുവാൻ സാധ്യമല്ല. രണ്ടാമത് അവരുടെ വിശ്വാസമാണ്. എന്നെ സൗഖ്യമാക്കിയ കർത്താവു ഇവനെയും സൗഖ്യമാക്കും എന്ന അടിയുറച്ച വിശ്വാസം അവർക്കുണ്ടായിരുന്നു. മൂന്നാമതായി അവരുടെ സ്നേഹം. അപരൻ സഹിക്കുന്ന കഷ്ടതയുടെ വേദന സ്വജീവിതത്തിൽ അനുഭവിച്ചറിഞ്ഞതിൽ നിന്ന് ഉളവായ സ്നേഹം. സ്വന്ത ജീവിതത്തിൽ മാറ്റം വരുത്തിയ കർത്താവിനോടു സ്നേഹമുണ്ടെങ്കിൽ, കർത്താവു സ്നേഹിക്കുന്നവരോടും ആ സ്നേഹം ഉണ്ടാകേണ്ടതല്ലേ? ഇങ്ങനെയുള്ള നിരാശ്രയരെയും രോഗികളെയും പാപികളെയും വെറുക്കപ്പെട്ടവരെയും അവഗണിക്കപ്പെട്ടവരെയും സ്നേഹിച്ചിട്ടല്ലേ സ്വർഗ്ഗത്തിന്റെ മണിമകുടമയാവാൻ മനുഷ്യ ജന്മമെടുത്തു മണ്ണിലേക്ക് വന്നത്?

നാലാമതായി ദൈവത്തോടുള്ള നന്ദി, സ്തുതി സ്തോത്രങ്ങളിലൂടെ മാത്രമല്ല പരോപകാരത്തിലൂടെയും നമുക്ക് വെളിപ്പെടുത്താവുന്നതാണ്. വായ്കൊണ്ടു ഉറക്കെ സ്തോത്രം പറയുന്നവർ കൈകൊണ്ടു ചിലരെ ചുമക്കാൻ കൂടി തയ്യാറാകുമോ? ചിലരെ കണ്ടെത്തുവാനായി കാലുകൊണ്ട് നടക്കാൻ തയ്യാറാകുമോ? നാം വാക്കിനാലും നാവിനാലും മാത്രമല്ല, പ്രവൃത്തിയിലും സത്യത്തിലും തന്നെ സ്നേഹിക്കുന്നവരായി പരിണമിക്കണം. (1 യോഹന്നാൻ 3 :18) ■



ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

ദൈവം വിശുദ്ധമെന്നു വിളിക്കുന്ന മാനസാന്തരം

വ്യക്തികളുടെയും കുടുംബങ്ങളുടെയും സഭകളുടെയും രാജ്യങ്ങളുടെയും വിവിധ വിഷയങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ഉള്ള അപേക്ഷകൾ പലപ്പോഴായി കേൾക്കുകയും, പ്രാർത്ഥിക്കുകയും ചെയ്തിട്ടുള്ളവരാണല്ലോ നാം. അതോടു ഒരു വിഷയം കൂടി കൂട്ടിച്ചേർക്കുവാൻ ഞാൻ താത്പര്യപ്പെടുന്നു. എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെ തന്നെ താഴ്ത്തി പ്രാർത്ഥിച്ചു, എന്റെ മുഖം അന്വേഷിച്ചു തങ്ങളുടെ ദുർമാർഗങ്ങളെ വിട്ടു തിരിയുമെങ്കിൽ, ഞാൻ സ്വർഗത്തിൽ നിന്ന് കേട്ട് അവരുടെ പാപം ക്ഷമിച്ചു അവരുടെ ദേശത്തിനു സൗഖ്യം വരുത്തിക്കൊടുക്കും എന്ന് 2 ദിനവൃത്താന്തം 7: 14 ൽ കാണുന്നു. ഇവിടെ പ്രാർഥിക്കുവാൻ മാത്രമല്ല അതോടൊപ്പം തന്നത്താൻ താഴ്ത്തുവാനും അവരവരുടെ ദുർമാർഗങ്ങളെ വിട്ടു തിരിയുവാനും വ്യക്തമായി ആവശ്യപ്പെടുന്നു. ഈ വ്യവസ്ഥകൾ പാലിക്കപ്പെട്ടാൽ ദൈവം പ്രാർത്ഥന കേൾക്കുകയും അതിനു മറുപടി നൽകുകയും ചെയ്യുമെന്ന് തിരുവെഴുത്തു വ്യക്തമാക്കുന്നു. അതിനർത്ഥം മാനസാന്തരം എന്നത് തന്നത്താൻ താഴ്ത്തുന്നതിനോടും ദുർമാർഗങ്ങളെ വിട്ടു തിരിയുന്നതിനോടും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു എന്നു തന്നെയാണ്. സ്വയം താഴ്ത്തി ദുർമാർഗങ്ങൾ വിട്ടുതിരിയുന്ന ഒരു സാഹചര്യത്തിൽ മാത്രമേ പരിശുദ്ധനായ ദൈവത്തിന്റെ മുഖം അന്വേഷിക്കുവാൻ നമുക്ക് സാധിക്കുകയുള്ളു. മേൽപ്പറഞ്ഞ ദൈവീക വ്യവസ്ഥകളെ നിസ്സാരവത്കരിക്കുന്ന ഒരു ദുഷ്പ്രവണത നമ്മിൽ പലരിലും പലപ്പോഴും കാണാറുണ്ട്. തകർന്നും നുറുങ്ങിയുമുള്ള ഒരു ഹൃദയം പ്രാപിക്കുവാൻ തക്കവണ്ണം പ്രതിബന്ധങ്ങളെ തകർത്തു കൊണ്ടുള്ള ഒരു മുന്നേറ്റം അത്യാവശ്യമായിരിക്കുന്നു. ദൈവം ലോകത്തോട് ഇടപെടുവാൻ തുടങ്ങിക്കഴിഞ്ഞു എന്ന് ആനുകാലിക സംഭവങ്ങൾ വ്യക്തമാക്കുന്നുണ്ടല്ലോ. നമ്മുടെ മാനസാന്തരത്തിന്റെ ആഴത്തിനു ആനുപാതികമായിട്ടേ ആനുകാലിക സംഭവങ്ങളിലൂടെയുള്ള ദൈവീക സന്ദർശനത്താൽ നാം ഒരുക്കപ്പെടുകയുള്ളു.

പാപത്തെ നിസ്സാരവത്കരിക്കുന്ന നമ്മുടെ മനോഭാവത്തിന് അന്തം വരുത്തി, അതിന്റെ കാണാപ്പുറങ്ങളിലേക്കു നയിക്കുക എന്നതാണ് ഈ

പരിപ്ലവമായതല്ല, മറിച്ചു ആഴമേറിയ മാനസാന്തര അനുഭവങ്ങളിലേക്കു നമ്മെ നടത്തുവാൻ ആണ് ദൈവം ലക്ഷ്യം ഇട്ടിരിക്കുന്നത്. നമ്മുടെ ജീവിതത്തിൽ നീതിഫലം നിറഞ്ഞവരായി നാം കാണപ്പെടുവോളം വീണ്ടും വീണ്ടും ആഴമേറിയ മാനസാന്തരത്തിലേക്കു മനഃപൂർവ്വമായി നാം നടത്തപ്പെടേണ്ടതാണ്.

ലേഖനത്തിന്റെ ലക്ഷ്യം. ഉപരിപ്ലവമായതല്ല, മറിച്ചു ആഴമേറിയ മാനസാന്തര അനുഭവങ്ങളിലേക്കു നമ്മെ നടത്തുവാൻ ആണ് ദൈവം ലക്ഷ്യം ഇട്ടിരിക്കുന്നത്. നമ്മുടെ ജീവിതത്തിൽ നീതിഫലം നിറഞ്ഞവരായി നാം കാണപ്പെടുവോളം വീണ്ടും വീണ്ടും ആഴമേറിയ മാനസാന്തരത്തിലേക്കു മന:പൂർവ്വമായി നാം നടത്തപ്പെടേണ്ടതാണ്.

മാനസാന്തര സ്നാനം.

ക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷ ആരംഭിക്കുന്നതിനു തൊട്ടു മുൻപായി, 'ദൈവം അയച്ചിട്ട് ഒരു മനുഷ്യൻ വന്നു; അവനു യോഹന്നാൻ എന്ന് പേർ' (യോഹന്നാൻ 1:6). യിസ്രായേലിനെ മാനസാന്തര സ്നാനത്തിലേയ്ക്കു നയിക്കുവാൻ ദൈവം അയച്ച ആളായിരുന്നു യോഹന്നാൻ സ്നാപകൻ. ക്രിസ്തുവിനു മുന്നോടിയായി മാനസാന്തരത്തിലേക്കു ആഹ്വാനം ചെയ്ത യോഹന്നാന്റെ പ്രവൃത്തി പുതിയ ഉടമ്പടിയിലെ ആദ്യ സംഭവമാണ്. യോഹന്നാന്റെ ശുശ്രൂഷയുടെ അതിപ്രധാനമായ ലക്ഷ്യം യിസ്രായേൽ ജനത്തെ മനസാന്തരത്തിനായി ഒരുക്കുക എന്നത് മാത്രമായിരുന്നു (പ്രവൃത്തികൾ 19:4). ക്രിസ്തുവിനു മുന്നോടിയായി വന്ന്, ക്രിസ്തുവിന്റെ പാത നിരപ്പാക്കുവാനും ജനത്തെ ഒരുക്കുവാനും ആയിരുന്നു യോഹന്നാന്റെ വിളി (മർക്കോസ് 1:2,3).

ഒരു വ്യക്തിയുടെ ജീവിതത്തിലേക്ക് ക്രിസ്തു കടന്നുവരണമെങ്കിൽ ഏതെങ്കിലുമൊരളവിൽ ആ വ്യക്തിയിൽ മാനസാന്തരം ഉണ്ടായേ തീരൂ. ലോക ചരിത്രത്തെ മാത്രമല്ല, മാനസാന്തരം ഒരു വ്യക്തിയുടെ ചരിത്രത്തെയും ക്രിസ്തുവിനു മുൻപും, പിൻപും എന്ന് രണ്ടായി തരം തിരിക്കുന്നതാണ്. യോഹന്നാന്റെ മനസാന്തരത്തിലേക്കുള്ള ആഹ്വാനം ജനങ്ങളെ, ചെയ്തുപോയ തെറ്റുകളെക്കുറിച്ചുള്ള വെറുമൊരു ഖേദപ്രകടനത്തിനു വേണ്ടി മാത്രമായിരുന്നില്ല, മറിച്ചു അവരെ കർത്താവിനായി ഒരുക്കുകയായിരുന്നു എന്ന് നാം പൂർണമായും മനസിലാക്കി ഉറപ്പാക്കേണ്ടതുണ്ട്.

യഥാർത്ഥ മാനസാന്തരം എന്നത് ഹൃദയത്തെ നല്ല നിലമായി ഒരുക്കുക എന്നതാണ്. ദൈവീക നീതിയുടെയും, ദൈവീക നിർദ്ദേശങ്ങളുടെയും വിത്തുകൾ വിതച്ചു മുളപ്പിക്കുവാൻ തക്കവണ്ണം ഹൃദയത്തെ പാകപ്പെടുത്തുന്നതാണ് യഥാർത്ഥ മാനസന്തരം. ഉയർന്ന ആത്മിക പരിപക്വതയിൽ നടക്കുവാനുള്ള നമ്മുടെ പ്രാപ്തി പര്യാപ്തമല്ല. ആകയാൽ മനസ്സലിവുള്ള ദൈവം നമ്മുടെ പ്രാപ്തി വർധിപ്പിക്കുവാൻ നമ്മിൽ ചെയ്യുന്ന ദൈവപ്രവൃത്തി ക്ലേശകരമെന്നു നമുക്ക് അപ്പോൾ തോന്നിയാലും അത് യഥാർത്ഥ മാനസാന്തരത്തിന്റെ ഒരു സുപ്രധാന അനുഭവമാണ്.

ഒരു ട്രെയിൻ യാത്രികൻ തനിക്കു കയറുവാനുള്ള ട്രെയിൻ ഏതു പ്ലാറ്റുഫോമിലാണ് വരുന്നതെന്നും താൻ കയറേണ്ടുന്ന ബോഗി ആ പ്ലാറ്റുഫോമിന്റെ ഏതു ഭാഗത്താണ് വരിക എന്നതും മുന്നമേ തന്നെ അന്വേഷിച്ചു മനസ്സിലാക്കി കാത്തു നിൽക്കുന്നതിനു സമം ആണ് മാനസാന്തരം. അതായതു യാത്രയ്ക്കുള്ള കൃത്യമായ തയ്യാറെടുപ്പു സുഗമം ആയ യാത്രയ്ക്ക് അനിവാര്യമാണ്. നാം നിത്യതയെ ലാക്കാക്കിയുള്ള ജീവിത യാത്രയിലാണല്ലോ. ഏതെങ്കിലും കാരണവശാൽ തെറ്റായ ദിശയിലാണു നാം പോകുന്നതെങ്കിൽ അത് മനസിലാക്കുന്ന നിമിഷത്തിൽ തന്നെ ശരിയായ ദിശയിലേക്കു മടങ്ങി വരുവാൻ നാം കാണിക്കുന്ന വെപ്രാളവും അതിനായുള്ള നടപടികളുമാണ് യഥാർത്ഥ മനസാന്തരത്തിൽ വെളിവാകുന്നത്. ശരിയായ ലക്ഷ്യസ്ഥാനത്തു എത്തണമെങ്കിൽ ശരിയായ വഴിയിലും, ദിശയിലും, വാഹനത്തിലും യാത്ര ചെയ്തെങ്കിൽ മാത്രമേ സാധ്യമാവുകയുള്ളൂ. ഓരോ ദിവസവും രാവിലെ ഉണർന്നു എഴുന്നേൽക്കുമ്പോൾ നിത്യജീവനിലേക്കു പ്രയാണം ചെയ്യുന്ന യാത്രികരാണോ, ശരിയായ വഴിയിൽ തന്നെയാണോ, എന്നു നമ്മെത്തന്നെ ശോധനചെയ്യേണ്ടതുണ്ട്.

താഴ്മയിൽ സന്തോഷിക്കുവാൻ, ഉള്ള അവസ്ഥയിൽ സംതൃപ്തരായിരിക്കുവാൻ കഴിയുന്നതു വരെയും മാനസാന്തര അനുഭവത്തിൽ വളരേണ്ടതുണ്ട്. മാനസാന്തരത്തിലൂടെ ക്രിസ്തുവിനെ അംഗീകരിച്ച ഒരു വ്യക്തി ക്രിസ്തുവിനോട് സമനായി അനുരൂപപ്പെടുന്നതുവരെയും തുടർന്ന് കൊണ്ടിരിക്കുന്ന ഒരു തുടർ പ്രക്രിയയാണ് യഥാർത്ഥ മാനസാന്തരം. നമ്മിൽ നിന്ന് കാൽവറി സ്നേഹം കവിഞ്ഞൊഴുകുന്നതുവരെയും സ്വാർത്ഥ സ്വഭാവത്തിൽ നിന്ന് പുറത്തുവരുവാൻ മാനസാന്തരപ്പെട്ടുകൊണ്ടേയിരിക്കണം. ഇത് പോലെ, നമ്മിൽ ഇഴുകിച്ചേർന്നിരിക്കുന്ന എല്ലാ പാപ സ്വഭാവങ്ങളിൽ നിന്നും പൂർണ്ണമായി മോചനം പ്രാപിക്കുന്നത് വരെയും തുടരുന്ന ഒരു വളർച്ചയുടെ അനുഭവം ആണ് യഥാർത്ഥ മാനസാന്തരം. അത് ക്രിസ്തുവിന്റെ തലയോളം വളരുന്നതു വരെ തുടരുക തന്നേ വേണം. നമ്മിലെ ഏതു തരത്തിലുള്ള അശുദ്ധിയും പൂർണ്ണമായി അലിഞ്ഞില്ലാതാകുന്നതുവരെ ഉള്ളിൽ

ശേഷം പേജ് 28 ▶



ചെയ്സ് ജോസഫ്

പാപസംബന്ധമായി മരിച്ചവർ, ക്രിസ്തുയേശുവിൽ ദൈവത്തിനു ജീവിക്കുന്നവർ...

നാം കഴിഞ്ഞ ലക്കങ്ങളിൽ എല്ലാം കണ്ടത് പാപം എങ്ങനെ നമ്മെ അടിമകൾ ആക്കുന്നു എ ന്നും ഒന്നൊഴിയാതെ എല്ലാ മനുഷ്യരും എങ്ങനെ ദൈവകോപത്തിനു പാത്രം ആവുന്നു എന്നുമാണ്. ദൈവത്തിന്റെ കോപം തീർച്ചയായും എല്ലാ പാപി കളുടെയും മേൽ വരും എന്ന് ദൈവവചനം പറ യുന്നു. അത് ദൈവത്തിന്റെ നിയമം ലഭിച്ചിട്ടുള്ള യഹൂദർക്കും ദൈവത്തിന്റെ നിയമം എന്തെന്ന് പ്രത്യേകമായി അറിയാത്ത വിജാതീയർക്കും വരും. പാപം ചെയ്ത ആർക്കും പാപത്തിന്റെ ശിക്ഷയിൽ നിന്നും ഒഴിയുവാൻ കഴിയുകയില്ല. അതിൽ ഏറ്റ വും പ്രധാനമായ കാര്യം പാപം ചെയ്താൽ ശിക്ഷി ക്കപ്പെടും എന്ന വസ്തുത പൊതു വെളിപ്പാടിന്റെ ഭാഗമായി തന്നെ സകലരും അറിയുന്നുണ്ട്. എങ്കി ലും, പാപത്തെ ഉപേക്ഷിച്ചു ശിക്ഷാവിധി ഒഴിഞ്ഞു പോകുവാൻ ഒരാൾക്കും കഴിയുകയില്ല. കാരണം ജഡത്തിൽ ഉള്ള അടിമത്തം നമ്മെ പാപത്തോടു ബന്ധിക്കുകയും സ്വയം രക്ഷപ്പെടൽ അസാധ്യമാ ക്കി മാറ്റുകയും ചെയ്യുന്നു. എങ്ങനെ ആണ് നാം പാപത്തിന്റെ അടിമത്തത്തിൽ നിന്ന് രക്ഷപ്പെടുന്ന ത്? അതാണ് റോമാ ലേഖനത്തിന്റെ ആറും ഏഴും എട്ടും അധ്യായങ്ങൾ നമ്മെ പഠിപ്പിക്കുന്നത്. ക്രി സ്തുവിന്റെ മരണത്തോട് നമ്മെ ഏകീഭവിപ്പിക്കു ന്ന ഒരു സ്നാനത്തെ കുറിച്ചാണ് നാം കഴിഞ്ഞ അ ധ്യായങ്ങളിൽ പറഞ്ഞു തുടങ്ങിയത്. എന്നാൽ റോമാ ലേഖനം ആറാം അധ്യായത്തിന്റെ ആറാം വാക്യം മുതൽ പാപത്തിൽ നിന്നുള്ള വിടുതൽ എ ന്ന വിഷയത്തിലേക്കു കടക്കുകയാണ്. യഥാർത്ഥ ത്തിൽ പൗലോസ് പറയാൻ ആഗ്രഹിക്കുന്നത് യേശുക്രിസ്തുവിന്റെ മരണത്തോടുള്ള നമ്മുടെ കൂ ടിച്ചേരൽ ആണ്. പാപത്തിന്റെ അടിമത്തത്തിൽ നി ന്നുള്ള മോചനം സാധ്യമാക്കുന്ന ഏക വഴി.

റോമർ 6: 6, 7 നാം ഇനി പാപത്തിനു അടി മപ്പെടാതെ വണ്ണം പാപ ശരീരത്തിനു നീക്കം വരേണ്ടതിനു നമ്മുടെ പഴയ മനുഷ്യൻ അവനോടു കൂടെ ക്രൂശിക്കപ്പെട്ടു എന്ന് നാം അറിയുന്നു. അ ങ്ങനെ മരിച്ചവൻ പാപത്തിൽ നിന്ന് മോചനം പ്രാ പിച്ചിരിക്കുന്നു.

എന്താണ് ഈ വാക്യത്തിലൂടെ നാം മനസ്സിലാ ക്കുന്നത്? അവിശ്വസനീയമായ ഒരു കാര്യമാണ് ഈ വാക്യത്തിലൂടെ പൗലോസ് നമ്മോടു പറയുന്നത്. നമ്മുടെ പഴയ മനുഷ്യൻ യേശുക്രിസ്തുവിന്റെ കൂടെ ക്രൂശിക്കപ്പെട്ടു, അങ്ങനെ മരിച്ചു എന്ന് നാം വായിക്കുന്നു. പക്ഷെ ഇത് നമുക്ക് അനുഭവി ക്കാനോ വിശ്വസിക്കാനോ കഴിയാത്തതിന്റെ കാര ണം അത് ആക്ഷരീകമായി നാം അനുഭവിക്കുന്നി ല്ല എന്നതാണ്. ദൈവത്തിന്റെ തീരുമാനത്തിലും അ വന്റെ കോടതിയിലും ആണ് ആ മരണം നടക്കു ന്നത്. നമ്മുടെ ശിക്ഷാവിധി ക്രൂശിൽ തീർന്നു എ ന്നതാണ് അതിന്റെ ആദ്യത്തെ അർഥം. അവന്റെ മരണത്തിലൂടെ നമ്മുടെ ശിക്ഷാവിധി ഒഴിഞ്ഞു പോയി. എന്നാൽ നാം ഒരു കാര്യം കൂടെ ഇവിടെ ശ്രദ്ധിക്കേണ്ടത് ഉണ്ട്. പാപത്തിന്റെ ശിക്ഷ മാത്രം അല്ല തീർന്നത്, അതിന്റെ അടിമത്തം കൂടെ ആണ്. അങ്ങനെ ചിന്തിക്കുമ്പോൾ ആ മരണം നമ്മുടെ വി ശുദ്ധീകരണത്തിന്റെയും രക്ഷയുടെയും ഭാഗമാണ്.

ഏഴാം വാക്യം പറയുന്നത് യേശുക്രിസ്തുവിന്റെ കൂടെയുള്ള മരണം നമ്മെ പാപത്തിൽ നിന്ന് മോചിപ്പിച്ചിരിക്കുന്നു എന്നാണ്.

യേശുക്രിസ്തുവിന്റെ മരണത്തിലൂടെ നമ്മുടെ ശിക്ഷാവിധി മാറിപോയതു ഒരു പക്ഷെ നമുക്ക് ഉൾകൊള്ളാൻ കഴിഞ്ഞാലും, നമുക്ക് മനസ്സിൽ നിശ്ചയത്തോടെ വിശ്വസിക്കുവാൻ വളരെ ബുദ്ധിമുട്ടുള്ള ഒരു കാര്യമാണ്, പാപത്തിന്റെ അടിമത്തത്തിൽ നിന്നും കൂടെ നാം മോചിപ്പിക്കപ്പെട്ടിരിക്കുന്നു എന്നത്. ആ ഒരു അർത്ഥത്തിൽ ആണ് പൗലോസ് ഈ വാക്യങ്ങളിൽ ക്രൂശിലെ യാഗത്തെ കുറിച്ചും നമുക്ക് അവന്റെ മരണത്തോടുള്ള അനുരൂപതയെ കുറിച്ചും പരാമർശിക്കുന്നത്. ഈ വാക്യങ്ങളിൽ സ്നാനം പോലും ഒരു ദൈവീക കല്പനയുടെ അനുസരണം എന്ന അർത്ഥത്തിൽ മാത്രമല്ല, പാപത്തിൽ നിന്നുള്ള മോചനം പ്രാപിച്ചു നാം വിശുദ്ധീകരണം പ്രാപിക്കുന്നതിന് ആവശ്യം എന്ന രീതിയിൽ ആണ് പൗലോസ് പ്രസ്താവിക്കുന്നത്. യഥാർത്ഥത്തിൽ ഈ വാക്യഭാഗം പാപത്തിൽ നിന്നുള്ള മോചനം പ്രാപിക്കുക എന്ന കാര്യമാണ് പ്രസ്താവിക്കുന്നത്.


യേശുക്രിസ്തുവിന്റെ മരണത്തെ കുറിച്ച് നാം ഏറ്റു പറയേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം അത് എനിക്ക് വേണ്ടിയും, എന്റെ മരണത്തിനു പകരമായും എന്നാണ്. ഞാൻ മരിക്കേണ്ട സ്ഥാനത്തു യേശുക്രിസ്തു മരിച്ചു. അത് എങ്ങനെ ആണ് എന്നെ പാപത്തിൽ നിന്നും മോചിപ്പിച്ചത്? പൗലോസ് പറയുന്നത്, ക്രിസ്തു മരിച്ചപ്പോൾ നമ്മുടെ പാപ മനുഷ്യനും, അതായത്, നമ്മുടെ പാപ പ്രകൃതവും മരിച്ചു എന്നതാണ്. എന്റെ മരണം കൂടെ ആണ് ഞാൻ ഏറ്റു പറയുന്നത്. ഇനി ഞാൻ അല്ല ജീവിക്കുന്നത്, ഞാൻ മരിച്ചു. ഇത് ഒരു വലിയ കാര്യം ആണ്. എന്നെ ഇത്രയും നാൾ നടത്തികൊണ്ടിരുന്ന തത്വങ്ങൾക്കു ഞാൻ മരിച്ചു. എന്നെ നയിച്ചു കൊണ്ടിരുന്ന ഏറ്റവും വലിയ അധികാരി ഞാൻ തന്നെ ആയിരുന്നു. ആ അധികാരി കാൽവറി ക്രൂശിൽ മരിച്ചു, ക്രിസ്തുവിന്റെ കൂടെ. അധികാരിയായ ആ പഴയ മനുഷ്യനെ ഞാൻ ഇനി അനുസരിക്കേണ്ടതില്ല. ആ മരണത്താൽ ഞാൻ എന്നേക്കുമായി ആത്മാവിൽ ഉള്ള പരിച്ഛേദന ഏൽക്കുകയും എന്റെ പഴയ കൽമനസ്സു മുറിച്ചു മാറ്റപ്പെടുന്നു. ഈ ഒരു വിജയം വിശ്വാസത്താൽ ആണ് നമുക്ക് ലഭിക്കുന്നത്. ഇത് ഒരു വാഗ്ദത്തം ആണ്. ഒരിക്കലും കാഴ്ചയാൽ വരുന്നത് അല്ല. അത് കൊണ്ട് തന്നെ അനുഭവങ്ങളാൽ നമുക്ക് ഒരിക്കലും ഈ സത്യത്തിലേക്ക് വരുവാൻ കഴിയുകയില്ല. നാം പലപ്പോഴും കർത്താവിനെ നമ്മുടെ സാധാരണ ജീവിതത്തിൽ അനുഭവങ്ങളിലൂടെ അറിയുവാൻ ശ്രമിക്കുന്നതു കൊണ്ടാണ് നാം പരാജയപ്പെടുകയും വിശ്വാസം ഇല്ലാത്തവർ ആയി ജീവിക്കുകയും ചെയ്യുന്നത്. എന്നാൽ വിശ്വാസം കാഴ്ച്ചക്കു അപ്പുറത്ത് ഉള്ള യാഥാർഥ്യങ്ങളിലേക്കു നമ്മെ കൊണ്ടു പോകുന്നു. ക്രിസ്തുവിനോട് കൂടെ ഞാൻ മരിച്ചു എന്ന വിശ്വാസവും ഏറ്റു പറച്ചിലും എങ്ങനെ ആണ് എന്നെ പാപത്തിന്റെ അടിമത്തത്തിൽ നിന്ന് വിടുവിക്കുന്നത്?

യേശുക്രിസ്തുവിന്റെ മരണത്തെ കുറിച്ച് നാം ഏറ്റു പറയേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം അത് എനിക്ക് വേണ്ടിയും, എന്റെ മരണത്തിനു പകരമായും എന്നാണ്. ഞാൻ മരിക്കേണ്ട സ്ഥാനത്തു യേശുക്രിസ്തു മരിച്ചു. അത് എങ്ങനെ ആണ് എന്നെ പാപത്തിൽ നിന്നും മോചിപ്പിച്ചത്?

നമുക്ക് തന്നെ പൂർണ്ണ നിയന്ത്രണം ഒരിക്കലും സാധ്യമാവാത്ത നമ്മുടെ വികാരങ്ങളും നമ്മുടെ ചിന്തകളും ചേർന്ന് സൃഷ്ടിക്കുന്ന ഒരു മിഥ്യയിലാണ് നാം പലപ്പോഴും ജീവിക്കുന്നത്. നമുക്ക് ഒരാളോട് തോന്നുന്ന വികാരം വെറുപ്പ് ആണെങ്കിൽ നമ്മുടെ പ്രവൃത്തികൾ പുറമെ എത്ര നന്നായാലും പാപത്തിന്റെ അടിമത്തം മാറുന്നില്ല. എങ്ങനെ ആണ് വെറുപ്പ് എന്ന വികാരത്തെ മാറ്റുന്നത്? അത് ഏകദേശം അസാധ്യമാണ്. കാരണം, എന്റെ തീരുമാനമായിരുന്നില്ല അയാളെ വെറുക്കുക എന്നുള്ളത്. ഞാൻ വളർന്ന ജീവിത സാഹചര്യങ്ങൾ, എന്റെ വിലയിരുത്തലുകൾ, ധർമബോധങ്ങൾ എല്ലാം ചേർന്നു സൃഷ്ടിച്ചതാണ് ആ വെറുപ്പ്. അത് വെറുതെ തൂത്തു കളഞ്ഞാൽ പോകുന്നതല്ല. ഞാൻ തന്നെ മാറണം. എനിക്ക് ക്രിസ്തുവിന്റെ കാഴ്ച കിട്ടണം. ഞാൻ എങ്ങനെ മാറും? അതിനുള്ള ഏക വഴി യേശുക്രിസ്തുവിന്റെ മരണത്തോടുള്ള ഏകീഭാവം ആണ്. ആ മരണത്താൽ മാത്രമേ നമ്മുടെ അടിമത്തം നീങ്ങുകയുള്ളൂ. വിശ്വാസത്താൽ നാം മരണ പുനരുത്ഥാനങ്ങളുടെ പങ്കാളിത്തം അനുഭവിക്കുന്നത് ആണ് ശരിയായ ആത്മീക വിജയം.

മരിച്ചവൻ പിന്നെ പാപത്തിനു അടിമ അല്ല. അതുകൊണ്ട് ഞാൻ എന്റെ മരണത്തിൽ വിശ്വസിക്കുമ്പോൾ മറ്റുള്ളവർ നിന്ദിക്കുന്നതോ,

ശേഷം പേജ് 27 ▶



തിരഞ്ഞെടുപ്പ്

അമേരിക്കൻ ഐക്യ നാടുകളുടെ നാല്പത്തിയാറാമതു പ്രസിഡന്റായി ഡെമോക്രാറ്റിക് സ്ഥാനാർഥി ആയിരുന്ന ജോ ബൈഡൻ തിരഞ്ഞെടുക്കപ്പെട്ടു . അതോടൊപ്പം വൈസ് പ്രസിഡന്റായി, ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യൻ വംശജ കമല ഹാരിസും തിരഞ്ഞെടുക്കപ്പെട്ടു. ട്രംപിന്റെ പരാജയത്തിന് കാരണമായി ദിന പത്രങ്ങൾ റിപ്പോർട്ട് ചെയ്തത് അദ്ദേഹം സ്വന്തം തോന്നലുകൾക്കും ഇഷ്ടങ്ങൾക്കും അനുസരിച്ചു എടുത്ത നിലപാടുകൾ ആണെന്നായിരുന്നു. പത്ര റിപ്പോർട്ട് ശരിയും ആയിരിക്കാം. ഇത്തരം നിലപാടുകൾ പല നേതാക്കളുടെയും പരാജയത്തിനും തകർച്ചയ്ക്കും കാരണം ആയിട്ടുമുണ്ട്. എന്നാൽ തന്റെ ഭരണകാലത്തു ധീരമായ ചില നിലപാടുകൾ അദ്ദേഹം സ്വീകരിച്ചിരുന്നു എന്നത് വിസ്മരിക്കാനും വയ്യ. ഉദാഹരണത്തിന് ഗൾഫ് രാജ്യങ്ങളും യിസ്രായേലും തമ്മിലുള്ള സമാധാന കരാർ, യെരുശലേമിനെ യിസ്രായേലിന്റെ തലസ്ഥാനം ആക്കിക്കൊണ്ടുള്ള പ്രഖ്യാപനം, ഉത്തര കൊറിയൻ ഏകാധിപതി കിം ജോങ്ങുമായുള്ള ഉച്ചകോടികൾ എന്നിങ്ങനെ പ്രശംസനീയമായ പലതും. എന്നിരുന്നാലും ഒരു ഭരണാധികാരിക്ക് ഉണ്ടായിരിക്കേണ്ട മാന്യതയും അന്തസും പരസ്പര ബഹുമാനവും അദ്ദേഹം കാണിച്ചിരുന്നില്ല, ഇത് തന്റെ വ്യക്തിത്വത്തിന്റെ കളങ്കമായി ശേഷിച്ചത് ജനമനസ്സിൽ പ്രീതി കുറയുവാൻ കാരണവും ആയി. ഇപ്പോൾ ഭരണത്തിൽ ഇരിക്കുന്ന എല്ലാവരും ഇത് ഒരു പാഠവും മുന്നറിയിപ്പുമായി കണ്ടാൽ നന്ന്.

ഇപ്പോൾ നമ്മുടെ കേരളത്തിലും തദ്ദേശ തിരഞ്ഞെടുപ്പ് കോലാഹലങ്ങൾ കൊണ്ടു മുഖരിതമാണല്ലോ. വളരെ പ്രതീക്ഷകളോടെ അധികാരത്തിലേറ്റിയവരിൽ നിന്നും ഒട്ടും പ്രതീക്ഷിക്കാത്ത ജീർണിച്ച ധാർമ്മികതയാണ് ജനങ്ങൾക്ക് കാണുകയും അനുഭവിക്കുകയും ചെയ്യേണ്ടിവന്നത്. തെറ്റ് ആരു ചെയ്താലും തെറ്റ് തന്നെ, ആ തെറ്റ് സമ്മതിക്കുകയും തിരുത്തുകയും ചെയ്തിരുന്നു എങ്കിൽ നഷ്ടപ്പെട്ട ജന പ്രീതി ഒരളവു വരെയെങ്കിലും വീണ്ടെടുക്കാമായിരുന്നു. ഇത് മനസിലാക്കാതെ ന്യായീകരിച്ചതാണ് നേതൃത്വത്തിനു പറ്റിയ അമളി. തെറ്റിന് കൂട്ടുനിൽക്കുന്ന വ്യക്തിയും അതേ തെറ്റ് തന്നെ ആണ് ചെയ്യുന്നത്. അത് കൂടാതെ ഒരു വലിയ ദോഷം, തെറ്റ് ചെയ്യുന്നവന് കൂടുതൽ ഊർജ്ജവും കരുത്തും ധൈര്യവും ലഭിക്കുകയും കൂടി ആണ് ചെയ്യുന്നത്.

കോവിഡ് വ്യാപനം കൈ വിട്ടു പോയേക്കാവുന്ന സാഹചര്യത്തിൽ തിരഞ്ഞെടുപ്പിനായി കൂടിവന്ന ആൾക്കൂട്ടം ഭീകരമായ ഭവിഷ്യത്തുകൾക്കു കാരണവും ആകാം. തൽഫലമായി ജനങ്ങൾ നേരിടേണ്ടിവരിക മറ്റൊരു ദുരന്തം തന്നെയായിരിക്കും. ദൂരവ്യാപകമായ ദീർഘവീക്ഷണത്തോടെ എടുക്കേണ്ടിയിരുന്ന ഒരു തീരുമാനം ആയിരുന്നു തിരെഞ്ഞെടുപ്പ് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ. അതിൽ വരുത്തിയ വീഴ്ച മൂലം വരുന്ന വിന താങ്ങുവാൻ പാവം ജനങ്ങൾക്ക് കഴിയുമോ ആവോ ?

ജനനന്മ ലക്ഷ്യമാക്കി പദ്ധതികൾ തയ്യാറാക്കുകയും നടപ്പിൽ വരുത്തുകയും ചെയ്താൽ പട്ടിണിയും തത്തുല്യമായ സാമൂഹിക പ്രശ്നങ്ങളും മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾ പരിഹരിക്കുവാനും കഴിയും എന്നത് 'കിഴക്കമ്പലം 2020' പോലുള്ള നീക്കങ്ങളിലൂടെ തെളിയിക്കപ്പെട്ടതാണ്. അടിസ്ഥാനപരമായി രാഷ്ട്രീയ പ്രേരിതമല്ലാത്ത ജനകീയ കൂട്ടായ്മ അടിത്തറയാക്കി മുന്നേറിയാൽ അഴിമതി രഹിത ഭരണം കാഴ്ച വയ്ക്കുവാൻ കേരളത്തിനു സാധിക്കും എന്നത് തർക്കമറ്റ സംഗതിയാണ്. കിഴക്കമ്പലത്തെ ജനകീയ കൂട്ടായ്മ വഴിയുള്ള നേട്ടങ്ങൾ യുട്യൂബിലൂടെ വിശദമാക്കുന്ന ചിത്രീകരണങ്ങൾ ലഭ്യമാണ്. അതിനു സമാനമായ ലക്ഷ്യങ്ങളുള്ള അഴിമതി രഹിത രാഷ്ട്രീയ നേതൃത്വം ആണ് ഏതു രാജ്യത്തിന്റെയും പ്രഥമ പരിഗണന അർഹിക്കുന്ന ആവശ്യം. രാഷ്ട്രീയ, ഔദ്യോഗിക, നീതിന്യായ, ആത്മിക നേതൃത്വങ്ങൾ ധാർമ്മീക മൂല്യങ്ങൾക്ക് പ്രായോഗികമായി വലിയ വില കൊടുക്കേണ്ടത് അനിവാര്യം ആണ്. ■





ഡോ.സുജിത്ത് സൈമൺ

കോപത്തോട് വിട പറയൂ

മനുഷ്യൻ മനുഷ്യനെ സ്നേഹിക്കേണ്ടതിനു പകരം ചരിത്രാതീതകാലം മുതൽ, വിദ്വേഷത്തിന്റെയും പ്രതികാരത്തിന്റെയും അടിമകളായി മാറി പരസ്പരം യുദ്ധം ചെയ്യുകയാണ്. ആദിമ മാതാപിതാക്കൾ ദൈവസ്നേഹത്തിൽ നിന്ന് അകന്ന്, പിശാചിന്റെ വചനം ശ്രവിച്ച് പാപം ചെയ്തു. അപ്പോൾ സ്നേഹനിധിയായ ദൈവത്തിന്റെ സ്നേഹവായ്പ്പിന്റെ ഒഴുക്ക് നിലച്ചു. മനുഷ്യൻ വെറുപ്പും വിദ്വേഷവും കോപവും നിറഞ്ഞ, മുറിവേറ്റ പ്രകൃതത്തിന്റെ ഉടമയായി. ആദമിന് തന്റെ അസ്ഥിയും മാംസവുമായ ഹവ്വായോട് കയ്പ്പായി. അവരുടെ സന്താനങ്ങളിൽ കയീൻ സ്വന്തം അനുജനെ അറുകൊല ചെയ്തു. വിദ്വേഷത്തിന്റെയും വെറുപ്പിന്റേതുമായ നീചപ്രകൃതം പിന്നീടുള്ള തലമുറയിൽ സജീവമായി തുടരുന്നു. ഒരു ആത്മ പരിശോധന നടത്തിയാൽ നമ്മിലും ഈ തിന്മയുടെ ശക്തി ചെറുതോ വലുതോ ആയ അളവിൽ നിലനിൽക്കുന്നത് കാണാം. എന്നാൽ കോപത്തോടുള്ള വിശ്വാസികളുടെ പ്രതികരണം അതിനെ പാടെ പരിത്യജിക്കണമെന്നുള്ളതാണ്. "എല്ലാ കൈപ്പും കോപവും ക്രോധവും കൂറ്റാരവും ദൂഷണവും സകല ദുർഗുണവുമായി നിങ്ങളെ വിട്ടു ഒഴിഞ്ഞു പോകട്ടെ" (എഫെസിയർ 4 : 31) എന്നാണ് ദൈവ വചനം നിഷ്കർഷിക്കുന്നത്. ഒരിക്കലും ദൈവത്തോടു കോപിക്കുകയോ, ദൈവ വചനത്തോടു മുറുതലിക്കുകയോ അരുത്. മനുഷ്യന്റെ കോപം ദൈവ നീതിയെ പ്രവർത്തിക്കുന്നില്ല. നീതി പ്രവർത്തിപ്പാൻ കോപിഷ്ഠനായ ഒരുവനും കഴിയുകയില്ല. "ദീർഘക്ഷമയുള്ളവൻ മഹാബുദ്ധിമാൻ; മുൻകോപിയോ ഭോഷത്വം ഉയർത്തുന്നു" (സദൃശ വാക്യം 14 ; 29). അതുകൊണ്ട് "കോപം കളഞ്ഞു ക്രോധം ഉപേക്ഷിക്കുക; മുഷിഞ്ഞു പോകരുത്, അതു ദോഷത്തിനു ഹേതുവാകുകയേയുള്ളൂ എന്നാണ് സങ്കീർത്തനക്കാരൻ പറയുന്നത്. ഹാബേലിനെ കൊല ചെയ്യുന്നതിനു മുമ്പേ കയീനിൽ കോപം വന്നു എന്നു വായിക്കുന്നു. മനസ്സിന്റെ സമനില നശിപ്പിക്കുന്ന പ്രബലമായ വികാരമാണിത്. ചിലർക്ക് കോപം വരുമ്പോൾ പ്രതികാരം ചെയ്യുവാൻ കഴിയുന്നില്ലെങ്കിൽ, വീട്ടുപകരണങ്ങൾ തല്ലിപ്പൊട്ടിക്കുകയും, കതക് വലിച്ചടയ്ക്കുകയും ഒക്കെ ചെയ്യാറുണ്ട്. കോപത്തെ പുറത്താക്കാതെ ആർക്കും ഒരു തികഞ്ഞ ആത്മീകനായിരിക്കുക സാദ്ധ്യമല്ല. ശരീരാത്മ ദേഹിയെ ക്യാൻസർ കണക്കേ നശിപ്പിക്കുന്ന ഈ മാരക വികാരത്തെ ദൈവമക്കൾ നിയന്ത്രണ വിധേയമാക്കുകയും പാടേ ഉപേക്ഷിക്കുകയും ചെയ്യണം.

കോപത്തിന്റെ പിന്നിലെ മന:ശാസ്ത്രം

പ്രതികാരം ചെയ്യുക എന്ന ഉദ്ദേശ്യത്തോടു കൂടി ഹൃദയത്തിൽ സൂക്ഷിക്കുന്ന വികാരമാണ് കോപം. അത് എത്ര നാൾ വേണമെങ്കിലും ഹൃദയത്തിന്റെ അടിത്തട്ടിൽ സൂക്ഷിച്ചു വെയ്ക്കുവാൻ കഴിയും. ഇത്തരം അടിച്ചമർത്തപ്പെട്ട കോപം ശരീരത്തിൽ വിവിധങ്ങളായ രോഗലക്ഷണങ്ങളായി വെളിപ്പെടുമെന്ന് മന:ശാസ്ത്രജ്ഞന്മാർ പറയുന്നു. കോപം അഹങ്കാരത്തിന്റെ ഒരു ഉല്പന്നമാകുന്നു. മനുഷ്യനിലെ കോപം അവനെ ദോഷത്തിലേക്ക് നയിക്കുമെന്നല്ലാതെ അവനിൽ യാതൊരു നന്മയും ഉളവാക്കുകയില്ല. കോപം പ്രവൃത്തിപദത്തിൽ എത്തുന്നതിനു മുമ്പേ ഹൃദയത്തിലാണ് ഉടലെടുക്കുന്നത്. കോപം മനസ്സിന്റെ ഉള്ളറയിൽ ഒതുക്കി വെച്ചുകൊണ്ട് ദിനരാത്രങ്ങൾ മുമ്പോട്ടു പോയാൽ അത് മനസ്സിന്റെ ഉപബോധ മണ്ഡലത്തിലേക്ക്

താണിറങ്ങി കലഹ പ്രിയനായ പിശാചിന് പ്രവർത്തിക്കുവാനുള്ള സാഹചര്യം ഒരുക്കി കൊടുക്കും. കോപം വായിലെ ഉമിനീരിന്റെ രാസഘടനയിൽ പരിവർത്തനം ഉണ്ടാക്കി ഒരു വിഷം ആക്കിത്തീർക്കുന്നു എന്നും ശാസ്ത്രജ്ഞന്മാർ പറയുന്നു. കോപാക്രാന്തയായ ഒരമ്മ കുഞ്ഞിനു മുലയൂട്ടുന്നെങ്കിൽ വിഷമാണ് ആ കുഞ്ഞിന് നൽകുന്നത്. ഒരു വൃക്ഷത്തിന്റെ ചെറുതും വലുതുമായ പല ശിഖരങ്ങൾ പോലെ, നമ്മിലുള്ള കോപത്തിന്റെ വേരു വളർന്ന് വലുതാകുംതോറും സ്നേഹം കെട്ടടങ്ങി, പല രൂപത്തിലും ഭാവത്തിലുമായി വളരുന്നു. വെറുപ്പ്, പക, പ്രതികാരം, അമർഷം, സ്പർദ്ധ, ശത്രുത, അക്രമം, കൊലപാതകം, ഇതെല്ലാം സ്നേഹത്തിനെതിരായ തിന്മയുടെ പല വികൃത മുഖങ്ങളാണ്.

വെറുപ്പ് (നീരസം) (Aversion)

ഇത് ഏതെങ്കിലും വ്യക്തിയോടു തോന്നുന്ന അനിഷ്ടം അല്ലെങ്കിൽ അതൃപ്തിയാണ്. എന്തു കൊണ്ടാണ് ഉണ്ടായതെന്നു പോലും വിശദീകരിക്കാൻ ചിലപ്പോൾ പ്രയാസമാണ്. മറ്റുള്ളവരിൽ നിന്നുള്ള ബോധപൂർവ്വമായ മുറിവായിരിക്കണമെന്നില്ല. ഒരു തെറ്റിദ്ധാരണയിൽ നിന്നുണ്ടായതാകാം. പരസ്പരം യോജിക്കാത്ത സ്വഭാവ പ്രകൃതത്തിൽ (Temparament) നിന്നുണ്ടായതാകാം. വ്യത്യസ്തമായ സ്വഭാവമുള്ളവർ ഇടപെടുമ്പോൾ അറിയാതെ നീരസം ഉണ്ടായെന്നിരിക്കാം. ഓരോരുത്തരും ചിന്തിക്കും എന്നിലെ പ്രശ്നത്തിന് മറ്റെ വ്യക്തിയാണ് കാരണം എന്ന്. എന്നാൽ പലപ്പോഴും ഇങ്ങനെയുള്ളവർക്കുണ്ടാകുന്ന അസ്വാരസ്യം സ്വന്തം സ്വഭാവത്തിൽ നിന്നുള്ളതായിരിക്കും എന്നതാണ് യാഥാർത്ഥ്യം. എന്നാൽ പ്രസ്തുത വ്യക്തി ഇത് അംഗീകരിക്കയില്ല. മറ്റുള്ളവരോടു ശരിയായി മറുപടി പറയാത്തതും, തർക്കുത്തരം പറഞ്ഞു വേദനിപ്പിക്കുന്ന രീതിയിൽ അർത്ഥം വെച്ചു കളിയാക്കുന്നതും നീരസം നിലനിൽക്കുന്നതിന്റെ സൂചനയാണ്.

ഈർഷ്യ- അമർഷം (Resentment)

ഈർഷ്യ വെറുപ്പിനോടു ബന്ധപ്പെട്ട തിന്മയാണ്. കോപിഷ്ഠരോ, പ്രതികാര വാഞ്ഛയുള്ളവരെ പോലെയോ ഇവർ മറ്റുള്ളവരെ ഉപദ്രവിക്കുകയോ മുറിവേൽപ്പിക്കുകയോ ചെയ്യുന്നില്ല. അഹങ്കാരത്തോടെ ഉള്ളിൽ കയ്പു നിറഞ്ഞ, വിഷാദാത്മകമായ മനസ്സിന്റെ തടവറയിൽ സ്വയം അടച്ചു കഴിയുന്നു. ബാഹ്യമായി സന്തോഷഭാവം പ്രകടിപ്പിച്ച് സ്വയം വഞ്ചിച്ച് ജീവിക്കുന്നു. ഈർഷ്യ നിമിത്തം, സ്നേഹം ഉള്ളിൽ ഒതുക്കിയാൽ സാവകാശം അതു

പക നീരസത്തെക്കാൾ, അമർഷത്തേക്കാൾ, പ്രതികാര ചിന്തയെക്കാൾ കുറെക്കൂടി ബോധപൂർവ്വമുള്ളതാണ്. സ്നേഹത്തിന്റെ നേരിയ പ്രകാശം പോലുമില്ലാതെ ഇരുളിന്റെ, പിശാചിന്റെ തനി പ്രവർത്തന മേഖലയാണ് ഇത്

വറ്റിവരണ്ടു പോകും.

സ്പർദ്ധ – Grudge

ഒരാളുടെ ഉള്ളിൽ മറ്റൊരു വ്യക്തിയോടു നീണ്ടു നിൽക്കുന്ന നീരസമാണ് സ്പർദ്ധ. മറ്റെ വ്യക്തി തന്നെ വേദനിപ്പിച്ചു, അപമാനിച്ചു എന്നുള്ള ചിന്ത. ഇത് യഥാർത്ഥത്തിലുള്ളതായിരിക്കാം, ചിലപ്പോൾ വെറും തോന്നലോ, സംശയത്തിൽ നിന്നുള്ളതോ ആയിരിക്കാം. ഇവർ പലപ്പോഴും സംസാരിക്കാതെ, ചോദിച്ചാൽ ഉത്തരം പറയാതെ, ദു:ഖത്തിന്റെ നിഴലിൽ കഴിയുന്നു. ഇവരുടെ നിശബ്ദത കോപത്തിൽ പൊതിഞ്ഞതാണ്.

പ്രതികാരം (Revenge)

വെറുപ്പിൽ നിന്നും നീരസത്തിൽ നിന്നും വരുന്ന ശക്തമായ പ്രതികരണമാണ് പ്രതികാരം. കോപത്തിൽക്കൂടിയാണ് ഇതു പ്രകടിപ്പിക്കുന്നത്. ചില വ്യക്തികൾ മറ്റുള്ളവരിൽ നിന്നുള്ള യഥാർത്ഥമായതോ, തോന്നലിൽ നിന്നുള്ളതോ ആയ മുറിവുകളെ, ഒരിക്കലും മറക്കാതെ ഉള്ളിൽ അടക്കി വെച്ചിരിക്കുന്നു. തിരിച്ചടിക്കുവാൻ അവസരം ലഭിക്കുന്നതു നോക്കിയിരിക്കുകയും അവസരം ലഭിക്കുമ്പോൾ തിരിച്ചടിക്കുകയും അതിൽ സന്തോഷിക്കുകയും ചെയ്യുന്നു. പ്രതികാര മനോഭാവം ഒരാളുടെ സ്വഭാവത്തിന്റെ ഏറ്റവും ബലഹീന വശം വെളിപ്പെടുത്തുന്നു.

പക, വിരോധം (Hatred)

എതിരാളിയോടുള്ള കോപം മനസ്സിൽ ഘനീഭവിച്ച് നീണ്ടു നിൽക്കുന്ന ശത്രുതയായി മാറുന്നു. പക നീരസത്തെക്കാൾ, അമർഷത്തേക്കാൾ, പ്രതികാര ചിന്തയെക്കാൾ കുറെക്കൂടി ബോധപൂർവ്വമുള്ളതാണ്. സ്നേഹത്തിന്റെ നേരിയ പ്രകാശം പോലുമില്ലാതെ ഇരുളിന്റെ, പിശാചിന്റെ തനി പ്രവർത്തന മേഖലയാണ് ഇത്. ആത്യന്തികമായി ഈ തിന്മ കൊലപാതകത്തിൽ ചെന്നു നിൽക്കുന്നു. സ്വന്തം സഹോദരന്റെ കാവൽക്കാരനാകേണ്ട മനുഷ്യൻ സഹോദരന്റെ അന്തകനായിത്തീരുന്നു. സ്വന്തം മക്കൾ തമ്മിൽത്തല്ലി ചോരപ്പുഴ ഒഴുക്കുന്നതു കണ്ടിട്ട് നമ്മുടെ സ്രഷ്ടാവ് ദു:ഖിക്കുന്നു. ■

എം ടി ജെയിംസ്

നിന്റെ ഈ ബലത്തോടെ പോക

ന്യായാധിപന്മാർ 6:14 ന്റെ ആദ്യഭാഗത്ത് യഹോവ ഗിദെയോനോടു പറയുന്ന ഒരു വാക്യ ശകലമാണിത്. ഇവിടെ നാം ചിന്തിക്കുന്നത് യഹോവ ഗിദെയോനോടു പറയുന്നത് ഏത് ബലത്തോടെ പോകാനാണ്? ന്യായാധിപന്മാർ 6:12 ൽ യഹോവയുടെ ദൂതൻ ഗിദെയോനോടു "അല്ലയോ പരാക്രമശാലിയെ" എന്നു വിളിച്ചു കൊണ്ടാണ് പ്രത്യക്ഷപ്പെടുന്നത്. ഇപ്പോൾ ഗിദെയോൻ മിദ്യാന്യരെ പേടിച്ച് തന്റെ കോതമ്പുകറ്റകൾ മെതിക്കളത്തിൽ വച്ചു മെതിക്കാതെ മുന്തിരിച്ചക്കിനു അരികെ വെച്ച് മെതിക്കുകയാണ്. ഗിദെയോന്റെ ഈ പ്രവർത്തി കണ്ടിട്ട് നമുക്ക് അവനെ എങ്ങനെയാണ് പരാക്രമശാലിയെന്നു വിളിക്കാൻ പറ്റുന്നത്?

ഈ വിഷയം മനസിലാക്കണമെങ്കിൽ നാം ഇതിന്റെ പശ്ചാത്തലം മനസിലാക്കുന്നത് നല്ലതാണ്. മാനവജാതിയുടെ ഉൽപ്പത്തിയിൽ തന്നെ നാം കാണുന്നത് ദൈവം മനുഷ്യനെ സൃഷ്ടിച്ച് അവനെ പാർപ്പിക്കുവാൻ ഭൂമിയിൽ എവിടെയെങ്കിലും ആക്കുകയല്ല; അവനായിട്ട് ഒരു പ്രത്യേക തോട്ടമുണ്ടാക്കി; മനുഷ്യനു വേണ്ടതെല്ലാം അവിടെ ക്രമീകരിച്ച് ദൈവീകസാന്നിധ്യത്തിൽ പൂർണ്ണസ്വതന്ത്രനാക്കി പാർപ്പിക്കുന്ന ചരിത്രം ഉൽപ്പത്തി പുസ്തകത്തിൽ നമുക്ക് കാണുവാൻ സാധിക്കും. അവരുടെ തെരഞ്ഞെടുപ്പിനായി ഉള്ള സ്വതന്ത്രചിത്തം (Free will) അവർക്കു മാത്രമായി ദൈവം കൊടുത്തു. അതിനാണ് രണ്ടു വൃക്ഷങ്ങൾ, അത് ജീവനെയും മരണത്തെയും കാണിക്കുന്നു; ദൈവത്തെ അനുസരിക്കുന്നവർക്ക് നിത്യജീവനും, അനുസരിക്കാത്തവർക്കു മരണവും, എന്നാൽ ആദാം അനുസരണക്കേടിനാൽ പാപത്തിൽ വീണ് ആത്മിക മരണത്തിനടിമയായി.

കരുണാമയനായ ദൈവം പിന്നെയും മനുഷ്യരോടു കരുണ കാണിച്ചത് ഒരു ലോക രക്ഷിതാവ് ഭൂമിയിൽ വരേണ്ടതിനായി അബ്രഹാം മുഖാന്തരം ഒരു ജനതയെ വാർത്തെടുക്കുവാൻ പദ്ധതിയിട്ടുകൊണ്ടായിരുന്നു. അങ്ങനെ വാഗ്ദത്ത സന്തതിയായി യിസ്രായേല്യർ തെരഞ്ഞെടുക്കപ്പെട്ടു. ലോകത്തിന്റെ ആക്ഷരീകമായ അടിമത്തം എന്താണെന്ന് അവർക്കു മനസിലാക്കുന്നതിനായി ഫറവോന്റെ അടിമത്വത്തിലേക്കു ഇറങ്ങിപോകുവാൻ അവരെ സമ്മതിച്ചിട്ടു മോശെ മുഖാന്തരം അവരെ സ്വാതന്ത്ര്യത്തിലേക്കു നടത്തി. ഒരു രാജ്യവും ഒരു ജനതയുമാക്കി മാറ്റുന്നതിന്റെ പൂർണ്ണ ചരിത്രം നമുക്ക് പഴയനിയമത്തിൽ ദർശിക്കാവുന്നതാണ്. അവിടെയും ദൈവം ഒന്നും അടിച്ചേൽപ്പിക്കാതെ, മനുഷ്യർക്കു ഏതു വേണമെന്ന് തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം കൊടുത്തു. അങ്ങനെ "ഗരീസീം മലമേൽ വെച്ച് അനുഗ്രഹവും, ഏബാൽ മലമേൽ വെച്ച് ശാപവും പ്രസ്താവിക്കണം' (ആവർത്തനം 11:29) എന്ന് മോശെ കൽപ്പിച്ചു ഇങ്ങനെ മനുഷ്യർക്ക് ഏതൊരു കാലത്തും ദൈവം സ്വാതന്ത്ര്യം അനുവദിക്കുന്നു. മരണത്തെ അറിയാത്ത ആദം ദമ്പതികൾ തങ്ങളുടെ പാപം മൂലം മരണത്തിന്റെ അടിമത്വത്തിലേക്കു ആണ്ടുപോയെങ്കിൽ അടിമത്വവും സ്വാതന്ത്ര്യവും അനുഭവിച്ച ജനം, സങ്കടവും സന്തോഷവും അനുഭവിച്ച ജനം, ദൈവത്തെ അറിയാതിരുന്നിടത്തു നിന്നും ദൈവമഹത്വം കണ്ട ജനം, അവരനുഭവിച്ച ദൈവീക നന്മകൾ, ദൈവകൃപയുടെ ബഹുത്വം, അതിന്റെ അത്ഭുതങ്ങൾ എല്ലാം കാണുകയും അനുഭവിക്കുകയും ചെയ്തിട്ടും അടിമവീടായ മിസ്രയീമിൽ നിന്നും മോചനം പ്രാപിച്ച ജനത്തെ പാർപ്പിക്കുവാൻ ദൈവം ഒരുക്കിയത് ശത്രുക്കളെ പൂർണ്ണമായി നിഗ്രഹിച്ച കനാൻ ദേശമാണ്. അതിനായി ആ ദേശത്തിലെ മുഴുവൻ ജനത്തെയും കൊന്നുകളവാൻ ദൈവം കൽപ്പന കൊടുത്തു. എന്നാൽ അവിടെയും യിസ്രായേൽ മക്കളെ പരീക്ഷിക്കേണ്ടതിനായി കനാന്യർ, ഹിത്യർ, അമോര്യർ, പെരിസ്യർ, ഹിവ്യർ, യെബ്യൂസ്യർ എന്നീ ജാതികളുടെ ഇടയിൽ അവരെ പാർപ്പിച്ചു (ന്യായാധിപന്മാർ 3:4,5). അവിടെ പരീക്ഷയിൽ അവർ തോറ്റു. അവർ എല്ലാവരെയും നീക്കിക്കളഞ്ഞില്ല. യഹോവയ്ക്കു അനിഷ്ടമായത് അവർ പ്രവർത്തിച്ചു. പാപത്തിനടിമയായി,

പാപത്തിനു ദാസന്മാരായ അവരെ യഹോവ കൃശൻരിശാഥയീമിന്നു വിറ്റു എന്ന് എഴുതിയിരിക്കുന്നതായി കാണാം. എന്നാൽ ജനം അനുതപിച്ചപ്പോൾ ദൈവം യോശുവയ്ക്കു ശേഷം ആദ്യമായി എഴുന്നേൽപ്പിച്ച ന്യായാധിപനായ ഒത്നിയേൽ മുഖാന്തിരം അവരെ വിടുവിച്ചു. തുടർന്ന് ഏഹൂദിനേയും, ശംഗർ, ദെബോര, ബാരാക്ക് എന്നിവരെയും ദൈവം എഴുന്നേൽപ്പിച്ചു. അതിനുശേഷമാണ് ഗിദയോനു യഹോവയുടെ നിയോഗമുണ്ടാകുന്നത്.

മിദ്യാന്യരാൽ പീഡിപ്പിക്കപ്പെട്ട യിസ്രായേല്യർ, യഹോവയോടു നിലവിളിച്ചപ്പോൾ യഹോവ ഒരു പ്രവാചകനെ അവരുടെ അടുക്കൽ അയച്ചു. അവരുടെ ഭൂതകാലം അവരെ ഓർമ്മിപ്പിച്ചു. അവർ യഹോവയെ ഉപേക്ഷിച്ച് അന്യദൈവങ്ങളെ ഭജിച്ചതുമൂലം അവർക്കുണ്ടായ ശാപം ഓർമ്മിപ്പിച്ചു. അവരുടെ മരുഭൂപ്രയാണക്കാലത്തു അവർക്കു മിദ്യാന്യരാൽ ഉണ്ടായിട്ടുള്ള കഷ്ടങ്ങൾ അവർ മറക്കാൻ പാടില്ലാത്തതായിരുന്നു. കാദേശിലെത്തിയ ജനം ഏദോം ദേശം ചുറ്റി ബഹുദൂരം യാത്ര ചെയ്ത് മോവാബ് സമഭൂമിയിൽ പാളയമിറങ്ങിയപ്പോൾ (സംഖ്യ 22) അവരെ കണ്ടു ഭയന്ന ബാലാക്ക് മിദ്യാന്യ പ്രഭൂക്കന്മാരുമായി ആലോചിച്ചു യിസ്രായേലിനെ ശപിക്കാൻ ബിലെയാമിനെ വിളിച്ചുവരുത്തുകയും ചെയ്തു. യഹോവ അനുവദിക്കാതിരുന്നതുമൂലം ശപിക്കാൻ ബിലെയാമിനു കഴിഞ്ഞില്ല. അപ്പോൾ അവരുടെ ശക്തിയുടെ രഹസ്യം അവൻ ബാലാക്കിനു പറഞ്ഞുകൊടുത്തു. അത് യിസ്രായേൽ ജാതികളോടു ഇടകലരാതെ വേർപാടു പാലിക്കുന്നവർ എന്നതായിരുന്നു. ഇത് മനസിലാക്കിയ ബാലാക്ക് വിഗ്രഹാരാധനയിലേക്കും പരസംഗത്തിലേക്കും അവരെ നയിച്ചു. ഇത് മോശെയും യിസ്രായേൽ പ്രഭൂക്കന്മാരും അറിഞ്ഞപ്പോൾ അവർ കരയുവാൻ കാരണമായി. ജനത്തിൽ ബാധ നിമിത്തം ഇരുപത്തിനാലായിരം പേർ മരിച്ചു, അന്ന് ഫിനെഹാസ് എഴുന്നേറ്റു പ്രായശ്ചിത്തം ചെയ്തു, ബാധ നിർത്തലാകുകയും ചെയ്തു. ഇതിന്റെ പ്രതികാരം നടത്താൻ ദൈവം മോശെയെ അനുവദിച്ചു. അവർ മിദ്യാന്യപുരുഷന്മാരെയും ആൺകുട്ടികളേയും ആണിനോടുകൂടെ ശയിച്ചിട്ടുള്ള സകല സ്ത്രീകളെയും കൊന്നു. ഇനി അവരാൽ ഒരു ഉപദ്രവും വരാതെവണ്ണം മിദ്യാന്യരെ നശിപ്പിച്ചതാണ്.

പാപത്തിന്റെ അടിമത്വത്തിലും ആക്ഷരീകമായും ആത്മീയമായും ഏറ്റവും നശിച്ച പൈശാചിക ലോകത്തിൽ നിന്നാണ് ദൈവം സഭയെ തിരഞ്ഞെടുക്കുന്നത്. ഈ പൈശാചിക ആധിപത്യമുള്ള ലോകത്തിലേക്കാണ് യേശു ക്രിസ്തു വന്നത്.

ഈ പ്രവാചകന്റെ ശുശ്രൂഷയാൽ അവർക്കിതെല്ലാം ഓർമ്മ വന്നിരിക്കണം. അതിനാലാണല്ലോ ഗിദെയോനോടു ദൈവദൂതൻ 'പരാക്രമശാലിയെ യഹോവ നിന്നോടുകൂടെയുണ്ട്' എന്നു പറയുമ്പോൾ താൻ മറുപടി പറയുന്നത് ആവർത്തനം 31 :17 ൽ മോശെ പറഞ്ഞതുപോലെ ആയിരുന്നു. ഇത് അനുതാപത്തിൽ നിന്നുള്ള അറിവായിരുന്നു ഗിദെയോന്. അവൻ യഹോവയെ അറിഞ്ഞു. യഹോവയെയറിഞ്ഞു എന്നുള്ളത് അവന്റെ ബലത്തിന്റെ ഒരു കാരണമായിരുന്നു.

സത്യദൈവത്തെ അറിയുന്നത് ആർക്കും ബലമേകുന്നതാണ്. എന്നാൽ ദൈവം കൂടെയുള്ള നാം അടിമത്വത്തിലാണെന്നുള്ള അറിവ് കൂടി ഉണ്ടാകുമ്പോഴാണ് അതിൽ നിന്നുള്ള മോചനത്തിനായി ആഗ്രഹിക്കുന്നത്. അവൻ ചോദിച്ചു, 'യഹോവ നമ്മെ മിസ്രയീമിൽ നിന്നു കൊണ്ടുവന്നു എന്നു നമ്മുടെ പിതാക്കന്മാർ നമ്മോടു അറിയിച്ചിട്ടുള്ള അവന്റെ അത്ഭുതങ്ങൾ ഒക്കെയും എവിടെ? ഇപ്പോൾ യഹോവ നമ്മെ ഉപേക്ഷിച്ചു, മിദ്യാന്യരുടെ കയ്യിൽ ഏൽപ്പിച്ചിരിക്കുന്നുവല്ലോ'(ന്യായാധിപന്മാർ 6:13). അടിമത്വത്തിൽ നിന്നുള്ള മോചനം തരുവാൻ ദൈവത്തിനു കഴിയും എന്നവൻ വിശ്വസിച്ചു. അത് അവന്റെ ബലത്തിന്റെ മറ്റൊരു കാരണമായിരുന്നു. അപ്പോഴാണ് യഹോവ അവനെ നോക്കി നിന്റെ ഈ ബലത്തോടെ പോക എന്നു പറഞ്ഞത്.

വീണ്ടും അവനു ലഭിക്കുന്ന ബലം യഹോവയെ ആരാധിക്കുന്നതിനാലാണ്. ദൈവം കൂടെയുണ്ടെന്ന് അറിഞ്ഞ ഗിദെയോൻ താൻ അറിഞ്ഞ സത്യ ദൈവത്തിൽ വിശ്വസിച്ചു. അത് ദൈവത്തെ ആരാധിക്കുവാൻ അവനെ പ്രാപ്തനാക്കി. അവൻ തന്നെത്താൻ താഴ്ത്തി, യഹോവയെ കർത്താവായി സ്വീകരിച്ചു. തന്റെ കുറവുകൾ ഏറ്റു പറഞ്ഞു. അവൻ യഹോയ്ക്കു യാഗമർപ്പിച്ച് ആരാധിച്ചു അത്

അവനു ബലമായിട്ടു ഭവിച്ചു. പിന്നീടു നാം കാണുന്നത് അവന്റെ വിശ്വാസത്തിന്റെ അനുസരണമാണ്. സത്യദൈവത്തെ അറിഞ്ഞ ഗിദെയോൻ തന്റെ അപ്പന്റെ ബാലിൻ ബലിപീഠം ഇടിച്ച് അതിനരികെയുള്ള അശേരാപ്രതിഷ്ഠയെ വെട്ടിക്കളഞ്ഞു. അവൻ യഹോവയ്ക്കു നിയമപ്രകാരം യാഗപീഠം പണിത് ദൈവ കല്പനപ്രകാരം അപ്പന്റെ ഏഴുവയസുള്ള ഇളയകാളയെ യാഗം കഴിച്ചു. അതിനാൽ യിസ്രായേലിനു നാല്പതു സംവത്സരം സ്വസ്ഥത കൊടുക്കുവാൻ തക്കവണ്ണം ദൈവം അവനെ ബലപ്പെടുത്തി. ഇതാണ് ഗിദെയോനു ലഭിച്ച ബലം.പ്രിയ ദൈവമക്കളെ ഗിദെയോനു ലഭിച്ച ഈ ബലം നമുക്കുമാവശ്യമാണ്. ആദാം ദൈവത്തെ അനുസരിക്കാത്തതുമൂലം ചതിക്കപ്പെട്ടു. മരണത്തിന്റെ ഭീകരത എന്തെന്ന് ആദാമിനു അറിയില്ലായിരുന്നു. എന്നാൽ അതു ഭീകരമല്ല സുന്ദരമെന്ന് പിശാച് പറഞ്ഞു വിശ്വസിപ്പിച്ചു. അതവനെ പാപത്തിന്റെ അടിമത്വത്തിലേക്കു കൊണ്ടുപോയി. അവന് ദൈവസാന്നിധ്യവും സമാധാനവും സന്തോഷവും നഷ്ടപ്പെട്ടു. രക്തചൊരിച്ചിൽ കണ്ട് ദുഃഖിതനായി, പാപഭാരത്തിൽ ജീവിച്ച് മരിക്കാനിടയായി.

എന്നാൽ യിസ്രായേൽ അടിമത്വത്തിന്റെ എല്ലാ കാഠിന്യവും ദുഃഖവും സങ്കടവും പീഡനവും ദാരിദ്ര്യവും മൂലം മനസ് തകർന്ന ഏറ്റവും കഷ്ടപ്പെട്ട ഒരു ജനതയായിരുന്നു. അവർ ദൈവത്തിന്റെ വീണ്ടെടുപ്പും അത്ഭുതങ്ങളും കണ്ടു. ദൈവസമാധാനം അനുഭവിച്ചു. സ്വർഗീയ മന്നയാൽ പോഷിപ്പിക്കപ്പെട്ടു. പാറയിൽ നിന്നുള്ള വെള്ളം കുടിച്ചു. ലോകത്തിൽ ദൈവജനമെന്നു വിളിക്കപ്പെട്ടു. തങ്ങളുടെ ദൈവത്തിന്റെ നാമത്തിൽ ഏറ്റവും ഉന്നതർ എന്ന് അഹങ്കരിക്കുവാൻ തക്കവണ്ണം ഉയർത്തപ്പെട്ട ഒരു പ്രബല ജനതയായി. അവർ അന്യദൈവങ്ങളാൽ വീണ്ടും അടിമത്വത്തിലേക്കു പോകുന്ന കാഴ്ച വളരെ ശോചനീയമാണ്. ഇവിടെ നമുക്കാവശ്യം ഗിദെയോനു ലഭിച്ച ദൈവത്തിന്റെ ബലമാണ്. ഈ ബലത്തോടെ പോക.

പരാജയപ്പെട്ട ആദാമിനും യിസ്രായേൽ ജനതയ്ക്കും ശേഷം ദൈവശക്തിയുടെ പരമോന്നത മഹത്വം വെളിപ്പെടുത്തുവാൻ ദൈവം തെരെഞ്ഞെടുത്തത് തന്റെ സഭയെയാണ്. പാപത്തിന്റെ അടിമത്വത്തിലും ആക്ഷരീകമായും ആത്മീയമായും ഏറ്റവും നശിച്ച പൈശാചിക ലോകത്തിൽ നിന്നാണ് ദൈവം സഭയെ തിരഞ്ഞെടുക്കുന്നത്. ഈ പൈശാചിക ആധിപത്യമുള്ള ലോകത്തിലേക്കാണ് യേശുക്രിസ്തു വന്നത്. യോഹന്നാൻ സ്നാപകൻ യേശുവിനെ കണ്ടിട്ട് ഇതാ ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് എന്നു പറഞ്ഞു മാനവജാതിയുടെ സകല പാപത്തിനും പ്രായശ്ചിത്തമായി താൻ തന്റെ പിതാവിനോടുള്ള അനുസരണത്താൽ കാൽവറി ക്രൂശിൽ ഒരു പാപപരിഹാര യാഗമായിത്തീർന്നു. മരണത്തെ തോൽപ്പിച്ചു ഇന്നു താൻ പിതാവിന്റെ വലത്തുഭാഗത്തിരുന്നുകൊണ്ട്; തന്നെ അറിഞ്ഞ്, അംഗീകരിച്ച്, വിശ്വസിച്ച്, ആരാധിക്കുന്ന തന്റെ മക്കൾക്കു വേണ്ടി പക്ഷവാദം ചെയ്യുന്നു. നമ്മെ ബലപ്പെടുത്തുവാൻ പരിശുദ്ധാത്മാവെന്ന കാര്യസ്ഥനെ നമുക്ക് തന്നിരിക്കുന്നു. നമ്മെപ്പറ്റി പത്രോസ് പറയുന്നത് 'നിങ്ങളോ അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സത്ഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ജാതിയും രാജകീയപുരോഹിതവർഗവും വിശുദ്ധവംശവും സ്വന്തജനവുമാകുന്നു (1 പത്രോസ് 2:9). നാം വന്നത് അന്ധകാരത്തിൽ നിന്നാണ്, അതിന്റെ എല്ലാ ദോഷങ്ങളും നമുക്കറിയാം. ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം ആത്മീയ പ്രകാശത്തിലൂടെ നമ്മെ നടത്തുന്നു. ഇവിടെയും പിശാച് നമ്മെ തെറ്റിക്കുവാൻ ജഡത്തിന്റെ പ്രവർത്തികളാൽ നമ്മെ മോഹിപ്പിക്കുന്നത്: ദുർന്നടപ്പ്, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് (ഗലാത്യർ 5:19-21) എന്നിവയാണ്. ഇവയാലുള്ള എല്ലാദോഷങ്ങളും കണ്ടും അനുഭവിച്ചും അറിഞ്ഞവരാണ് നാം. ജഡീകമോഹങ്ങളിലേക്കു വീണുപോകാതിരിക്കാൻ, ഗിദെയോനു ലഭിച്ചതുപോലുള്ള ബലം നമുക്കാവശ്യമാണ്. അതിനായി യേശുക്രിസ്തുവിനെ അറിയണം, പാപക്ഷമയ്ക്കായി ഏറ്റുപറയണം, ആത്മാവിലും സത്യത്തിലും ആരാധിക്കണം, കർത്താവിൽ സന്തോഷിക്കണം. ഇങ്ങനെയുള്ളവരോടു ഇന്നും ദൈവാത്മാവു പറയുന്നു ഏതു പ്രതിസന്ധിയും വന്നു കൊള്ളട്ടെ. ദൈവത്തിലുള്ള ഈ ബലത്തോടെ പോക. ■





സുനന്ദ കോശി

യിസ്രായേൽ ഗൃഹം പണിത സഹോദരിമാർ – 2

സ്വന്ത ഗൃഹവും ഇസ്രായേൽ ഗൃഹവും പണിയുവാൻ ദൈവം തന്റെ കരങ്ങളിൽ ഉപയോഗിച്ച ലേയ, റാഹേൽ സഹോദരിമാരെക്കുറിച്ച് കഴിഞ്ഞ ലക്കത്തിൽ ചില കാര്യങ്ങൾ നാം ചിന്തിച്ചുവല്ലോ. ചില കാര്യങ്ങൾ തുടർച്ചയായി ഈ ലക്കത്തിലും നമുക്ക് ചിന്തിക്കാം.

സ്നേഹിക്കാത്ത ഭർത്താവിനെ ഹൃദയപൂർവ്വം സ്നേഹിച്ച ഒരു ഭാര്യ

വിവാഹമോചനങ്ങൾ വളരെയധികം വർദ്ധിച്ചു വരുന്ന ഒരു കാലഘട്ടത്തിലാണ് ഇന്നു നാം ജീവിക്കുന്നത്. ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭഘട്ടത്തിൽ പന്ത്രണ്ടിൽ ഒരു (8.33%) വിവാഹമോചനമാണ് നടന്നിരുന്നതെങ്കിൽ അതിന്റെ അവസാനഘട്ടത്തിൽ അത് മൂന്നിലൊന്നായി(33.33%) വർദ്ധിച്ചു എന്നാണ് ഒരു സ്ഥിതി വിവരകണക്കിൽ വായിച്ചത്. ദുഃഖകരമായ ഈ കുടുംബത്തകർച്ചയ്ക്ക് കാരണം ശാരീരിക സൗന്ദര്യത്തിൽ മാത്രം ആകൃഷ്ടരായി ശരിയായ പക്വത വരുന്നതിനു മുമ്പ് അനേക ചെറുപ്പക്കാർ വിവാഹബന്ധത്തിൽ ഏർപ്പെടുന്നത് നിമിത്തമാണ്. സൗന്ദര്യത്തോടൊപ്പമോ അതിലുപരിയായോ പങ്കാളികളുടെ, അന്യോന്യ സ്വഭാവഗുണങ്ങൾ, ഉത്തരവാദിത്വബോധം എന്നിങ്ങനെ കുടുംബബന്ധത്തെ ഊട്ടിയുറപ്പിക്കുന്ന കാര്യങ്ങളും പരിഗണിക്കേണ്ടതാണ്. ഇക്കാര്യങ്ങൾക്ക് ആന്തരിക സൗന്ദര്യം എന്ന് പറയാം.

ലാവണ്യം വ്യാജവും സൗന്ദര്യം വ്യർത്ഥവും ആകുന്നു, യഹോവാ ഭക്തിയുള്ള സ്ത്രീയോ പ്രശംസിക്കപ്പെടുന്നു (സദൃശ്യം 31: 30). ലേയയിൽ നാം കാണുന്ന പ്രത്യേകതയും ഇതുതന്നെയാണ്. ബാഹ്യസൗന്ദര്യം കുറവായിരുന്നുവെങ്കിലും അതു പരിഹരിക്കത്തക്കവണ്ണം അവളുടെ ആന്തരിക സൗന്ദര്യം പര്യാപ്തമായിരുന്നു. സ്നേഹിക്കാത്ത ഭർത്താവിന്റെ മുമ്പിൽ എത്ര സഹിഷ്ണുതയോടെയാണ് അവൾ പെരുമാറിയിരുന്നത്. ഭർത്താവിൽനിന്നും കടുത്ത അവഗണന അവൾ അനുഭവിച്ചിരുന്നുവെങ്കിലും സമ്പൂർണ്ണമായ ദൈവാശ്രയം അവൾക്കുണ്ടായിരുന്നതിനാൽ ദൈവം അവൾക്കു അനുകൂലമായിരുന്നു. തന്നോടു അസൂയയും പകയും കാണിച്ചിരുന്ന തന്റെ സഹോദരിയും, യാക്കോബിന്റെ മറ്റൊരു ഭാര്യയുമായിരുന്ന റാഹേൽ അകാലത്തിൽ, ലക്ഷ്യസ്ഥാനത്ത് എത്താതെ പ്രസവത്തെതുടർന്ന് മരിക്കുകയും മാർഗമദ്ധ്യേ സംസ്ക്കരിക്കപ്പെടുകയും ചെയ്തു. തന്റെ സഹോദരിയോടു യാതൊരു പ്രതികാരചിന്തയുമില്ലാതെ, അപ്പോൾ ജനിച്ച ബെന്യാമിൻ എന്ന ചോരക്കുഞ്ഞിനെയും യോസേഫിനെയും സ്വന്തം മക്കളായി കരുതി മാതൃവാത്സല്യത്തോടെ വളർത്തിയത് ഇസ്രായേൽ ഗൃഹം പണിതതിന്റെ ഒരു പ്രധാന ഭാഗമായിരുന്നു. *പന്ത്രണ്ട് ഗോത്രപിതാക്കന്മാരിൽ താൻ ജന്മം നല്കിയ ആറ് മക്കളും സഹോദരിയുടെ രണ്ടു മക്കളും ദാസിയുടെ രണ്ടു മക്കളും ഉൾപ്പെടെ പത്തു മക്കളെയും വളർത്തുവാൻ ദൈവം കനിഞ്ഞ് അനുവദിച്ചത് ലേയയെ ആയിരുന്നു.* അത് അവൾ അനുഭവിച്ച സകല വേദനകളും മറക്കത്തക്ക സന്തോഷം ഉളവാക്കുന്നതായിരുന്നു. അതിനുള്ള അവസരവും ആരോഗ്യവും സന്മനസും ദൈവം അവൾക്കു നൽകി അനുഗ്രഹിച്ചു. ഈ സന്ദർഭത്തിലെങ്കിലും ലേയയുടെ ആന്തരിക

സൗന്ദര്യം യാക്കോബ് തിരിച്ചറിഞ്ഞിട്ടുണ്ടാവും!

യാക്കോബിന്റെ ഭാര്യ ലേയ അമ്മയുടെ ഗർഭത്തിൽ ഉരുവാകും മുമ്പുതന്നെ, ദൈവത്തിന് അവളെക്കുറിച്ചു വ്യക്തമായ ഒരു പദ്ധതി ഉണ്ടായിരുന്നു. ലേയയുടെ ജീവിതത്തിൽ വന്നു ഭവിച്ചതെല്ലാം ലേയയുടെ കുറ്റം കൊണ്ടല്ലായിരുന്നു. വളരെ അധികം സംഘർഷഭരിതം ആയിരുന്നു സഹോദരിമാരായിരുന്ന ഇവരുടെ ജീവിതം.

പുറമെ നിന്ന് നോക്കിയാൽ ലേയയെക്കുറിച്ചു ദൈവത്തിനു ഒരു പദ്ധതിയും ഉള്ളതായി തോന്നുകയില്ല. ബാഹ്യമായ സൗന്ദര്യമല്ല യഥാർത്ഥ സൗന്ദര്യം. ലേയ വളരെ സൗമ്യതയോടും സഹിഷ്ണുതയോടും കൂടി യാക്കോബിന്റെ ജീവിതത്തിൽ നിഴൽ പോലെ വിട്ടുമാറാതെ സ്നേഹിച്ചു. ദൈവം എപ്പോഴും അവൾക്കു ഒരു മൂല്യം കൽപ്പിച്ചിരുന്നു. ലേയയിൽ മറഞ്ഞിരുന്ന വെളിപ്പെടുവാനുള്ള ആന്തരിക സൗന്ദര്യം, യാക്കോബിനെന്നല്ല ആർക്കും തന്നെ കാണുവാൻ കഴിഞ്ഞിരുന്നില്ല. ദൈവം പലപ്പോഴും തനിക്കുള്ളവരെ തന്റെ പൂണിയിലെ അമ്പായി, തക്കസമയത്തെടുത്തു ഉപയോഗിക്കുവാൻ തക്കവണ്ണം അൽപ്പകാലത്തേക്കു മറച്ചു വച്ചെന്നിരിക്കാം. സാത്താനും ദൈവീകപദ്ധതികളെ തകർക്കുവാൻ തന്ത്രങ്ങൾ മെനെഞ്ഞെന്നുമിരിക്കാം. താമസിപ്പിക്കുവാൻ കഴിഞ്ഞാലും ദൈവിക പദ്ധതികളെ തകർക്കുവാൻ ആർക്കും കഴിയുകയില്ല. ദൈവം അങ്ങനെ ഉള്ളവരുടെ ജീവിതത്തിൽ ചിലതെല്ലാം അനുവദിക്കുമ്പോൾ ദൈവത്തിനു പ്രത്യേക ഉദ്ദേശ്യങ്ങൾ ഉണ്ടായിരിക്കും.

ആദ്യജാതനെ കിട്ടിയപ്പോൾ അവൾ "യഹോവ എന്റെ സങ്കടം കണ്ടു, ഇപ്പോൾ എന്റെ ഭർത്താവ് എന്നെ സ്നേഹിക്കും എന്നുപറഞ്ഞു കൊണ്ട് അവന് രൂബേൻ എന്നു പേരിട്ടു" (ഉൽപ്പത്തി 29:32). അടുത്ത സന്തതി ജനിച്ചപ്പോൾ ശിമയോൻ എന്ന് അവനെ വിളിച്ചു. അവളുടെ നെടുവീർപ്പും പ്രാർത്ഥനയും യഹോവ കേട്ടു. മൂന്നാമത്തെ മകനെ പ്രസവിച്ചപ്പോൾ 'ഇപ്പോൾ എന്റെ ഭർത്താവു എന്നോട് പറ്റിച്ചേരും; അവനു മുന്ന് പുത്രന്മാരെ പ്രസവിച്ചുവല്ലോ' എന്നു പറഞ്ഞു കൊണ്ട് ലേവി എന്നു പേരിട്ടു.(ഉല്പത്തി 29:34) എന്നാൽ ഇപ്പോഴും യാക്കോബിനു റാഹേലിനോടാണ് പ്രിയം. നാലാമതായി ലേയ ഗർഭം ധരിച്ചു പ്രസവിച്ചപ്പോൾ, ഇപ്പോൾ ഞാൻ യഹോവയെ സ്തുതിക്കും എന്നു പറഞ്ഞു കൊണ്ട് അവനു 'യഹൂദ' എന്നു പേരിട്ടു (ഉല്പത്തി 29:35). യഹൂദാഗോത്രത്തിലാണല്ലോ യേശു ജനിച്ചത്. നാലു മക്കളെ പ്രസവിച്ചിട്ടും ഭർത്താവിന്റെ സ്നേഹമോ കരുതലോ ലഭിച്ചില്ല. അപ്പോൾ അവൾക്കു തന്റെ ഭർത്താവിന്റെ സ്നേഹം ലഭിക്കുമെന്നുള്ള ചിന്ത വിട്ടുമാറി. എല്ലാ വല്ലായ്മകളിൽ നിന്നും ദൃഷ്ടി മാറ്റി ദൈവകരങ്ങൾ തന്റെ ജീവിതത്തിൽ ചലിക്കുന്നത് കണ്ട് ദൈവത്തെ സ്തുതിച്ചു തുടങ്ങി. അവൾ ദൈവത്തിൽ സന്തോഷിക്കുവാൻ തുടങ്ങി. ഭർത്താവിൽ നിന്ന് ദൈവത്തിങ്കലേക്കു അവൾ മാറിക്കഴിഞ്ഞിരുന്നു. പലപ്പോഴും ദൈവം നമ്മെ മരുഭൂമിയുടെ അവസ്ഥയിലേക്ക് കൊണ്ടുപോകുന്നത് അവിടെ വച്ച് നമ്മോട് ഹൃദ്യമായി സംസാരിക്കുവാൻ വേണ്ടി ആണ്. അവിടെയായിരിക്കും നമ്മുടെ രക്ഷകനെ നാം കണ്ടുമുട്ടുക. അതോടുകൂടി നമ്മുടെ ജീവിതവും കാഴ്ചപ്പാടും മാറും. നാമും സാഹചര്യങ്ങളിൽ നിന്നു ദൃഷ്ടി മാറ്റി ദൈവം ചെയ്ത നന്മകൾ നമ്മുടെ ജീവിതത്തിൽ അനുഭവിച്ച് അളവെന്യേ സ്തുതിക്കുവാൻ തുടങ്ങും.

ഇപ്പോൾ യാക്കോബ് സ്നേഹിക്കുന്ന റാഹേൽ നിരാശയുടെ പടുകുഴിയിലാണ്. തുടർന്ന് രണ്ടു സഹോദരിമാരും തങ്ങളുടെ ദാസിമാരെ യാക്കോബിന് ഭാര്യമാരായി കൊടുക്കുന്നു. റാഹേലിനു ബിൽഹയിലൂടെ ദാനിനെ ലഭിക്കുമ്പോൾ അവൾ പറയുന്നു 'അവന്റെ ജനനത്തിൽ ദൈവം എനിക്ക് ന്യായം നടത്തി: എന്റെ അപേക്ഷ കേട്ടു. രണ്ടാമതായി റാഹേലിന്റെ ദാസിയായ ബിൽഹയിലൂടെ നഫ്താലി ജനിച്ചു (ഉൽപ്പത്തി 30:8).

സില്പ എന്ന ദാസിയിലൂടെ ജനിച്ച മകനു അവൾ ഭാഗ്യം എന്ന് പറഞ്ഞു ഗാദ് എന്ന് പേരിടുന്നു (ഉല്പത്തി30:11). പിന്നീട് സില്പയിൽ ആശേർ ജനിക്കുമ്പോൾ ലേയ പറയുന്നു 'ഞാൻ ഭാഗ്യവതി, സ്ത്രീകൾ എന്നെ ഭാഗ്യവതി എന്ന് പറയും' (ഉല്പത്തി 30:13). ലേയ പിന്നെയും ഗർഭം ധരിച്ചു യിസ്സാഖാറിനെ പ്രസവിച്ച ശേഷം ആറാമതായി സെബുലൂനെ പ്രസവിക്കുമ്പോൾ അവൾ ആശയോടെ പറഞ്ഞു പോകുന്നു 'ദൈവം എനിക്ക് നല്ല ദാനം തന്നിരിക്കുന്നു; ഇപ്പോൾ എന്റെ ഭർത്താവു എന്റെ കൂടെ വസിക്കും. ഞാൻ അവനു ആറു മക്കളെ പ്രസവിച്ചുവല്ലോ" (ഉൽപ്പത്തി 30:20). ലേയയ്ക്ക് പിന്നീട് ദീനാ എന്ന ഒരു മകളെയും ദൈവം കൊടുത്തു. അൽപ്പം സ്പർദ്ധയും മത്സരവും ഈ സഹോദരിമാരുടെ ഇടയിൽ ഉണ്ടായി! ലേയയ്ക്ക് എപ്പോഴും മൗനമായി ഇരിക്കുവാൻ കഴിഞ്ഞിരുന്നില്ല എങ്കിലും ദൈവം ഈ സഹോദരിമാരിലൂടെ യിസ്രായേൽ ഗൃഹം പണിയുന്ന തന്റെ പദ്ധതി തുടർന്നുകൊണ്ടേയിരുന്നു. ■



മറ്റുള്ളവരുടെ ക്ഷേമത്തിൽ തത്പരരായിരിക്കുക

എൽസി ജോയ്

നമ്മുടെ ബന്ധുക്കളെയും സ്നേഹിതരെയും പരിചയക്കാരെയും മറ്റു പ്രിയപ്പെട്ടവരെയും കാണുമ്പോൾ കുശലം ചോദിക്കുകയും ക്ഷേമം അന്വേഷിക്കുകയും ചെയ്യുന്ന പതിവ് നമുക്ക് ഉണ്ട്, അത് നല്ലതുമാണ്. എന്നാൽ നാം നമ്മുടെ വാക്കുകൾ ശ്രദ്ധാപൂർവം ഉപയോഗിക്കേണ്ടത് അത്യാവശ്യമാണ്. സുഖമായിരിക്കുന്നുവോ എന്ന് ചോദിക്കുന്ന കൂട്ടത്തിൽ, എന്തു പറ്റി വല്ലാതെ ക്ഷീണിച്ചിരിക്കുന്നു വല്ലോ എന്നൊരു പ്രയോഗം കൂടി ചിലപ്പോൾ നാം കേൾക്കാറില്ലേ? ഈ വാക്കുകൾ വളരെ ദോഷം ചെയ്യുന്നവയാണ് എന്ന് മനസ്സിലാക്കിയിട്ടുണ്ടോ? ഇത് കേൾക്കുന്നയാൾ, ഞാൻ അത്രയ്ക്ക് ക്ഷീണിച്ചുവോ, എന്തെങ്കിലും രോഗം എനിക്കുണ്ടോ എന്നിങ്ങനെ വ്യാകുലപ്പെട്ടു തുടങ്ങും. ആധി മൂത്തു വ്യാധിയായി എന്നൊരു പഴഞ്ചൊല്ല് പരിചയമുണ്ടല്ലോ. അപരനിൽ ഈ ദുരവസ്ഥ വരുത്തി വയ്ക്കുന്നതായിരിക്കരുത് നമ്മുടെ വാക്കുകൾ. മറ്റുള്ളവരുടെ മനസിനെ മുറിപ്പെടുത്തുന്ന വാക്കുകളോ പ്രയോഗങ്ങളോ കുശലാന്വേഷങ്ങൾ എന്ന രൂപത്തിൽ പോലും ദോഷമായി ഭവിക്കാതിരിപ്പാൻ അതീവ ശ്രദ്ധാലുക്കളായിരിക്കണം നാം. ക്ഷേമം അന്വേഷിക്കുന്നത് കേവലം ഒരു ഔപചാരികത മാത്രമാകരുത്. അത് ആത്മാർത്ഥതയോടെ അവരുടെ ആരോഗ്യത്തിലും സമാധാനത്തിലും എല്ലാ നന്മയിലും തല്പരരായിക്കൊണ്ട് മാത്രം ആയിരിക്കട്ടെ. കേൾക്കുന്നവർക്ക് ആത്മ ധൈര്യവും ഉത്സാഹവും പ്രചോദനവും പ്രോത്സാഹനവും നല്കുന്നതായിരിക്കട്ടെ നമ്മുടെ വാക്കുകൾ.

യേശു അധികം സ്നേഹിച്ചിരുന്ന ശിഷ്യനായി അറിയപ്പെട്ട യോഹന്നാൻ താൻ ആത്മാർഥമായി സ്നേഹിക്കുന്ന ഗായോസിനു എഴുതുമ്പോൾ ഉപയോഗിച്ച ആശംസാവചനം നമുക്ക് ഉത്തമ മാതൃകയാണ്. വാത്സല്യ ഭാജനമേ, നിന്റെ ആത്മാവ് ക്ഷേമസ്ഥിതിയിലായിരിക്കുന്നതു പോലെ തന്നെ, എല്ലാ കാര്യങ്ങളിലും നിനക്ക് ഐശ്വര്യം ഉണ്ടാകട്ടെ എന്നും, നീ ആരോഗ്യവാനായിരിക്കട്ടെ എന്നും ഞാൻ പ്രാർത്ഥിക്കുന്നു (POC ബൈബിൾ 3 യോഹന്നാൻ 1 :1). BSI പരിഭാഷയിൽ ഇങ്ങനെ വായിക്കുന്നു: പ്രിയനേ നിന്റെ ആത്മാവ് ശുഭമായിരിക്കുന്നതു പോലെ നീ സകലത്തിലും ശുഭമായും സുഖമായും ഇരിക്കേണം എന്ന് ഞാൻ പ്രാർത്ഥിക്കുന്നു . ഈ പ്രയോഗങ്ങൾ രണ്ടും മനസിന് കുളിർമ്മയേകുന്നതാണ്. മനസിന് ആശ്വാസവും സന്തോഷവും സാന്ത്വനവും ഏകുന്ന വാക്കുകൾ വളരെ ഗുണകരമാണ്. കുശല പ്രശ്നങ്ങൾ നടത്തുമ്പോൾ ഇക്കാര്യം നമ്മുടെ ശ്രദ്ധയിൽ ഉണ്ടായിരിക്കട്ടെ.

യേശുക്രിസ്തുവിൽ വിശ്വസിച്ചു നിത്യജീവൻ പ്രാപിച്ചിരിക്കുന്ന എല്ലാവരുടെയും ആത്മാവ് ക്ഷേമസ്ഥിതിയിൽ അഥവാ ശുഭമായിരിക്കുന്നു എന്നത് ഏതു ദൈവപൈതലിനും സന്തോഷവും പ്രത്യാശയും നൽകുന്ന വസ്തുതയാണ്. വിനാശത്തെക്കുറിച്ചു തെല്ലും ആശങ്കപ്പെടേണ്ടതുമില്ല. ആത്മാവിൽ ലഭിച്ചിരിക്കുന്ന ഈ സൗഭാഗ്യത്തിനൊപ്പം എല്ലാ കാര്യത്തിലും ഐശ്വര്യം ഉണ്ടായിരിക്കട്ടെ എന്നും നല്ല ആരോഗ്യം ഉണ്ടായിരിക്കട്ടെയെന്നും ഉള്ള ആശംസ ഹൃദയംഗമം ആണ്. ദൈവസ്നേഹം ഹൃദയത്തിലുള്ള ഒരു വ്യക്തിയും മറ്റുള്ളവരുടെ ദു:ഖത്തിലും കഷ്ടത്തിലും സന്തോഷിക്കുന്നവരല്ല. മറിച്ചു അവർക്കു ആശ്വാസം ഉണ്ടാകട്ടെയെന്നു പ്രാർത്ഥിക്കുന്നവരായിരിക്കും.

അതിന്റെ അർഥം ദു:ഖവും കഷ്ടവും ആർക്കും വരില്ല എന്നല്ല. അത് ഈ ഭൂമിയിലെ ജീവിതത്തിന്റെ ഭാഗമാണ്. എന്നാൽ അത്തരം സാഹചര്യത്തിൽ നാം അന്യോന്യം ധൈര്യപ്പെടുത്തുകയും ആശ്വസിപ്പിക്കുകയും വേണം. ഇയ്യോബിന്റെ സ്നേഹിതന്മാർ കാണിച്ച ഭോഷത്വം നാം കാണിക്കരുത്. അപ്രകാരം സംസാരിക്കരുതെന്നു മാത്രമല്ല, മനസിൽ ചിന്തിക്കുക പോലും അരുത്. പ്രത്യുത മനസ്സലിവിന്റെ പിതാവിനോട് അവരിൽ ആശ്വാസവും സമാധാനവും പകരേണ്ടതിനും ദൈവഹിതപ്രകാരമുള്ള വിടുതൽ നൽകി അവരെ അനുഗ്രഹിപ്പാനും നാം പ്രാർത്ഥിക്കണം. ■

യേശുവിന്റെ ശുശ്രൂഷ...
അരക്കാശിനു വകയില്ലാതെ, തല ചായ്പ്പാൻ ഇടമില്ലാതെ

സകലത്തിന്റെയും സൃഷ്ടാവും ഉടയവനുമായ യേശുകർത്താവ് നമ്മോടുള്ള സ്നേഹത്താൽ വീണ്ടെടുപ്പിന്റെ ശുശ്രൂഷ നിവർത്തിപ്പാൻ വന്നപ്പോൾ ആദിയോടന്തം ഉപയോഗിച്ച വസ്തുക്കളൊന്നും തന്റേതായിരുന്നില്ല, മറിച്ച് മറ്റുള്ളവരുടേതായിരുന്നു.

വഴിയമ്പലത്തിൽ ഇടംകിട്ടാഞ്ഞതിനാൽ ജനനശേഷം ശിശുവായ യേശുവിനെ കിടത്തിയത് ആരുടെയോ പശുത്തൊട്ടിയിലായിരുന്നു (ലൂക്കൊസ് 2:7).

കയറിയിരുന്നു പ്രസംഗിച്ചപടക് ശീമോന്റെതായിരുന്നു (ലൂക്കൊസ് 5:3).

അയ്യായിരംപേരെ പോഷിപ്പിച്ച അഞ്ചപ്പവും രണ്ടു മീനും ഒരു ബാലന്റേതായിരുന്നു (യോഹന്നാൻ 6:9).

ശരീരത്തിൽ പൂശിയ പരിമളതൈലം പാപിനിയായ സ്ത്രീയുടേതായിരുന്നു (ലൂക്കൊസ്.7:37).

ഭക്തരായ ചില സ്ത്രീകൾ യേശുവിനെ പരിചരിച്ചത് തങ്ങളുടെ വസ്തു വകകൾ കൊണ്ടായിരുന്നു. (ലൂക്കൊസ്. 8:3).

യെരൂശലേമിലെ ദൈവാലയപ്രവേശന യാത്രയിൽ ഉപയോഗിച്ച കഴുത ആരുടെയോ ആയിരുന്നു (ലൂക്കൊസ്19:30).

നീതിമാന്മാരെന്നു നടിച്ചു കുടുക്കുചോദ്യവുമായി വന്ന ഒറ്റുകാരുടെ ചോദ്യത്തിന്റെ മറുപടിയ്ക്ക് ഉദാഹരണമായി കാണിച്ച വെള്ളിക്കാശ് അവിടെയുണ്ടായിരുന്ന ആരോടോ വാങ്ങിയതായിരുന്നു (ലൂക്കൊസ് 20:23).

ശിഷ്യന്മാരുമായി പെസഹാ ഭക്ഷിച്ച വിരിച്ചൊരുക്കിയ വന്മാളിക തന്റെതായിരുന്നില്ലല്ലോ (ലൂക്കൊസ് 22:12).

തന്നെ അടക്കിയ, പാറയിൽ വെട്ടിച്ചിരുന്ന പുതിയ കല്ലറ അരിമത്യക്കാരൻ ജോസഫ് എന്ന ധനികന്റെയായിരുന്നു (മത്തായി 27:57-60).

ഏതൊരു ധനവാനും തന്റെ ധനം കൊണ്ടോ പ്രാപ്തികൊണ്ടോ, ഏതൊരു ജ്ഞാനിക്കും തന്റെ ജ്ഞാനംകൊണ്ടോ ബുദ്ധികൊണ്ടോ ചെയ്യുവാൻ കഴിയുന്നതായിരുന്നില്ല യേശുവിന്റെ ശുശ്രൂഷ. സമാനതകളില്ലാത്ത തന്റെ ശുശ്രൂഷയാൽ അന്നും ഇന്നും എന്നും നിരവധി ആളുകൾ അനുഗ്രഹീതരായി തീർന്നുകൊണ്ടേയിരിക്കുന്നു. നമുക്ക് ലഭിച്ചതും ലഭിച്ചുകൊണ്ടിരിക്കുന്നതും ലഭിക്കുവാനുള്ളതുമായ സർവ അനുഗ്രഹങ്ങൾക്കും കാരണഭൂതനും യേശുകർത്താവ് അത്രെ! നാം നിത്യത മുഴുവൻ സ്തുതിച്ചാലും മതിവരാത്തതല്ലേ അവിടത്തെ സ്നേഹം!



മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്

നന്മ ചെയ്യുന്നതിന് ശബ്ബത്ത് തടസമോ?

"അവൻ അവിടം വിട്ടു അവരുടെ പള്ളിയിൽ ചെന്നപ്പോൾ, കൈ വരണ്ട ഒരു മനുഷ്യനെ കണ്ടു. അവർ അവനിൽ കുറ്റം ചുമത്തേണ്ടതിന് ശബ്ബത്തിൽ സൗഖ്യമാക്കുന്നത് വിഹിതമോ എന്ന് അവനോടു ചോദിച്ചു. അവൻ അവരോട്: നിങ്ങളിൽ ഒരുത്തനു ഒരു ആടുണ്ട് എന്നിരിക്കട്ടെ; അത് ശബ്ബത്തിൽ കുഴിയിൽ വീണാൽ അവൻ അതിനെ പിടിച്ചു കയറ്റുകയില്ലയോ? എന്നാൽ മനുഷ്യൻ ആടിനെക്കാൾ എത്ര വിശേഷതയുള്ളവൻ. ആകയാൽ ശബ്ബത്തിൽ നന്മ ചെയ്യുന്നത് വിഹിതം തന്നേ എന്നു പറഞ്ഞു. പിന്നെ ആ മനുഷ്യനോട്: കൈ നീട്ടുക എന്നു പറഞ്ഞു; അവൻ നീട്ടി, അത് മറ്റേതുപോലെ സൗഖ്യമായി. പരീശന്മാരോ പുറപ്പെട്ടു അവനെ നശിപ്പിക്കുവാൻ വേണ്ടി അവനു വിരോധമായി തമ്മിൽ ആലോചിച്ചു (മത്തായി 12 : 9-14)

ശബ്ബത്തിൽ തന്റെ ശിഷ്യന്മാർ കതിർ പറിച്ചു തിന്നതിനെ വിമർശിച്ചതായ പരീശന്മാരെ മിണ്ടാതാക്കിയ ശേഷം കർത്താവ് അവരുടെ പള്ളി (സിനഗോഗ്)യിലേക്കു തന്നേ പോയി. അവർക്കു കർത്താവിനെയും തന്റെ ഉപദേശത്തെയും ഉൾക്കൊള്ളുവാൻ ബുദ്ധിമുട്ടായിരുന്നു എങ്കിലും കർത്താവിനു അവരെ അവരുടെ മുരടിച്ച സ്വഭാവത്തോടെ ഉൾക്കൊള്ളുവാൻ ബുദ്ധിമുട്ടില്ലായിരുന്നു. അവരെ തിരുത്തിയതു തന്റെ നിർമ്മല സ്നേഹത്തിൽ നിന്നായിരുന്നു. കർത്താവിന്റെ ഹൃദയത്തിൽ ആരോടും വെറുപ്പില്ലായിരുന്നു. നിഷ്ക്കളങ്ക മനോഭാവത്തിനു കർത്താവു നമുക്കു മാതൃക ആകുകയാണ്.

യേശു പള്ളിയിൽ എത്തിയത് പരീശന്മാരുമായി വീണ്ടും ഒരു സംവാദത്തിനു കളമൊരുങ്ങി. കൈവരണ്ട ഒരു മനുഷ്യൻ പള്ളിയിൽ ഉണ്ടായിരുന്നു. ആ മനുഷ്യൻ കർത്താവിന്റെ ശ്രദ്ധയിൽ പെട്ടതു പരീശന്മാർ മനസ്സിലാക്കി. ദൈവത്തിന്റെ സന്നിധിയിൽ പ്രാർത്ഥനയിലും ആരാധനയിലും അടുത്തു വരുന്ന ആരെയും കർത്താവ് ശ്രദ്ധിക്കുന്നു; അവരിൽ സഹായം അർഹിക്കുന്നവരെ കർത്താവ് നോക്കി കാണുന്നു. ഇത് നമുക്കു ആശ്വാസം നൽകുന്ന പരമാർത്ഥമാണ്. കർത്താവിന്റെ കരുണയും കരുതലുമാണ് ഇവിടെ വെളിപ്പെടുന്നത്.

കർത്താവ് കൈവരണ്ട മനുഷ്യനെ സൗഖ്യമാക്കും എന്നതു പരീശന്മാർക്കു ബോധ്യമായിരുന്നു. അവരുടെ കഠിനഹൃദയത്തിനു അതിൽ സന്തോഷിക്കുവാൻ കഴിയുമായിരുന്നില്ല. ആ മനുഷ്യനു സൗഖ്യം ലഭിക്കുന്നതിലും അവർക്കു താല്പര്യം തങ്ങളുടെ വാദം ജയിക്കുന്നതിലായിരുന്നു. ശബ്ബത്തിനെ സംബന്ധിച്ച് ദൈവം നൽകിയ നിയമങ്ങളുടെ അർത്ഥം ശരിയായി മനസ്സിലാക്കാത്ത അവർ, തങ്ങൾ പഠിപ്പിച്ചുവരുന്ന നിബന്ധനകൾ ശരിയെന്ന വാദത്തിൽ ഉറച്ചിരിക്കുകയാണ്. ന്യായപ്രമാണത്തെ തെറ്റായി വ്യാഖ്യാനിച്ച അവരുടെ രീതിയിൽ നിന്നോ തെറ്റുകളിൽ നിന്നോ വ്യതിചലിക്കുവാൻ കഴിയാതെവണ്ണം അവർ കഠിനപ്പെട്ടിരുന്നു. ഇന്നും ബൈബിൾ പഠിപ്പിക്കുന്നതിൽ എത്രയോ പേർക്കു ഇതേ അബദ്ധം ഉണ്ടാകുന്നു. എന്നാൽ ശരിയായതിനെ ഗ്രഹിക്കുവാനോ ഉൾക്കൊള്ളുവാനോ കഴിയാതെവണ്ണം ഹൃദയം കഠിനപ്പെട്ടിരിക്കുന്നു.

പരീശന്മാർ ഒരു ചോദ്യവുമായി യേശുവിന്റെ അടുക്കൽ വരുന്നു. "ശബ്ബത്തിൽ സൗഖ്യമാക്കുന്നതു വിഹിതമോ?" അവർ എന്താണ് ചോദിക്കുന്നതെന്നും ആരോടാണ് ചോദിക്കുന്നതെന്നും അവർക്കു മനസ്സിലായിട്ടില്ല. അന്യജാതിക്കാർ പോലും അവർ ഉണ്ടാക്കിയ വിഗ്രഹങ്ങളെ വണങ്ങുമ്പോൾ എന്തെങ്കിലും അത്ഭുതമോ നന്മയോ പ്രതീക്ഷിക്കുന്നു. അവർ അത്ഭുതവും അനുഗ്രഹവും മാത്രം പ്രതീക്ഷിക്കുന്നു എന്ന ദോഷ വശം ഉണ്ട്. ഇവിടെ ദൈവത്തിന്റെ സ്വന്ത ജനം എന്നു വിവക്ഷി

ക്കുന്നവർ ജീവനുള്ള ദൈവത്തോടു പ്രാർത്ഥിക്കുവാൻ പള്ളിയിൽ വന്നിരിക്കുന്നതു ഒരു പ്രതീക്ഷയും ഇല്ലാതെയും, ആരെങ്കിലും ദൈവത്തിൽ നിന്ന് അനുഗ്രഹം പ്രതീക്ഷിക്കുന്നു എങ്കിൽ അതിനെ തടസ്സപ്പെടുത്തിയുമാണ്. എത്ര വലിയ ഭോഷത്വവും ശോചനീയവുമാണ് അവരുടെ അവസ്ഥ എന്നോർക്കുക.

ദൈവസന്നിധിയിൽ വരുന്നത് ദൈവത്തെ അറിയുവാനും ദൈവ സാന്നിധ്യത്തിനുള്ള വാഞ്ഛയോടെയും ആയിരിക്കണം. അപ്പോൾ തന്നെ ദൈവത്തിന്റെ സ്വഭാവം അറിഞ്ഞു നാം ദൈവത്തിൽ വിശ്വസിക്കണം. "എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ടു എന്നും തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ" (എബ്രായർ 11 : 6). വിശ്വാസമില്ലാതെ കൂടി വരുന്നതെല്ലാം വെറും വ്യർത്ഥമായ മതചടങ്ങായിരിക്കും. പരീശന്മാരുടെ നേതൃത്വത്തിലെ സിനഗോഗുകൾ അങ്ങനെ അധ:പതിച്ചിരുന്നതിന്റെ തെളിവാണ് നാം ചിന്തിക്കുന്ന സംഭവം. ഈ അബദ്ധം നമുക്കു സംഭവിക്കാതിരിക്കട്ടെ.

ശബ്ബത്തിൽ ദൈവത്തിനു തന്നിൽ ആശ്രയിക്കുന്ന തന്റെ മക്കളെ സൗഖ്യമാക്കിക്കൂടായോ? ദൈവത്തിന്റെ പ്രവൃത്തിക്കു പരിധി നിശ്ചയിക്കുന്നവർ എത്ര വലിയ അഹങ്കാരികൾ ആണ്? ശബ്ബത്ത് കല്പിച്ചുകൊടുത്തവനോടു വാദിക്കുന്ന ഇവരുടെ അജ്ഞത എത്ര കഷ്ടം?

യേശു വളരെ സൗമ്യതയോടെയാണ് ഉത്തരം പറഞ്ഞത്. അവർക്കു പഠിക്കുവാൻ ആഗ്രഹമുണ്ടെങ്കിൽ മനസ്സിലാക്കത്തക്ക നിലയിൽ ലളിതമായി, ഉദാഹരണത്തിന്റെ സഹായത്തോടെ അവർക്കു മറുപടി നൽകി. "നിങ്ങളിൽ ഒരുത്തനു ഒരു ആടുണ്ടു എന്നിരിക്കട്ടെ; അതു ശബ്ബത്തിൽ കുഴിയിൽ വീണാൽ അവൻ അതിനെ പിടിച്ചു കയറ്റുകയില്ലയോ? എന്നാൽ മനുഷ്യൻ ആടിനെക്കാൾ എത്ര വിശേഷതയുള്ളവൻ. ആകയാൽ ശബ്ബത്തിൽ നന്മ ചെയ്യുന്നതു വിഹിതം തന്നെ എന്നു പറഞ്ഞു." പരീശന്മാരുടെ കപടത അഥവാ ഇരട്ടത്താപ്പ് തന്ത്രം കർത്താവ് തുറന്നു കാട്ടുന്നു. ശബ്ബത്തിൽ 'വേല ചെയ്യരുത്' എന്ന നിയമത്തെ ദുർവ്യാഖ്യാനം ചെയ്ത് മനുഷ്യൻ അപരനു ഒരു നന്മയും ചെയ്യുവാൻ കഴിയാതെവണ്ണം ഭാരമേറിയ ചുമടാക്കി ശബ്ബത്തിനെ മാറ്റി. ദൈവം നൽകിയിരിക്കുന്ന നിയമങ്ങൾ നമുക്കു ബന്ധനമല്ല, മറിച്ച് സ്വാതന്ത്ര്യമാണ് നൽകുന്നത്. ദൈവം നല്ലവനും മനുഷ്യൻ പരസ്പരം നന്മ ചെയ്യണമെന്നു ആഗ്രഹിക്കുന്നവനുമാണ്. ഈ തെറ്റായ വ്യാഖ്യാനം ദൈവത്തെക്കുറിച്ചുള്ള തെറ്റായ രൂപമാണ് നൽകുന്നത്. ദൈവത്തെ മനസ്സിലാക്കുവാൻ തന്നിമിത്തം ജനങ്ങൾ പരാജയപ്പെടുന്നു.

ദൈവത്തെ അറിയാതെ ദൈവ വചനം പൊരുൾ തിരിക്കുവാൻ ശ്രമിക്കുന്നത് വലിയ അബദ്ധമാണ്. ക്രിസ്തുവിനെ അറിയാതെ ക്രിസ്തുവിന്റെ ഉപദേശത്തെ ആർക്കും ഗ്രഹിക്കുവാൻ കഴിയുകയില്ല. വചനം പഠിക്കേണ്ടത് ദൈവത്തെ അറിയുന്നതിനായിരിക്കണം.

ഇന്നു വചനപ്രഘോഷകരും, വേദാദ്ധ്യാപകരും ശ്രദ്ധിക്കേണ്ട ഒരു പ്രധാന കാര്യമാണിത്. ദൈവത്തെ അറിയാതെ ദൈവവചനം പൊരുൾ തിരിക്കുവാൻ ശ്രമിക്കുന്നത് വലിയ അബദ്ധമാണ്. ക്രിസ്തുവിനെ അറിയാതെ ക്രിസ്തുവിന്റെ ഉപദേശത്തെ ആർക്കും ഗ്രഹിക്കുവാൻ കഴിയുകയില്ല. വചനം പഠിക്കേണ്ടത് ദൈവത്തെ അറിയുന്നതിനായിരിക്കണം. ദൈവത്തെ അറിയുന്നതിൽ വളരുമ്പോഴാണ് വചനം ഗ്രഹിക്കുന്നതിലും വളരുവാൻ കഴിയുക.

മറ്റൊരു വിഷയം മനുഷ്യന്റെ മനുഷ്യത്വമില്ലായ്മയാണ്. ശബ്ബത്തിൽ സ്വന്തം ആടിനെ രക്ഷിക്കാം. പക്ഷെ ഒരു മനുഷ്യനു ഉപകാരപ്രദമായതു ചെയ്തുകൊടുത്തുകൂടാ. മറ്റാരെങ്കിലും ചെയ്യുവാനും അനുവദിക്കില്ല. സ്വന്തം മൃഗങ്ങൾക്കു അന്യ മനുഷ്യനെക്കാൾ വില നൽകുന്നു. ഇന്നും ഈ ദുഷ്പ്രവണത നമുക്കിടയിൽ കാണുവാൻ കഴിയുന്നില്ലേ? സ്വന്തം സന്തോഷത്തിനു വേണ്ടി വിലകൊടുത്തു നല്ലയിനം പട്ടികളെ നാം വീട്ടിൽ നല്ല ചിലവു മുടക്കി വളർത്തുന്നു. എത്ര നല്ല പരിചരണവും ശ്രദ്ധയും സ്നേഹവുമാണ് അതിനു ലഭിക്കുന്നത്. എന്നാൽ നമ്മുടെ തന്നെ മനുഷ്യകുലത്തിൽ പിറന്ന സഹായത്തിനു കൊതിക്കുന്ന സഹോദരവർഗ്ഗത്തോടുള്ള സമീപനം എങ്ങനെ? അവർക്കു സഹായം ചെയ്യുന്നതിൽ നാം എത്ര തല്പരരാണ്? ഇന്നു മനുഷ്യൻ നിർമ്മിക്കുന്ന നിയമങ്ങൾ തിന്മയെ തടഞ്ഞ് നന്മയെ വളർത്തുവാൻ ഉപകരിക്കുന്നുവോ? അതോ തിന്മക്കു വളർച്ച ലഭിക്കുകയാണോ? നമ്മുടെ സമൂഹത്തിന്റെയും നാം ഉൾപ്പെട്ടു നിൽക്കുന്ന സഭയുടെയും ഒക്കെ സ്ഥിതി എന്ത്? ആത്മീക വർദ്ധനവിനും സൽപ്രവൃത്തികൾക്കും പ്രോത്സാഹനം നൽകപ്പെടുന്നുവോ?

കർത്താവ് തന്നെ വിമർശിക്കുകയും കുറ്റം കണ്ടുപിടിക്കുവാൻ ഉറ്റു നോക്കുകയും ചെയ്തു കൊണ്ടിരുന്ന പരീശന്മാരെ ഭയപ്പെട്ടില്ല. നന്മ ചെയ്തതിനാൽ ഉണ്ടാകാവുന്ന ഭവിഷത്തുക്കളെക്കുറിച്ച് തെല്ലും ഭയപ്പെട്ടില്ല. വരണ്ട കൈയ്യുള്ള മനുഷ്യനെ സൗഖ്യമാക്കി. ദൈവത്തിന്റെ പ്രവൃത്തി കണ്ട് മാനസാന്തരപ്പെടുവാനോ, അവരുടെ മശിഹായെ തിരിച്ചറിയുവാനോ, ന്യായപ്രമാണത്തിന്റെ ശരിയായ അർത്ഥം ഗ്രഹിക്കുവാനോ പരീശന്മാർ ഉത്സാഹിച്ചില്ല. അവരുടെ ഹൃദയം കഠിനപ്പെടുകയാണുണ്ടായത്. യേശുവിനെ നശിപ്പിക്കാനുള്ള വഴികൾ അവർ ആലോചിച്ചു തുടങ്ങി. ഹൃദയകാഠിന്യം മനുഷ്യനെ അന്ധരാക്കുന്നതിന്റെ ചിത്രമാണ് നാം ഇവരിൽ കാണുന്നത്. ഹൃദയം കഠിനപ്പെടുവാൻ അനുവദിക്കരുതെന്ന മുന്നറിയിപ്പ് നമുക്കു ഇവിടെ നിന്നും ലഭിക്കുന്നു.

സൗഖ്യം ദൈവത്തിന്റെ ദാനമാണ്. കർത്താവ് സൗജന്യമായി നൽകുന്നു. കൈ വരണ്ട മനുഷ്യനു സൗഖ്യം കർത്താവ് നൽകുമ്പോൾ അത് സ്വീകരിക്കുവാൻ അവൻ ചെയ്യേണ്ടിയിരുന്നത് കർത്താവിനെ അനുസരിക്കുക എന്നതായിരുന്നു. "കൈനീട്ടുക" എന്നു പറഞ്ഞപ്പോൾ അവൻ കൈ നീട്ടി, അത്ര തന്നെ! ആ കൈ മറ്റെ കൈ പോലെ ആയി അവൻ സൗഖ്യമുള്ളവനായി. കൈ വരണ്ട മനുഷ്യൻ കൈ കുറുകി ബലഹീനമായിരുന്നതു പോലെ ജീവിതത്തിൽ എവിടെയും കാണുന്ന അസന്തുലിതാവസ്ഥ പാപം എന്ന രോഗത്താൽ സംഭവിച്ചതാണ്. പാപികളുടെ രക്ഷകനായ യേശുവാണ് ഏക സൗഖ്യദായകൻ.

കർത്താവിന്റെ അടുക്കൽ വരികയും തന്റെ വചനം കേട്ട് പ്രവർത്തിക്കുകയും ചെയ്യുമ്പോൾ ജീവിതത്തിൽ ഓരോ കാര്യങ്ങളിലും നാം സൗഖ്യമുള്ളവരായി സന്തുലിതാവസ്ഥയിൽ എത്തുന്നു. അപ്പോൾ ശരിയായി ചിന്തിക്കുവാനും, കാണുവാനും, പ്രവർത്തിക്കുവാനും നാം പ്രാപ്തരാകും. ദൈവസ്നേഹത്തിൽ വളരുമ്പോൾ സമസൃഷ്ടങ്ങളെ മനസ്സിലാക്കുവാനും സ്നേഹിക്കുവാനും പ്രാപ്തരായിത്തീരും! ■

വചന പഠിതാക്കളുടെ ശ്രദ്ധയ്ക്ക്

ബ്രദർ ജോയ് എം തോമസിന്റെ സന്ദേശങ്ങൾ ലഭിക്കുവാൻ

NERVEEDHI YouTube ചാനൽ സന്ദർശിക്കുക.

യാക്കോബിന്റെ ലേഖനം ആസ്പദമാക്കി, ബ്രദർ ജോയ് എം. തോമസ് നയിക്കുന്ന ദൈവവചന പഠനപരമ്പര ലഭിക്കുവാൻ

NCCA MEDIA YouTube ചാനൽ സന്ദർശിക്കുക.

14 പാപസംബന്ധമായി മരിച്ചവർ,....

തള്ളിക്കളയുന്നതോ ഒന്നും നമ്മെ ബാധിക്കുന്നില്ല. നമ്മുടെ വികാരങ്ങൾ ഒന്നും നമ്മെ ഭരിക്കുന്നില്ല. മരിച്ചവന് എന്ത് മാനം? എന്ത് നിന്ദ? എന്ത് വികാരങ്ങൾ!!! പഴയ മനുഷ്യൻ തീർന്നു എന്ന് നാം ഉള്ളിൽ ഒരു യാഥാർഥ്യമായി വിശ്വസിക്കുമ്പോൾ പിന്നെ വികാരങ്ങൾക്ക് നമ്മെ അടിമ ആക്കുവാൻ സാധിക്കുകയില്ല. ഈ മരണം മാത്രമല്ല നമുക്ക് വിശ്വാസത്താൽ സംഭവിക്കുന്നത്. ക്രിസ്തുവിന്റെ പുനരുത്ഥാനത്തോടുള്ള ഏകീഭാവം കൂടെ ആണ്. ആ പുനരുത്ഥാനത്തിന്റെ ശക്തി ആണ് നമുക്ക് പാപത്തിന്റെ അടിമത്തത്തിൽ നിന്ന് മാറി നീതിയുടെ അടിമത്തത്തിലേക്കു, ക്രിസ്തുവിന്റെ നായകത്വത്തിലേക്കു പ്രവേശിക്കാൻ നമ്മെ സഹായിക്കുന്നത്.

ഈ മരണം നമ്മെ പഠിപ്പിക്കുന്ന ഒരു കാര്യം ഉണ്ട്. നമ്മുടെ ജഡം നന്നാക്കി എടുക്കാൻ പറ്റുന്ന ഒരു കാര്യമല്ല. അത് മുറിച്ചു മാറ്റുക എന്നത് തന്നെ ആണ് ഒരേ ഒരു പരിഹാരം. അതാണ് ക്രൂശു നമുക്കായി ചെയ്യുന്നത്. ഇങ്ങനെ ജഡത്തിന്റെ പരിച്ഛേദന ഏൽക്കുമ്പോൾ ജഡത്തിന്റെ പ്രശംസ നമുക്ക് നഷ്ടപ്പെടുന്നു. ജഡസ്വഭാവങ്ങളോടുള്ള അടിമത്തവും. ഈ മരണത്തോടും പുനരുത്ഥാനത്തോടുമുള്ള അനുരൂപനം ഒരിക്കൽ നടക്കുന്നതല്ല, തുടർച്ചയായുള്ള ഒരു വിശ്വാസ പ്രഖ്യാപനം അഥവാ ഒരു തുടർപ്രക്രിയ ആണ്. പാപത്തോടുള്ള തുടർച്ചയായ വിജയം ഒരു ഏറ്റു പറച്ചിൽ ആണ്. വിശ്വസ്തതയോടെ ഉള്ള എറ്റു പറച്ചിൽ. ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തു അത്രേ. ഞാൻ അവന്റെ കൂടെ, അവന്റെ ക്രൂശിൽ മരിച്ചു! ഇതാണ് പതിനൊന്നാം വാക്യം വായിക്കുമ്പോൾ നമുക്ക് മനസ്സിലാവുന്നത്. ഈ മരണ പുനരുത്ഥാനങ്ങൾ നമ്മുടെ വിശ്വാസത്തിന്റെ ഏറ്റു പറച്ചിൽ ആണ്. അവ്വണ്ണം നിങ്ങളും പാപസംബന്ധമായി മരിച്ചവർ എന്നും ക്രിസ്തുയേശുവിൽ ദൈവത്തിനു ജീവിക്കുന്നവർ എന്നും നിങ്ങളെ തന്നെ എണ്ണുവിൻ (റോമർ 6 : 11). ■

നിന്നു ഒരു ഞരക്കം ഉയർന്നു കൊണ്ടിരിക്കണം.

'നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അ നീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്ക വണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു' എന്ന് യോഹന്നാൻ അപ്പോസ്തലൻ നമ്മെ പ്രബോധിപ്പി ക്കുന്നു (1 യോഹന്നാൻ 1 : 9). പാപങ്ങളെ ഒന്നും മറച്ചു വയ്ക്കാതെ, എല്ലാം അനുതാപത്തോടെ ഏ റ്റുപറയുക. ദൈവത്തിന്റെ കൃപയും തന്റെ പുത്രൻ കാൽവറിയിൽ നിർവ്വഹിച്ച പ്രായശ്ചിത്ത യാഗവും നമ്മുടെ പാപങ്ങളെ പോക്കി നമ്മെ ശുദ്ധീകരി ക്കാൻ പര്യാപ്തമാണ്. എന്നാൽ പാപക്ഷമ ലഭി ക്കുവാൻ നാം നമ്മെ തന്നെ ഹൃദയംഗമം ആയി താഴ്ത്തി ക്ഷമയ്ക്കായി യാചിക്കേണ്ടത് അത്യാവ ശ്യമാണ്. നമ്മുടെ പാപാവസ്ഥയെക്കുറിച്ച് സത്യ സന്ധമായ ഒരു നിലപാട് ആണ് നാം എടുക്കു ന്നതെങ്കിൽ ദൈവം പാപങ്ങളെ കഴുകി നമ്മെ ശു ദ്ധീകരിക്കും. ദൈവത്തിന്റെ ദയയുടെ മാഹാത്മ്യ ത്തിൽ ഒട്ടും സംശയിക്കാതെ സ്ഥിരോത്സാ ഹത്തോടെ മാനസാന്തര അനുഭവത്തിൽ നാം തു ടരേണം എന്ന ഒരു പ്രബോധനമാണ് മേലുദ്ധരിച്ച വാക്യത്തിൽ നാം കാണുന്നത്. ഏഴു എഴുപതു വ ട്ടം അതായതു 490 പ്രാവശ്യം നാം പാപത്തിൽ വീണുപോയാലും, ആത്മാർഥമായി ഹൃദയപൂർവ്വം ഓരോ പ്രാവശ്യവും കണ്ണീരോടെ പാപക്ഷമയ്ക്കു വേണ്ടി കരയുന്നുവെങ്കിൽ, അപ്പോഴൊക്കെ ന മ്മുടെ പാപങ്ങൾ ക്ഷമിക്കുകയും അതിന്റെ സ്വാ ധീനത്തിൽ നിന്നും വിടുവിച്ചു ശുദ്ധീകരിക്കുകയും ചെയ്യും.

എന്റെ ജീവിതത്തിൽ ഒരു പ്രത്യേക കാലഘട്ട ത്തിൽ തുടർച്ചയായി ഒരു പ്രത്യേക പ്രശ്നത്തിൽ ഇടറുക പതിവായിരുന്നു. ഞാൻ ഹൃദയത്തിൽ വ ളരെ ദു:ഖത്തോടും സംശയത്തോടും കൂടെ ദൈവത്തോട് കരഞ്ഞു ചോദിച്ചു: ഈ അവസ്ഥ യിൽ എത്ര കാലം ഞാൻ മുൻപോട്ടു പോകണം, അഥവാ എത്ര കാലം ഈ നില എന്നിൽ തുടരും? കൃപയുടെയും സത്യത്തിന്റെയും വെളിച്ചത്തിൽ അ വിടുന്ന് അരുളിച്ചെയ്തു; 'നീ തികഞ്ഞ പകത പ്രാ പിക്കുവോളം ...

കല്പന ഒരു ദീപവും ഉപദേശം ഒരു വെളിച്ച വും പ്രബോധനത്തിന്റെ ശാസനകൾ ജീവന്റെ മാർ ഗവും ആകുന്നു (സദൃശ്യം 6 : 23) എന്ന് തിരുവെഴു ത്തു നമ്മോടു അരുളിച്ചെയ്യുന്നു. തിരുത്തുവാൻ ത

മാനസാന്തര ആഹ്വാനം സ്വീകരി ക്കാതെ പിന്മാറുന്നുവെങ്കിൽ ഒരു രൂപാന്തരം നാം ആഗ്രഹിക്കുന്നില്ല എന്നതാണതിന്റെ കാരണം. മാന സാന്തരം കരഞ്ഞു വിലപിക്കുന്നതു മാത്രമല്ല, പ്രത്യുതദൈവം നമ്മെ തി രുത്തുമ്പോൾ വഷളത്വത്തെ വിട്ടു തിരിഞ്ഞു ദൈവത്തിന്റെ കൃപയ്ക്കു നന്ദി പറഞ്ഞു സന്തോഷിക്കുന്ന ഒരു അനുഭവമാണ്.

യ്യാറുള്ള ഏതൊരു വ്യക്തിക്കും മാനസാന്തരം ഭാ രമുളവാക്കുന്നതല്ല. ശാസനയുടെ മാർഗം ജീവന്റെ മാർഗമാകുന്നു. എനിക്ക് പ്രിയമുള്ളവരെ ഒക്കെയും ശാസിക്കുകയും, ശിക്ഷിക്കുകയും ചെയ്യുന്നു. ആ കയാൽ നീ ജാഗ്രതയുള്ളവനായിരിക്കുക, മാനസാ ന്തരപ്പെടുക (വെളിപ്പാട് 3 :19) എന്നു യേശു പറ ഞ്ഞു. നമ്മോടു മാനസാന്തരപ്പെടുവാനുള്ള ആഹ്വാ നം ദൈവത്തിന്റെ കോപത്തിൽ നിന്നല്ല, മറിച്ചു സ് നേഹനിർഭരമായ അവിടുത്തെ മനസ്സലിവിൽ നിന്നാ ണ്. നിങ്ങളിൽ നല്ല പ്രവൃത്തിയെ ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാളോളം അതിനെ തിക യ്ക്കും (ഫിലിപ്യർ 1 :4) എന്ന വാഗ്ദത്തം പിതാവ് നമുക്ക് നൽകിയിരിക്കുന്നു. യേശു വിനെപ്പോലെ ആയിത്തീരുവാൻ നാം ആഗ്രഹിക്കു ന്നിടത്തോളം കാലം അവിടുത്തെ ഓരോ ശാസന യും അവിടുത്തെ സാന്നിധ്യത്തിലേക്കുള്ള പ്രവേശ ന കവാടമായിരിക്കും അഥവാ ദൈവസാന്നിധ്യം അനുഭവിക്കുന്ന അവസരമായിരിക്കും .

മാനസാന്തര ആഹ്വാനം സ്വീകരിക്കാതെ പിന്മാ റുന്നുവെങ്കിൽ ഒരു രൂപാന്തരം നാം ആഗ്രഹിക്കു ന്നില്ല എന്നതാണതിന്റെ കാരണം. മാനസാന്തരം കരഞ്ഞു വിലപിക്കുന്നതു മാത്രമല്ല, പ്രത്യുത ദൈവം നമ്മെ തിരുത്തുമ്പോൾ വഷളത്വത്തെ വി ട്ടുതിരിഞ്ഞു ദൈവത്തിന്റെ കൃപയ്ക്കു നന്ദി പറ ഞ്ഞു സന്തോഷിക്കുന്ന ഒരു അനുഭവമാണ്. അ ങ്ങനെ ഉള്ളവരുടെ ആത്മാവ് ശുദ്ധീകരി ക്കപ്പെട്ടുകൊണ്ടിരിക്കുന്നു എന്നു വ്യക്തം. ഈ അ നുഭവം പ്രാപിക്കുമ്പോൾ മാത്രമാണ് ദൈവം വി ശുദ്ധം എന്നു വിളിക്കുന്ന മാനസാന്തരത്തിൽ നാം എത്തിച്ചേരുന്നത്. ■

തെളിയിക്കപ്പെടേണ്ടതിനു ദുരിതാനുഭവങ്ങളിലൂടെ അയാളെ കടത്തിവിട്ടിട്ട് പരിശോധിക്കുന്ന അവസ്ഥ. ചിതറിപ്പോയവരോടു യാക്കോബു പറയുന്നു: ഇപ്പോൾ നിങ്ങൾ പരിശോധനയുടെ അവസ്ഥയിലാണ്! പീഡനം നിമിത്തം അവർക്കു യെരൂശലേം വിട്ടു യഹൂദ്യയിലേക്കും, യെഹൂദന്മാർ ഒരിക്കലും പോകുവാൻ ഇഷ്ടപ്പെടാത്ത ശമര്യയിലേക്കും ഓടിപ്പോകേണ്ടിവന്നു. അവരിൽ വീട് ഉപേക്ഷിച്ചു പോയവരുണ്ട്; ജോലി കളഞ്ഞുപോയവരുണ്ട്; മക്കളെ നോക്കുവാൻ ബന്ധുക്കളെ ആരെയെങ്കിലും ഏല്പിച്ചു ഓടിപ്പോയവരുണ്ട്...

ചിതറിപ്പോയവർ എത്തിച്ചേർന്ന സ്ഥലങ്ങൾ ഒന്നുംതന്നെ യെരൂശലേംപോലെ വികസിതമല്ല. പലരും ജോലികിട്ടാതെ വിഷമിച്ചു; സാമ്പത്തിക പ്രതിസന്ധിയിലായി. വാടക കൊടുക്കുവാൻ കഴിയാതെ വന്നപ്പോൾ പലരെയും ഭവനങ്ങളിൽനിന്നു ഇറക്കിവിട്ടു. ഗതികേടുകൊണ്ടു ഓടിവന്നവർ എന്ന നിലയിൽ, പണിയെടുത്തിട്ടും വേണ്ടത്ര കൂലി കിട്ടിയില്ല. ക്രിസ്ത്യാനികൾ എന്ന നിലയിൽ ജോലിസ്ഥലങ്ങളിൽ പലർക്കും അപമാനവും പീഡനവും സഹിക്കേണ്ടി വരുന്നു... യെരൂശലേമിൽ ഇട്ടിട്ടുപോന്ന കുഞ്ഞുങ്ങൾ സുഖമില്ലാതെ വിഷമിക്കുന്നുവെന്നു കത്തു ലഭിക്കുന്നു. ചിലപ്പോൾ കുട്ടികളുടെ മരണവാർത്ത തന്നെയാവും അവർക്കു കേൾക്കേണ്ടി വന്നത്... നാനാവിധ പരിശോധനകൾ!

"വിവിധപരീക്ഷകൾ" എന്നു യാക്കോബ് പറയുന്നതു നമ്മുടെ കാലഘട്ടത്തിലും എത്ര പ്രസക്തം എന്നോർക്കുക. ജീവിതം ലളിതമായിരുന്ന പഴയകാലയളവിൽ പ്രശ്നങ്ങളും കുറവായിരുന്നു. എല്ലാവർക്കും അന്യോന്യമറിയാവുന്ന ഗ്രാമവ്യവസ്ഥയിൽ നിലനിന്നിരുന്ന കൂട്ടായ്മ ഒരു പഴയ ഓർമമാത്രം. പീഡനത്തിന്റെ പശ്ചാത്തലത്തിലല്ലെങ്കിൽ തന്നെ നഗരവൽക്കരണം കുടുംബങ്ങളെ തമ്മിൽ അകറ്റി. ജോലിനഷ്ടവും ബിസിനസ്സ് തകർച്ചയും പലരെയും സാമ്പത്തിക തകർച്ചയിലാക്കി. യഥാർഥ ആത്മീയത പുലർത്താൻ ആഗ്രഹിക്കുന്നവർ വീണ്ടും പീഡിപ്പിക്കപ്പെടുന്നു. കള്ളത്തരത്തിനു കൂട്ടുനിൽക്കാത്തതുകൊണ്ട് ഓഫീസുകളിൽ അവർ ഒറ്റപ്പെടുന്നു. വിശ്വസ്തരായതുകൊണ്ടു പലരും കള്ളക്കേസിൽ കുടുക്കപ്പെടുന്നു. നീതി നിമിത്തം പലരും ഉപദ്രവിക്കപ്പെടുന്നു.

പ്രതിസന്ധികളിലൂടെ കടന്നുപോകുമ്പോൾ, പരിശോധനകൾ നമ്മെ മുക്കിക്കളയാനൊരുങ്ങുമ്പോൾ നാം എന്തു ചെയ്യണം? പ്രായോഗികമായ ചോദ്യം. യാക്കോബ് പ്രായോഗികമായ ഒരു ഉത്തരം പറയുന്നു (പലർക്കും അത് അത്ര സ്വീകാര്യമായിരിക്കണമെന്നു നിർബന്ധമില്ല): "നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നുവെന്നറിഞ്ഞു അതു അശേഷം സന്തോഷം എന്നു എണ്ണുവിൻ" (യാക്കോബ് 1:3).

ഇവിടെയാണു യാക്കോബിന്റെ ശൈലിയുടെ പ്രത്യേകത നാം അറിയുന്നത്. പരിശോധനകളുടെ തത്ത്വശാസ്ത്രം പറയുന്നതിനുമുമ്പ് കൃത്യമായ, പ്രായോഗികമായ നിർദേശമാണു യാക്കോബ് തരുന്നത്.

യേശുവിന്റെ ഉപദേശങ്ങളുടെ ശൈലി ഇവിടെ ദൃശ്യമാണ്. "എന്റെ നിമിത്തം നിങ്ങളെ പഴിക്കയും ഉപദ്രവിക്കുകയും... ചെയ്യുമ്പോൾ... സ്വർഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാക കൊണ്ടു സന്തോഷിച്ചുല്ലസിപ്പിൻ..." (മത്തായി 5:11,12; ലൂക്കൊസ് 6:22,23) ഇതു ഒരു നിർദേശവും കല്പനയുമാണ്.

യേശുവിന്റെ ഉപദേശങ്ങളുമായി യാക്കോബിന്റെ ലേഖനത്തിൽ 21 ഇടങ്ങളിൽ സാദൃശ്യം (similarity) പുലർത്തുന്നുവെന്നു അഭിപ്രായമുണ്ട്. യേശുവിന്റെ വാക്കുകളിൽ "അധികാരം" നിഴലിക്കുന്നു (മത്തായി 7:29). യേശുവിന്റെ അടിമയാണു ഞാനെന്നു സ്വയം പരിചയപ്പെടുത്തുന്ന യാക്കോബും (യാക്കോബ് 1:1) യേശുവിൽനിന്നു ലഭിച്ച അധികാരത്തോടുകൂടെ തന്നെയാണ് വാക്കുകൾ ഉപയോഗിക്കുന്നത്. അതു ആർക്കും ഗ്രഹിക്കാവുന്നതുപോലെ ലളിതമാണ്. അതു നെഞ്ചിനു നേരെ വരുന്ന അസ്ത്രംപോലെ ബോധ്യം വരുത്തുന്നതാണ്(Convincing); ഒഴിഞ്ഞുമാറാൻ കഴിയാത്തത്ര ഋജുവാണ് (straight).

വിശ്വാസിയുടെ ജീവിതത്തിലെ പരിശോധനകൾ ഇവിടെ യാക്കോബ് പറയുന്നത് ഒരു സാധ്യതയായല്ല (possibility); പ്രത്യുത, സുനിശ്ചിതമായാണ്(inevitable). "നിങ്ങൾ വിവധ പരീക്ഷകളിൽ അകപ്പെട്ടാൽ" എന്നല്ല "അകപ്പെടുമ്പോൾ" എന്നാണു യാക്കോബ് പറയുന്നത്. *പ്രതിസന്ധികൾ ക്രൈസ്തവ ജീവിതത്തിന്റെ അവിഭാജ്യഘടകമാണ്. കുരിശ് അഥവാ കഷ്ടത ഒഴിവാക്കി ഒരു ക്രിസ്തീയജീവിതം ഇല്ല.*

യെഹൂദ പശ്ചാത്തലത്തിൽനിന്നു വന്ന പുതിയ ക്രിസ്ത്യാനികൾക്കു അത്ര പെട്ടെന്നു ഗ്രഹിക്കു

വാൻ കഴിയാത്ത ആശയമായിരുന്നു കഷ്ടതകളെയും പരിശോധനകളെയും സഹിക്കുക എന്നത്. നീതിയുള്ള ജീവിതത്തിനു ഉറപ്പായ പ്രതിഫലമാണു സൗഖ്യവും സമ്പത്തുമെന്നു അവർ വിശ്വസിച്ചിരുന്നു. ആവർത്തനം 28–31 വരെയുള്ള അധ്യായങ്ങളിൽ നീതിമാന്റെ പ്രതിഫലം ഭൗതികാനുഗ്രഹങ്ങളും അനുസരിക്കാത്തവനു ശാപവുമാണെന്നു സാധാരണ യെഹൂദൻ ഉറച്ചു. തിരിച്ചു സംഭവിച്ചാൽ അവനു സഹിക്കുവാൻ കഴിയുമായിരുന്നില്ല. അതുകൊണ്ടാണ് ആസാഫിനു 'ദുഷ്ടന്മാരുടെ സൗഖ്യം കണ്ടിട്ട് അഹങ്കാരികളോട് അസൂയ തോന്നുന്നത്' (സങ്കീർത്തനം 73:3). ആരുടെയെങ്കിലും ജീവിതത്തിൽ ഒരു ദുരന്തമുണ്ടായാൽ അതു അവന്റെ പാപത്തിന്റെ പരിണിത ഫലമാണെന്നു അവർ വിധിച്ചു. അതുകൊണ്ടാണു വഴിയിൽ കുരുടനായ മനുഷ്യനെ കാണുമ്പോൾ "അവൻ കുരുടനായി പിറക്കുവാൻ തക്കവണ്ണം ആർ പാപം ചെയ്തു? ഇവനോ, ഇവന്റെ അമ്മയപ്പന്മാരോ" എന്നു യേശുവിന്റെ ശിഷ്യന്മാർ ചോദിക്കുന്നത് (യോഹന്നാൻ 9:1). ഇയ്യോബിന്റെ സകല കഷ്ടതകളുടെയും കാരണം അവനിൽ അറിയാതെ കടന്നുകൂടിയ പാപമാണെന്നായിരുന്നു അവന്റെ സ്നേഹിതരുടെ ആരോപണം (ഇയ്യോബ് 4: 6–8)

പീഡനത്താൽ ചിതറിപ്പോയ ക്രിസ്ത്യാനികൾ, വീണ്ടും ദുരന്തങ്ങളിലൂടെ കടന്നുപോകുമ്പോൾ പഴയ യെഹൂദ മനസ്സിൽ അവരുടെ ചിന്തകൾ ഒരു കുഴയ്ക്കുന്ന പ്രശ്നമായി. നീതിക്കുവേണ്ടി നിലകൊണ്ടിട്ട് എന്തുകൊണ്ട് വീണ്ടും പ്രശ്നങ്ങൾ? ഈ പ്രതിസന്ധികൾ തങ്ങളുടെ കഴിഞ്ഞകാല പാപങ്ങളുടെ ശിക്ഷയാണോ? "പ്രതിസന്ധികൾ വരുമ്പോൾ കരഞ്ഞു പ്രാർഥിക്കുക, കർത്താവ് വിടുതൽ തരും" എന്ന പഴയനിയമ ഉപദേശം ഈ ക്രിസ്തു ശിഷ്യർക്കു നന്നായറിയാം. എന്നാൽ ഇപ്പോൾ കരഞ്ഞു പ്രാർഥിച്ചിട്ടും വിടുതൽ കിട്ടുന്നില്ല. എവിടെയാണു പ്രശ്നം?

അവരെ അമ്പരിപ്പിച്ചുകൊണ്ട് യാക്കോബ് ഒരു പുത്തൻ നിർദേശം–കല്പന തന്നെ– നല്കുന്നു. നിങ്ങൾ പ്രാർഥിച്ച് നിങ്ങളുടെ പ്രതികൂലങ്ങളെ ആട്ടിയോടിക്കുകയൊന്നും വേണ്ട. നിങ്ങളുടെ പ്രതിസന്ധികളെ നിങ്ങൾ സന്തോഷത്തോടെ സ്വീകരിക്കുക.

ഇന്നും ഈ 'കല്പന' ആളുകളെ അമ്പരിപ്പിക്കുന്നു. എന്ത്? എന്റെ ജീവിത്തിലെ പ്രതികൂലാവസ്ഥകൾ അവിടെയിരുന്നോട്ടെന്നോ? അതു ഉപവാസമെടുത്തു പ്രാർഥിച്ചു മാറ്റണമെന്നാണല്ലോ ഞാൻ

പരിശോധനയുടെ തീച്ചൂള ഒരു ക്രിസ്ത്യാനിയെ സഹനത്തിനപ്പുറത്ത് തേജസ്സിലേക്കുള്ള ഒരു രൂപാന്തരീകരണത്തിനു പ്രാപ്തരാക്കുന്നു എന്നാണ്. അതിനാലാണ് കഷ്ടതയിൽ നിങ്ങൾ സന്തോഷിക്കേണ്ടത്!

ചിന്തിച്ചിരുന്നത്! എന്റെ എല്ലാ പ്രാർഥനകളും എന്റെ പ്രതികൂലങ്ങളിൽ നിന്നു എന്നെ വിടുവിക്കണം എന്നായിരുന്നുവല്ലോ...അതിപ്പോൾ സന്തോഷത്തോടെ സഹിക്കണമെന്നു പറഞ്ഞാൽ...

പ്രാർഥന മാത്രമല്ല പ്രസംഗങ്ങളും അങ്ങനെതന്നെ. "നിന്റെ എല്ലാ പ്രതിസന്ധികളിൽനിന്നും കഷ്ടതയിൽനിന്നും ഇന്നു കർത്താവ് നിന്നെ വിടുവിക്കും... നിന്റെ ജീവിതത്തിലേക്കു കഷ്ടത കൊണ്ടുവരുന്ന സാത്താന്റെ മേൽ നീ പ്രാർഥിച്ചു ജയമെടുക്കുക...!

എന്നാൽ, യാക്കോബു പറയുന്നു: അതു സാത്താൻ കൊണ്ടുവന്നതൊന്നുമല്ല. ഇതു നിന്നെ ശോധന ചെയ്യുവാൻ ദൈവം അനുവദിച്ചിരിക്കുന്നതാണ്. എന്തിനെന്നോ വിശ്വാസത്തിൽ ക്ഷീണിച്ചു പോകാതെ സ്ഥിരതയിൽ മുന്നേറുവാൻ ആവശ്യമായ ശക്തി നിങ്ങൾക്കു പ്രദാനം ചെയ്യേണ്ടതിനാണ് ഈ പരിശോധനകൾ. KJV പറയുന്ന"Patience" എന്ന വാക്കിനേക്കാൾ അർഥസംപുഷ്ടമാണ് "hupamone" എന്ന ഗ്രീക്കു വാക്ക്. "സഹിഷ്ണുത" എന്ന മലയാള വാക്കും അത്ര പോര. കാരണം, ഇവിടെ രണ്ടിടത്തും വെറും സഹനമേ നടക്കുന്നുള്ളൂ. എന്നാൽ യഥാർഥത്തിൽ ആ വാക്കു പറയുന്നത്, പരിശോധനയുടെ തീച്ചൂള ഒരു ക്രിസ്ത്യാനിയെ സഹനത്തിനപ്പുറത്ത് തേജസ്സിലേക്കുള്ള ഒരു രൂപാന്തരീകരണത്തിനു പ്രാപ്തരാക്കുന്നു എന്നാണ് (turn them to greatness and glory). അതിനാലാണ് കഷ്ടതയിൽ നിങ്ങൾ സന്തോഷിക്കേണ്ടത്!

പരിശോധനകൾ നമ്മെ എങ്ങനെ തേജസ്സിലേക്കു നയിക്കുന്നു എന്നു നാം പിന്നീടു ചിന്തിക്കാം. *മലകളെ നീക്കുന്നതിനായി നാം ഒത്തിരി പ്രാർത്ഥിച്ചിട്ടുണ്ടാവാം. എന്നാൽ, മലകൾ ചവിട്ടിക്കയറാനുള്ള ശക്തിക്കായി ഇപ്പോൾ നമുക്ക് പ്രാർത്ഥിക്കാം.* അവിടുന്ന് തരുന്ന ഋജുവായ കല്പനകൾക്കായി നമുക്ക് സ്തോത്രം ചെയ്യാം. ■



ദൈവീക സ്രോതസിന്റെ മാഹാത്മ്യം

ചൈന ഇൻലാൻഡ് മിഷന്റെ സ്ഥാപകനായ ഹഡ്സൺ ടെയ്ലർ ഒരിക്കൽ തന്റെ മാസികയിൽ ഇങ്ങനെ എഴുതി. നമ്മുടെ സ്വർഗീയ പിതാവ് കരുതുന്നതിൽ വളരെ സമ്പന്നനാണ്. തന്റെ മക്കൾ രാവിലെ നല്ല വിശപ്പോടെയാണ് എഴുന്നേൽക്കുന്നതെന്ന് അവിടുത്തേയ്ക്ക് നന്നായി അറിയാം. അവർക്കായി താൻ പ്രഭാത ഭക്ഷണം കരുതിയിരിക്കും. അതുപോലെ അത്താഴമുണ്ണാതെ അവിടുന്ന് ആരേയും കിടത്തുകയില്ല. ഏകദേശം മുപ്പത്‌ലക്ഷം വരുന്ന യിസ്രായേൽ മക്കളെയാണ് അവിടുന്ന് ഇപ്രകാരം നാൽപ്പതുവർഷം പ്രതിസന്ധികളിലൂടെ മരുഭൂമിയിൽ പോറ്റിപ്പുലർത്തിയത്.

പക്ഷേ ഈ ദൈവം മുപ്പതുലക്ഷം മിഷണറിമാരെ ചൈനയിലേക്ക് അയയ്ക്കുമെന്ന് നാം പ്രതീക്ഷിക്കേണ്ട. അഥവാ ദൈവം അങ്ങനെ അയച്ചാൽ അവരെ പോറ്റിപ്പുലർത്താനുള്ള എല്ലാ സൗകര്യങ്ങളും അവിടുത്തെ പക്കലുണ്ടാകും! ആ ദൈവീക സ്രോതസിലാണ് നാം ആശ്രയിക്കുന്നത്.

ഉവ്വ്, ദൈവീക പദ്ധതിപ്രകാരമുള്ള സുവിശേഷവേലയ്ക്ക് സ്രോതസുകൾ ഒരിക്കലും തടസമായിട്ടില്ല. അത് കരുതുന്നത് ദൈവത്തിന്റെ ഉത്തരവാദിത്തമാണ്. ദൈവത്തിന്റെ വിശ്വസ്തതയിൽ ഏറെ വിശ്വസിച്ചിരുന്ന ഒരു മിഷണറി ശ്രേഷ്ഠനായിരുന്നു ഹഡ്സൺ ടെയ്ലർ. അതുകൊണ്ട് താൻ ചൈനയിൽ നിർവ്വഹിച്ച മിഷൻ പ്രവർത്തനങ്ങളിൽ ദൈവീക കരുതൽ എപ്പോഴുമുണ്ടായിരുന്നു.

കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല. ഓരോ പ്രഭാതത്തിലും അത് പുതിയതാണ്. അവിടുത്തെ വിശ്വസ്തത ഉന്നതമാണ്. ദൈവത്തിന്റെ വിശ്വസ്തത എന്നും പുതിയതാണ്. നാം ക്ഷീണിച്ചുപോകുമ്പോഴും, വിശ്വാസത്തിൽ ഇടറിപ്പോകുമ്പോഴും അവിടുത്തെ വിശ്വസ്തതയ്ക്കു കുറവുണ്ടാകയില്ല. അവിടുന്ന് ഏതു നേരത്തും നമുക്കായി വിശ്വസ്തനായി തുടരുന്നു.

എംസി

Bank Account Details:

Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315

SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 200 രൂപ

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ....

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.

RNI No. KERMAL/2012/46138
Date of Publishing 10.12.2020

NERVEEDHI - DECEMBER 2020
Annual Subscription ₹ 200.00
(Per copy ₹ 20.00)

Postal Registration No. KL/KTM/106/2019-2021
Licence No. KL/CR/KTM/WPP-05/2019-2021
Licensed to Post Without Prepayment

ആർ.പി പബ്ലിക്കേഷൻസിൽനിന്നും
ചില ഉത്തമ ഗ്രന്ഥങ്ങൾ




കഷ്ടതകളില്ലാത്ത ജീവിതമല്ല ജയജീവിതം,
മറിച്ച് കഷ്ടങ്ങളെ ജയിക്കുന്ന ജീവിതമായിരിക്കും!
ജനിച്ചിട്ടൊരിക്കലും ബുദ്ധിമുട്ടറിഞ്ഞിട്ടില്ലാത്ത
ഒരുവന്റെ മുഖത്തെ പ്രസന്നതയെക്കാൾ എത്രയോ
മടങ്ങായിരിക്കും പ്രതിസന്ധികളെ അതിജീവിച്ച്
വിജയിച്ചുവരുന്നവന്റെ മുഖത്തെ തേജസ്സ്.
ലോകത്തിൽ നിങ്ങൾക്ക് കഷ്ടമുണ്ടെങ്കിലും
ധൈര്യപ്പെടുവിൻ എന്ന് കഷ്ടങ്ങളെ ജയിച്ച
കർത്താവ് നമ്മോടാവശ്യപ്പെടുന്നു.
ഒരു ജയജീവിതത്തിനായി നമ്മെ ഒരുക്കുവാൻ
ദൈവവചനത്തിലെ പഠിപ്പിക്കലുകൾ
ദൈവാശ്രയത്തോടും തികഞ്ഞ
വൈദഗ്ദ്യത്തോടും വസ്തുനിഷ്ഠമായി
രേഖപ്പെടുത്തിയിരിക്കുന്ന
ഒരു ഉത്തമ പഠനഗ്രന്ഥമാണ്
കഷ്ടതകളെ ജയിക്കുന്ന സന്തോഷം

‘പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥനാൽ നടത്തപ്പെടുന്ന കെട്ടുപണിയിൽ നമ്മെയും ഉൾപ്പെടുത്തിയത് നാം കുറവുതീർന്ന കല്ലുകളായതുകൊണ്ടല്ല മറിച്ച് നമ്മെ രൂപാന്തരപ്പെടുത്തി കുറവുകൾതീർത്തു പണിയുകയാണ്. ആ പ്രക്രിയയിൽ നമ്മുടെ വിധേയത്വം പ്രധാനമാണ്. ജഡപ്രകാരമുള്ള നമ്മുടെ നിലവാരം പരിശോധിച്ചാൽ എത്രമാത്രം മിനുക്കുപണികൾ ചെയ്താലാണ് നാം ആത്മസ്വഭാവമുള്ള കല്ലുകളായി മന്ദിരത്തിനു യോഗ്യരായി രൂപപ്പെടുന്നത്. ഏതു വീടും അതിൽ വസിപ്പാനുള്ള വ്യക്തിയുടെ നിലയും മാന്യതയുമനുസരിച്ചാണ് നിർമ്മിക്കുന്നത്. എങ്കിൽ ദൈവത്തിന്റെ നിവാസമാകേണ്ടതിനു പണിയപ്പെടുന്ന ഈ വിശുദ്ധമന്ദിരത്തിന്റെ നിലവാരം എത്രത്തോളമായിരിക്കണം?’...

ഉഷസ്സുതോറും ധ്യാനിച്ച് പുതുക്കം
പ്രാപിക്കാനുള്ള പ്രതിദിന വചന ചിന്തകൾ

‘പാതയ്ക്കു പ്രകാശം’



Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019

Mob: 9495435336, 8547916678
www.nerveedhi.com

Edited by P.V Varghese, Printed and Published by M.T James on behalf of the Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.